# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജനുവരി 2025 | വാല്യം 51 ലക്കം 10 | പേജ് 12 | വില 10.00 രൂപ

**UNITY** Monthly | January 2025 | Volume 51 Issue 10 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


### വൈദ്യുതി ബോർഡിന്റെ തകർച്ചയ്ക്കും ചാർജ്ജ് വർദ്ധനവിനും ഇടയാക്കുന്ന നിലപാട് തിരുത്തുക

## മണിയാർ ജലവൈദ്യുതി പദ്ധതി സർക്കാർ ഏറ്റെടുക്കുക

**പ**ത്തനംതിട്ട ജില്ലയിൽ സ്ഥിതി ചെയ്യുന്ന കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ അധീനതയിലുള്ള മണിയാർ ജലവൈദ്യുതി പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ട് 30 വർഷം പിന്നിട്ടിരിക്കയാണ്. 12 മെഗാവാട്ട് ഉൽപാദനശേഷിയാണ് മണിയാർ പവ്വർ ഹൗസിനുള്ളത്. ഒരു യൂണിറ്റിന്റെ ഉൽപാദനച്ചെലവ് കേവലം 50 പൈസയിൽ താഴെ മാത്രമാണ്. കഴിഞ്ഞ 30 വർഷമായി 6 രൂപ 96 പൈസ പ്രകാരം കെഎസ്ഇബി കാർബൊറാണ്ടത്തിൽനിന്നും വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കയാണ്. കരാർ പ്രകാരം കാർബൊറാണ്ടത്തിന്റെ എറണാകുളത്തെ ഫാക്ടറികൾക്ക് ആവശ്യമായ വൈദ്യുതി കെഎസ്ഇബി യിൽ നിന്നും വാങ്ങുവാൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കരാർ ലംഘനം നടത്തിക്കൊണ്ട് കാർബൊറാണ്ടം, കെ എസ്ഇബിയിൽനിന്നും വൈദ്യുതി വാങ്ങാതെ പുറത്തുനിന്നും വാങ്ങുകയാണ് ഉണ്ടായത്.

കരാർ കാലാവധി കഴിഞ്ഞതിനാൽ പദ്ധതി ഏറ്റെടുത്ത് കെഎസ്ഇബിക്ക് നൽകുകയാണ് സർക്കാർ ചെയ്യേണ്ടത്. എന്നാൽ, അതിനുപകരം, കാലാവധി 25 വർഷത്തേക്കുകൂടി നീട്ടിക്കൊണ്ട് പദ്ധതി കാർബൊറാണ്ടത്തിനുതന്നെ നൽകുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ഏറ്റെടുക്കണമെന്നുള്ള വൈദ്യുതി മന്ത്രിയുടെ അഭിപ്രായത്തെ തള്ളിക്കൊണ്ട് മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ചേർന്നാണ് കരാർ നീട്ടി നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഏറ്റെടുക്കൽ നടപടി, കേരളത്തിൽ മൂലധനനിക്ഷേപം നടത്തുന്ന മുതലാളിമാർക്ക് തെറ്റായ സന്ദേശം നൽകുമെന്നും സർക്കാരിന്റെ വ്യവസായ നയ(ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്)ത്തിന് എതിരാകുമെന്നുമാണ് ഔദ്യോഗിക വിശദീകരണം.

മണിയാർ പദ്ധതിയിൽ നിന്നും 350 കോടിയിലേറെ രൂപയാണ് കാർബൊറാണ്ടം ലാഭമുണ്ടാക്കിയിട്ടുള്ളത്. കരാർ കാലാവധി നീട്ടി നൽകുന്നതിനായി പുതിയതായി 7 കമ്പനികൾ കേരളത്തിൽ തുടങ്ങുമെന്ന ഓഫർ അവർ മുന്നോട്ടുവച്ചിട്ടുണ്ട്. തുടങ്ങുമെന്നു പ്രഖ്യാപിച്ചിട്ടുള്ള കമ്പനികളിൽ പലതും പേരിനു മാത്രമുള്ളതാണ്. കാലാവധി നീട്ടി കൊള്ളലാഭമുണ്ടാക്കാനുള്ള തന്ത്രം മാത്രമാണ് ഈ വാഗ്ദാനങ്ങൾ. എസ്എൻസി ലാവ്‌ലിൻ കെഎസ്ഇബിയുമായി ഉണ്ടാക്കിയ കരാറിൽ തലശ്ശേരി കാൻസർ സെന്ററിന് 100 കോടി വാഗ്ദാനം ചെയ്ത് കബളിപ്പിച്ചത് മറക്കാറായിട്ടില്ല. അതുപോലെ കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിദേശ കമ്പനിയുമായി ഉണ്ടാക്കിയ കരാർ കാറ്റിൽ പറത്തിയിട്ടും അധികനാൾ ആയിട്ടില്ല. 90,000 പേർക്ക് തൊഴിൽ നൽകുമെന്നായിരുന്നു കരാറിലെ പ്രധാന വ്യവസ്ഥ. അതിൻ പ്രകാരം സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ ഒരുക്കിക്കൊടുത്തു. എല്ലാത്തരം നികുതിയും ഒഴിവാക്കിക്കൊടുത്തു. എന്നാൽ, കരാറും വാഗ്ദാനങ്ങളും കാറ്റിൽ പറത്തി പിൻവാങ്ങിയ വിദേശകമ്പനിക്ക് നഷ്ടപരിഹാരം നൽകുവാൻ ഒരുങ്ങുകയാണ് ഇപ്പോൾ പിണറായി സർക്കാർ.

നിലവിലുണ്ടായിരുന്ന കരാർ ലംഘിച്ച് പ്രവർത്തിക്കുകകൂടി ചെയ്ത കാർബൊറാണ്ടത്തിന്റെ വാഗ്ദാനത്തിന് യാതൊരു വിശ്വാസ്യതയുമില്ല. വൈദ്യുതി പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന്റെ താൽപര്യത്തിന് എതിരായ നിലപാടാണ് സംസ്ഥാന സർക്കാർ ഇതിൽ കൈക്കൊണ്ടിട്ടുള്ളത്. കേന്ദ്രം ഭരിക്കുന്ന മോദി സർക്കാരിന്റെ സ്വകാര്യവത്ക്കരണ നയം തന്നെയാണ് കേരളം ഭരിക്കുന്ന പിണറായി സർക്കാരും പിന്തുടരുന്നത്. വ്യവസായസൗഹൃദ നയത്തിന്റെ പേരിൽ പൊതുസ്വത്തും പ്രകൃതി വിഭവങ്ങളുമെല്ലാം കുത്തക മുതലാളിമാർക്ക് അടിയറ വയ്ക്കുകയാണ് സർക്കാർ. ഇപ്പോൾ അനുവാദം നൽകിയിട്ടുള്ള പത്തോളം സ്വകാര്യ ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിലും ഇതേ നയം ആവർത്തിക്കപ്പെടും. ഭീമമായ വൈദ്യുതി ചാർജ്ജ് വർദ്ധനവിനും വൈദ്യുതി ബോർഡിന്റെ തകർച്ചയ്ക്കും കാരണമാകുന്ന നയത്തിനെതിരെ ഉയരുന്ന പ്രതിഷേധം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിശക്തമായ തൊഴിലാളി–ബഹുജന മുന്നേറ്റത്തിലൂടെ സർക്കാരിന്റെ ഈ ഹീനനീക്കത്തെ പരാജയപ്പെടുത്തേണ്ടതുണ്ട്. ■

### എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ ആശാവർക്കർമാരുടെ സമരത്തിന് ഐതിഹാസിക വിജയം



കർണാടകയിൽ ആശാ വർക്കർമാരുടെ അനിശ്ചിതകാല സമരത്തിന് ഐതിഹാസിക വിജയം. കേന്ദ്ര ട്രേഡ്‌യൂണിയനായ എഐയുറ്റിയുസിയിലും സ്കീം വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കർണാടകയിലെ ആശാ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ നടന്ന അനിശ്ചിതകാല സമരമാണ് വിജയംവരിച്ചത്. സമരത്തെ തുടർന്ന് പ്രതിമാസ ഓണറേറിയം 10,000 രൂപയായി ഉയർത്തി. അധിക ജോലികൾക്കുള്ള ഇൻസെന്റീവ്, ആശാ പ്രവർത്തകർക്ക് ഗുരുതരമായ അസുഖമുള്ള സാഹചര്യത്തിൽ മൂന്നു മാസത്തെ ശമ്പളത്തോടുകൂടിയ അവധി എന്നിവയും വേഗത്തിൽ നടപ്പിലാക്കുമെന്ന് സർക്കാർ ഉറപ്പുനൽകി. കൂടാതെ, വേതന വർദ്ധനവ് എത്രത്തോളം സുഗമമാക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ മാർച്ചിൽ വരാനിരിക്കുന്ന ബജറ്റിന്റെ പശ്ചാത്തലത്തിൽ യൂണിയനെ ക്ഷണിച്ച് നടത്താമെന്നും ഉറപ്പുനൽകി.

## സിപിഐ(എം)ന്റെ ആന്തരിക അപചയം സാമൂഹ്യ അന്തരീക്ഷത്തെ പടുകുഴിയിലേക്ക് തള്ളുന്നു

**സം**സ്ഥാനത്തിന്റെ സാമൂഹ്യ–രാഷ്ട്രീയമണ്ഡലത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഭീതിജനകമായ ചില പ്രവണതകൾ എല്ലാ നല്ല മനുഷ്യരെയും ആശങ്കയിലാഴ്ത്തുന്നു. പുരോഗമനാശയങ്ങളും മതേതരജീവിതശൈലിയും വമ്പിച്ച സ്വാധീനം നേടിയിരുന്ന കേരളീയ സമൂഹം ഇന്നെവിടെ? ജനാധിപത്യമൂല്യങ്ങളുടെ ശോഷണമാണ് ഏറ്റവും വേദനാകരമായിട്ടുള്ളത്. അന്യമതവിദ്വേഷവും മതാന്ധതയും വർഗ്ഗീയതയും വിദ്യാസമ്പന്നർക്കിടയിൽപ്പോലും ദ്രംഷ്ടകൾ ആഴ്ത്തുന്നു. ന്യൂനപക്ഷവിരുദ്ധത സ്വഭാവികമായ ചിന്താഗതിയായി പലരും കൊണ്ടുനടക്കുന്നു. സംഘടിതപ്രവർത്തനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ട് സാമൂഹ്യവിമുഖരായി ജനങ്ങൾ മാറുന്നു. അപരനെ തീരെ ഗണിക്കാത്ത ഏറ്റവും വഷളായ സ്വാർത്ഥബോധത്തിന്റെ ആൾരൂപങ്ങളായി വ്യക്തികൾ മാറിയിരിക്കുന്നു.

**ഉ**ൾക്കിടിലമുണ്ടാക്കുന്ന ഈ മാനത്തിലുള്ള അപചയത്തിന്റെ കാരണമെന്താണ്? ചരിത്രപരമായി കാലഹരണപ്പെട്ട മുതലാളിത്തവ്യവസ്ഥയുടെ ഏറ്റവും അധമമായ സംസ്കാരത്തിന്റെ സ്വാധീനമാണ് ഈ തകർച്ചയുടെ മുഖ്യ കാരണമെന്ന് നമുക്കേവർക്കും അറിയാം. എന്നാൽ അതിനെതിരായ സബോധമായ പ്രതിരോധവും ഉയർന്ന ജനാധിപത്യ, സാംസ്കാരിക, ധാർമ്മിക, നൈതിക മൂല്യങ്ങൾക്കുവേണ്ടിയുള്ള സർഗ്ഗാത്മകമായ പ്രവർത്തനങ്ങളും ഈ വ്യവസ്ഥക്കുള്ളിൽത്തന്നെ പ്രതീക്ഷാനിർഭരമായ പ്രതിപ്രവാഹം സൃഷ്ടിക്കുമെന്നും നമുക്ക് ബോധ്യമുണ്ട്. അത്തരമൊന്ന് സൃഷ്ടിക്കപ്പെടുന്നില്ല എന്നതാണ് നാമിന്ന് അഭിമുഖീകരിക്കുന്ന വമ്പിച്ച സാമൂഹ്യത്തകർച്ചയുടെ ഉടനടിയുള്ള കാരണം. സമൂഹത്തെ ആകമാനം കഴുകിവെടിപ്പാക്കാനുള്ള സർവ്വതലസ്പർശിയായ ജനാധിപത്യമുന്നേറ്റത്തിനും പ്രബുദ്ധതയുടെ ഉണർവ്വിനും ചരിത്രപരമായി ഭരമേൽപ്പിക്കപ്പെട്ട ഇടതുപ്രസ്ഥാനങ്ങൾ അത് നിറവേറ്റുന്നില്ലെന്ന് മാത്രമല്ല, ഈ അപചയത്തിന് ആക്കംകൂട്ടുന്ന നടപടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. കേരളത്തിന്റെ സാമൂഹ്യത്തകർച്ചയുടെ പ്രധാന കാരണവും ഇക്കൂട്ടരുടെ ചെയ്തികൾതന്നെ.

ഏഴുമാസം മുമ്പ് കേരളം സാക്ഷ്യം വഹിച്ച ഒരു സംഭവത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് തുടങ്ങേണ്ടിയിരിക്കുന്നു. അവശജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുന്ന ഇടതു സഹയാത്രികനായ ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രോപ്പൊലീത്ത, ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഫലം വന്നുകഴിഞ്ഞപ്പോൾ ഇടതുമുന്നണിയുടെ വഴിപിഴച്ച പോക്കിനെ വിമർശിച്ചുകൊണ്ട് ഒരു പ്രസ്താവന നടത്തുകയുണ്ടായി. ഇടതോട്ടുള്ള

(ശേഷം 2–ാം പേജിൽ)


പേജ് 5 — സൈദ്ധാന്തിക പാഠങ്ങൾ: ലെനിനിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ

പേജ് 6 — കുമാരനാശാൻ ചരമശതാബ്ദി: നവോത്ഥാന കർത്തവ്യങ്ങൾ ഏറ്റെടുത്ത് നവോത്ഥാന സന്ദേശ യാത്ര

പേജ് 10 — കാർഷിക കരിനിയമങ്ങൾ പിൻവാതിലിലൂടെ പുനഃസ്ഥാപിക്കാനുള്ള നീക്കം

# മൂലധനത്തോടും അധികാരത്തോടും സമരസപ്പെടുത്തി അണികളെ വലതുപക്ഷ ജീർണ്ണതയുടെ ഇരകളാക്കി

**സിപിഐ(എം) അപചയം**

(1–ാം പേജിൽ നിന്ന്)

ഇൻഡിക്കേറ്റർലൈറ്റ്പ്രകാശിപ്പിച്ചുകൊണ്ട് വണ്ടി വലത്തോട്ട് തിരിഞ്ഞാൽ വലിയ അപകടം ഉണ്ടാകുമെന്നതായിരുന്നു ആ വൈദികന്റെ വിമർശനം. അതിനോട് പ്രതികരിച്ചുകൊണ്ട് കേരളം ഭരിക്കുന്ന മുഖ്യമന്ത്രി 'വൈദികർക്കിടയിലും വിവരം കെട്ടവരുണ്ടെന്ന്' പ്രസ്താവിക്കുകയുണ്ടായി. എൽഡിഎഫ് സർക്കാരും മുഖ്യമന്ത്രിയും അനുവർത്തിക്കുന്ന ഏകാധിപത്യത്തിന്റെയും ധിക്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ ഒരു പ്രതികരണമാണിത്. പല എതിർപ്പുകളെയും നേരിട്ടുകൊണ്ട് മർദ്ദിതരുടെകൂടെ ഉറച്ചുനിൽക്കുന്ന, ഇടതുരാഷ്ട്രീയത്തോട് ആഭിമുഖ്യം കാട്ടി നിലകൊള്ളുന്ന ഒരു വൈദികനാണ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. രാഷ്ട്രീയ നിലപാടുകളിൽ വ്യക്തിതാൽപ്പര്യത്തിന്റെ ഒരു കണികപോലും ചേർക്കാത്ത പൗരനാണദ്ദേഹം. അത്തരമൊരു ഒരു വ്യക്തിയുടെ വിമർശനത്തെപ്പോലും സഹിഷ്ണുതയോടെ കാണാൻ എന്തുകൊണ്ട് കഴിയുന്നില്ല? ലളിതമായ മറുപടികൊണ്ട് ന്യായീകരിക്കാവുന്ന ഒരു ലഘുപ്രശ്നമല്ലിത്. ഒട്ടനവധി ഗുരുതരമായ പ്രശ്നങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. ഒന്നാമതായി വിമർനവിധേയമായ വിഷയത്തെക്കുറിച്ച് പ്രതികരിക്കാതെ വിമർശകനെ വിവരദോഷിയെന്ന് ആക്ഷേപിക്കുകയാണ് ചെയ്തിരിക്കുന്നത്. എല്ലാക്കാലത്തും ഏകാധിപതികൾ വിമർശകരോട് സ്വീകരിക്കുന്ന സമീപനമാണിത്. വിമർശകനെ ആക്രമിച്ചും അധിക്ഷേപിച്ചും വിമർശനവിധേയമായ വിഷയത്തിൽനിന്നും ഒളിച്ചോടുക എന്നതാണത്. 'എനിക്കുനേരെയുള്ള വ്യക്തിപരമായ പരാമർശത്തോട് ഞാൻ പ്രതികരിക്കില്ല' എന്ന വ്യക്തമാക്കിയ വൈദികന്റെ ജനാധിപത്യബോധത്തിന്റെ സമീപത്തുപോലും വരാനാകാത്ത ഇടതുമുഖ്യമന്ത്രി ജനങ്ങൾക്ക് നൽകുന്ന സന്ദേശമെന്താണ്? വിദ്യാഭ്യാസമെന്താണ്? നിരുപദ്രവകരമായ ഒരു പ്രതികരണമല്ലല്ലോ ഇത്. വളരെ ഉയർന്ന ഒരു പദവിയിലിരിക്കുന്ന ഒരാൾ നടത്തുന്ന പ്രസ്താവനയോ പ്രതികരണമോ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതായിരിക്കും. താൻ നടത്തുന്ന ഒരു ചെറുപ്രതികരണംപോലും അറിയാതെങ്കിലും തെറ്റായ സന്ദേശം നൽകാനിടവരുത്തരുതെന്ന ജാഗ്രതയും അവധാനതയും ഉത്തരവാദിത്തബോധവും എന്തുകൊണ്ട് മുഖ്യമന്ത്രി പ്രദർശിപ്പിക്കുന്നില്ല. അപരന്റെ അഭിപ്രായങ്ങളിലും ശരിയുണ്ടാകാമെന്ന മുൻകൂർ ബോധ്യം ജനാധിപത്യബോധത്തിന്റെ പ്രാഥമിക പാഠമാണെന്ന് ഈ നേതാക്കൾ മനസ്സിലാക്കാത്തതെന്ത്?

ഒറ്റപ്പെട്ട ഒരു ഉദാഹരണമല്ലിത്. സിപിഐ, സിപിഐ(എം) പാർട്ടികൾ അനുവർത്തിക്കുന്ന, കേരളത്തിന്റെ ജനാധിപത്യഘടനയെ തകർക്കുന്ന ഒരു പ്രക്രിയ വ്യക്തമാക്കാനിടയാക്കുന്ന ഒരുദാഹരണം മാത്രം. നവകേരള സദസ്സിന്റെ വേളയിൽ ഒരു കറുത്ത തുണിക്കഷ്ണവുമേന്തി പ്രതിഷേധിച്ച ഏതാനും യൂത്ത് കോൺഗ്രസ്സുകാരുടെ തല തല്ലിപ്പൊളിച്ചതിനുശേഷം അതിനെ ജീവൻ രക്ഷാപ്രവർത്തനമെന്ന വിശേഷിക്കുന്നതും ഒരു മനുഷ്യനെ ജീവനൊടുക്കാൻ പ്രേരിപ്പിക്കുംവിധം അയാളുടെ ആത്മാഭിമാനത്തെ ചവിട്ടിമെതിച്ചുകൊണ്ട് പ്രസംഗിക്കുന്ന പി.പി.ദിവ്യമാരുണ്ടാകുന്നതും മാധ്യമങ്ങളെ പട്ടികളെന്നു വിശേഷിപ്പിച്ച് ആക്രോശിക്കുന്നതുമെല്ലാം വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങൾ ജനാധിപത്യആശയങ്ങളോടും തത്വങ്ങളോടും പൂർണ്ണമായും വിടപറഞ്ഞിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന ഒട്ടനവധി സന്ദർഭങ്ങളിൽ ചിലതുമാത്രം. എത്രവേണമെങ്കിലും ഉദാഹരണങ്ങൾ ഈ ജനുസ്സിൽപെടുന്നവ ചൂണ്ടിക്കാണിക്കാൻ കഴിയും. അവ സമൂഹത്തിന്റെ മനോഘടനയിൽ മാരകമായ ഫലങ്ങളാണ് സൃഷ്ടിക്കുന്നത്. ആരോഗ്യകരമായ ചർച്ചകളും സംവാദങ്ങളും അസ്തമിച്ചും ജനാധിപത്യഅന്തരീക്ഷം തകർന്നും കാണാനാഗ്രഹിക്കുന്ന ഫാസിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് ഏറ്റവും അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനിത് സഹായിക്കുകയും ചെയ്യുന്നു.

'എന്നോട് വിയോജിക്കാനുള്ള നിങ്ങളുടെ അവകാശത്തിനുവേണ്ടി ഞാൻ

> **തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തോടുള്ള നിസ്വാർത്ഥമായ സമീപനമോ ആദർശാത്മകമായ ജീവിതത്തോടുള്ള ആകർഷണമോ ഒന്നും ഇവരിലാരെയും നയിക്കുന്നില്ല. ബഹുജനങ്ങളോടുള്ള ഇടപഴകലിലോ പ്രസംഗങ്ങളിലോ പ്രതികരണങ്ങളിലോ എവിടെയെങ്കിലും മാർക്സിസ്റ്റ് ദർശനത്തിന്റെ വിദൂരസ്വാധീനംപോലും കാണാൻ കഴിയുന്നില്ല. അഹന്തയും മുഷ്കും അധികാരപ്രമത്തതയും മാത്രമാണ് അവരുടെ സ്വഭാവത്തെ ആകമാനം നിർണ്ണയിക്കുന്നത്.**

പൊരുതി മരിക്കാൻ തയ്യാറാണെന്ന' വോൾട്ടയറുടെ പ്രഖ്യാപനമാണ് ജനാധിപത്യത്തിന്റെ മൂലക്കല്ല്. 'നിങ്ങളുടെ വിമർശനം എനിക്ക് പ്രിയപ്പെട്ടതെങ്കിൽ നിങ്ങൾക്ക് അവതരിപ്പിക്കാം. അല്ലെങ്കിൽ അത് അനുവദിക്കില്ല'. പത്രമാധ്യമങ്ങളോട് വെള്ളപൂതപ്പിച്ച് കിടത്തുമെന്ന് ഭീഷണിപ്പെടുത്തുന്നതിന്റെ സാരാംശം അതാണ്. ഫാസിസ്റ്റ് ബിജെപി വടക്കേ ഇന്ത്യയിൽ കാട്ടുന്നത് അതുതന്നെയാണ്. ഇടതുപ്രസ്ഥാനങ്ങളുടെ ജനാധിപത്യ വിരുദ്ധതയെ മാതൃകയാക്കിക്കൊണ്ട് കെ.സുരേന്ദ്രൻ മാധ്യമങ്ങൾക്കുനേരെ ആക്രോശിക്കുന്നത് നാം കഴിഞ്ഞ മാസം കണ്ടു. 'പ്രസ്ഥാനത്തെ അപമാനിക്കുന്ന ഒരു പത്രപ്രവർത്തകനെയും ഞങ്ങൾ വെറുതെ വിടില്ല. ഞങ്ങളെ അപകീർത്തിപ്പെടുത്തുകയോ തെറ്റായ വാർത്ത നൽകുകയോ ചെയ്താൽ അർഹമായ നിലയിൽ കൈകാര്യം ചെയ്യും' കേരളത്തിന്റെ ജനാധിപത്യഘടനയുടെ പ്രയാണം എവിടേക്ക് എന്നതിന്റെ കൃത്യമായ ഉത്തരമാണിത്. ഈ വിധത്തിൽ ഫാസിസ്റ്റുകൾക്ക് ആക്രോശിക്കാൻ കേരളം പോലൊരു മണ്ണിൽ സാഹചര്യമൊരുക്കിയത് വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങൾ തന്നെയാണ്.

## നിന്ദ്യമായ അവസരവാദ രാഷ്ട്രീയം ജനാധിപത്യമൂല്യങ്ങളെയും തത്വങ്ങളെയും കുരുതി കഴിച്ചു

സിപിഐ(എം) പുലർത്തുന്ന അവസരവാദരാഷ്ട്രീയം അതിന്റെ പരമകോടിയിലാണ്. പാർലമെന്ററി അധികാരത്തിനായി ഏതൊരാളുമായും ചങ്ങാത്തം കൂടും. അതിനെ നിന്ദ്യമായ നിലയിൽ ന്യായീകരിക്കും. തത്വമോ ആദർശമോ കണികപോലും തീണ്ടിയിട്ടില്ലാത്ത വ്യക്തികളുടെ കൂറുമാറ്റം സിപിഐ(എം)ലേക്കാണെങ്കിൽ അവരെ പരവതാനി വിരിച്ച് സ്വീകരിക്കും. നാലുവോട്ട് കിട്ടാനിടയുണ്ടെങ്കിൽ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ എത്ര അഴുകിയ മുഖത്തെയും ആനയിക്കാനും ഇടതുരാഷ്ട്രീയത്തിന്റെ പ്രതിനിധിയായി ചിത്രീകരിക്കാനും ഒരു മടിയുമില്ല. കോഴ മാണി രാജി വയ്ക്കുക എന്ന മുദ്രാവാക്യമുയർത്തി നിയമസഭയെ നാലാംകിട ആഭാസത്തരങ്ങൾക്ക് വേദിയാക്കിയവർ,കളക്ടേറ്റുകൾവളഞ്ഞവർ,ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അതേ മാണിയുടെ പാർട്ടിയെ ആലിംഗനം ചെയ്യുന്നത് നാം കണ്ടു. നാണംകെട്ട നിലയിൽ അതിനെ ന്യായീകരിക്കാൻ സിദ്ധാന്തങ്ങൾ പടയ്ക്കുന്നതും. വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചുവെന്നതിന്റെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്ന പി.വി.ശ്രീനിജൻ കുന്നത്തുനാട് സ്ഥാനാർത്ഥിയും എംഎൽഎയും ആകുന്ന മനപിരട്ടലുണ്ടാക്കുന്ന കാഴ്ചക്കും നാം സാക്ഷ്യം വഹിച്ചു. ആഫ്രിക്കയിൽ സ്വർണ്ണം ഖനനം ചെയ്യാൻ പോയ പി.വി.അൻവറിനെ വിമാനത്താവളത്തിൽ സ്വീകരിക്കാൻ കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പ് കാലത്ത് ചെങ്കൊടിയും കൊടുത്തുവിട്ട് അണികളെ പറഞ്ഞയച്ച നേതാക്കന്മാർക്ക് ഇപ്പോൾ അൻവർ പരമപോക്രിയായി. വളരെ ഉയർന്ന ജോലി ഉപേക്ഷിച്ച് രാഷ്ട്രീയത്തിൽ വന്നത് എംഎൽഎ യാകാനും മന്ത്രിയാകാനുമാണെന്ന് ഒരു ഉളുപ്പുമില്ലാതെ പറഞ്ഞ് കാലുമാറിയ ഒരാൾ കഴിഞ്ഞ പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയാകുന്നതും നാം കണ്ടു. സന്ദീപ് വാര്യർ ഇടതുചേരിയിലേക്കു വന്നാൽ അത് മതേതരത്വത്തെ ശക്തിപ്പെടുത്തുമെന്നു പറഞ്ഞ് വാതിലും തുറന്ന് കാത്തിരുന്നിട്ടും പ്രസ്തുത മാന്യദേഹം കോൺഗ്രസ്സ് പാളയത്തിലേക്കുപോയി. ഇരുണ്ടുവെളുത്തപ്പോൾ അദ്ദേഹം വർഗ്ഗീയകാളിയനായി! മുന്നണി മാറാൻ കേരളത്തിൽ മുസ്ലീം ലീഗ് തീരുമാനിച്ചാൽ, ഇപ്പോൾ ലീഗിനും അതിന്റെ നേതൃത്വത്തിനുമെതിരെ സിപിഐ(എം) നടത്തുന്ന പ്രചരണമെല്ലാം തൊണ്ടതൊടാതെ വിഴുങ്ങുമെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? എല്ലാ പരിധിയുംവിട്ട അവസരവാദ രാഷ്ട്രീയം ഈ പ്രസ്ഥാനങ്ങളിലും കേരളീയ സമൂഹത്തിലും സൃഷ്ടിക്കുന്ന സാംസ്കാരികമായ അപചയം അളക്കാനാവില്ല. പൊതുജീവിതത്തിൽ ജനാധിപത്യആദർശത്തിന്റെ മൂല്യങ്ങൾക്ക് ഒരു വിലയുമില്ലെന്ന് ഇക്കൂട്ടരുടെ ചെയ്തികൾ സ്ഥാപിക്കുകയാണ്. സദാചാരരഹിതമായ രാഷ്ട്രീയം കോൺഗ്രസ്സ് പോലുള്ള വലതുപ്രസ്ഥാനങ്ങൾ അനുവർത്തിക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ആഘാതത്തേക്കാൾ എത്രയോ ഭീമമായ മാനത്തിലാണ് ഇടതെന്ന പേരുവഹിക്കുന്ന ഇക്കൂട്ടരുടെ ചെയ്തികൾ വളർത്തുന്നത്.

പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി അതിനിന്ദ്യമായ നിലയിൽ ജാതി–മത–സാമുദായിക വികാരങ്ങളെ ഉപയോഗിക്കുന്നതിൽ സിപിഐ(എം) നേതൃത്വത്തിന് ഒരു മനസ്സാക്ഷിക്കുത്തുമില്ലാതായിരിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഈ നീക്കങ്ങളിൽ നിന്നും ആത്യന്തികമായി ഫാസിസ്റ്റ് ശക്തികളായിരിക്കും നേട്ടമുണ്ടാക്കുക എന്നതുപോലും ഇക്കൂട്ടർ വിസ്മരിക്കുകയാണ്. ഇടതുശക്തികളെന്നു പേരുവഹിക്കുന്നവരാണ് ഇതു ചെയ്യുന്നത് എന്നതിനാൽ വർഗ്ഗീയ സമീപനം പുലർത്തുക എന്നത് ഒരപരാധമേയല്ല എന്ന ആപൽക്കരമായ ലാഘവചിന്ത കേരളീയ സമൂഹത്തിൽ വേരുറപ്പിക്കാനിടവരുത്തിയിരിക്കുന്നു.

## മുതലാളിത്ത അധികാരഘടനയുടെ അവിഭാജ്യഭാഗമായി മാറിയ ഇടത് നാമധാരികൾ വലതുജീർണ്ണതയെ ശക്തിപ്പെടുത്തുന്നു

ബിജെപി യുടെ നേതൃത്വത്തിൽ ആവിഷ്കരിക്കപ്പെടുന്ന ഫാസിസ്റ്റ് നയങ്ങൾക്കും നടപടികൾക്കുമെതിരെ സുഘടിതമായ ഒരു പ്രതിരോധത്തിനായി രാജ്യം കേഴുകയാണ്. ഓരോ നിമിഷവും രാജ്യത്തിന്റെ ജനാധിപത്യമനസ്സാക്ഷി ഓരോ പൗരനോടും അത് ആവശ്യപ്പെടുകയാണ്. നയങ്ങൾക്കിരയാകുന്ന ചില വിഭാഗങ്ങളും അപൂർവ്വം ചില രാഷ്ട്രീയശക്തികളും ഉയർത്തുന്ന ഒറ്റപ്പെട്ട പ്രതിഷേധങ്ങളല്ലാതെ ജനാധിപത്യശക്തികളെയാകെ കോർത്തിണക്കിക്കൊണ്ടുള്ള രാജ്യവ്യാപകമായ ഒരു ജനകീയമുന്നേറ്റം നാം കാണുന്നില്ല. വിജയം നേടിയേ അവസാനിപ്പിക്കൂ എന്ന് ദൃഢനിശ്ചയം ചെയ്ത ഒരു ചെറുത്തുനിൽപ്പ് വളർന്നുവരാത്തതെന്തുകൊണ്ടാണ്? ഉടനടിയുള്ള പാർലിമെന്ററി നേട്ടത്തെ തീർത്തും ഗണിക്കാതെ, ഇച്ഛാശക്തിയുള്ള ഒരു പ്രക്ഷോഭം ചിട്ടയായി പടുത്തുയർത്തപ്പെടാത്തതെന്തുകൊണ്ടാണ്? വലതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ വിട്ടുവീഴ്ചയില്ലാത്ത കർഷക ചെറുത്തുനിൽപ്പിന്റെ ധീരമായ മാതൃക കാട്ടുമ്പോൾ, ഇടതുപാരമ്പര്യത്തിന്റെ പേരിൽ മേനിനടിക്കുന്ന കേരളത്തെ ആസൂത്രിതമായി സൃഷ്ടിക്കപ്പെട്ട മൗനം പൊതിഞ്ഞിരിക്കുന്നതെന്തുകൊണ്ടാണ്? നിശ്ശബ്ദമായിരിക്കുന്നുവെന്നു മാത്രമല്ല, പേടിപ്പെടുത്തുംവിധം ഒരു തിരിച്ചുപോക്ക് കേരളത്തിൽ നാം കാണേണ്ടിവന്നതെന്തുകൊണ്ടാണ്?

ഈ ചോദ്യത്തിനുത്തരം തേടുമ്പോഴാണ് സിപിഐ(എം), സിപിഐ തുടങ്ങിയ വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങളുടെ ഭീതിദമായ അപചയം രാജ്യത്തിന്റെ ഗൗരവതരമായ ഒരു രാഷ്ട്രീയപ്രശ്നമായി നമ്മുടെ മുമ്പിൽ വരുന്നത്. രാജ്യത്ത് നിലനിൽക്കുന്ന മുതലാളിത്ത ഉൽപ്പാദനവ്യവസ്ഥയുടെ, അതായത്, എസ്റ്റാബ്ളിഷ്മെന്റിന്റെ അവിഭാജ്യഭാഗമായി ഇടതെന്ന പേരു വഹിക്കുന്ന ഈ പ്രസ്ഥാനങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണ് ഈ അപചയത്തിന്റെ മർമ്മം. ജനങ്ങൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന ജീവിതപ്രശ്നങ്ങൾ ഈ വ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ട് പരിഹരിക്കുക സാധ്യമല്ല എന്ന ഏറ്റവും സുപ്രധാനമായ ഇടതുവിശകലനം സമ്പൂർണ്ണമായി സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങൾ വെടിഞ്ഞുകഴിഞ്ഞു. തൊഴിലില്ലായ്മയും സാമ്പത്തികത്തകർച്ചയും പരിഹരിക്കാൻ എന്താണ് മാർഗ്ഗം? മൂലധനനിക്ഷേപം വർദ്ധിപ്പിക്കുക മാത്രമേ പോംവഴിയുള്ളൂ എന്നാണ് വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങളും ഖണ്ഡിതമായി പറയുന്നത്. മുതലാളിത്ത വ്യവസ്ഥയുടെ ആയുസ്സ് നീട്ടിയെടുക്കാൻ ഭരമേൽപ്പിക്കപ്പെട്ട വലതുപക്ഷ പ്രസ്ഥാനങ്ങൾ ശക്തിയായി മുന്നോട്ടുവയ്ക്കുന്ന സ്വകാര്യമൂലധനനി

(ശേഷം 3–ാം പേജിൽ)

# ഇടതുലേബലണിഞ്ഞ പാർട്ടികൾ അനുവർത്തിക്കുന്ന അവസരവാദം സംസ്ഥാനത്തിന്റെ ജനാധിപത്യ ഘടനയെ തകർക്കുന്നു

**സിപിഐ(എം) അപചയം**

*(2–ാം പേജിൽ നിന്ന്)*

ക്ഷേപത്തിന്റെയും വികസനത്തിന്റെയും ആശയങ്ങളും നയനടപടികളും അങ്ങിനെ അപ്പാടെ ആവർത്തിക്കുകയാണ് ഇടതുപ്രസ്ഥാനങ്ങളും. ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നതോടെ മുതലാളിത്തത്തിനെതിരെയും അതിന്റെ നയങ്ങൾക്കെതിരെയുമുള്ള പോരാട്ടത്തിന്റെ നിലപാട് അപ്രസക്തമാവാതെ തരമില്ലല്ലോ. മുതലാളിത്തത്തിന്റെ പാദങ്ങളിൽ ശരണംപ്രാപിച്ചുകൊണ്ട് വർഗ്ഗസഹകരണത്തിന്റെ മാർഗ്ഗത്തിൽ സ്വയം അധ:പതിക്കുക മാത്രമാണ് പിന്നീടുള്ള പരിണതി. നാണംകെട്ട നിലയിൽ മുതലാളിത്തനയത്തിന്റെ വക്താക്കളും പ്രചാരകരും പ്രയോക്താക്കളുമായി മാറുക എന്ന അനിവാര്യതയാണ് തുടർന്ന് ചരിത്രം തുറന്നുതരുന്ന വഴി. പതനത്തിന്റെ ഈ പടുകുഴിയിലേക്ക് പതിച്ചു എന്നതാണ് സിപിഐ, സിപിഐ(എം) പാർട്ടികൾ നേരിടുന്ന ദുരവസ്ഥ.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി നടപ്പാക്കുന്ന നിയോലിബറൽ നയങ്ങൾക്കെതിരെ ലോകമെമ്പാടുമുയർന്ന ജനകീയ പ്രതിഷേധങ്ങളെ സമർത്ഥമായി നേരിടുന്നതിനായി സാമ്രാജ്യത്വ ശക്തികൾ അവലംബിച്ച പങ്കാളിത്ത വികസന പദ്ധതിയെ സ്വന്തം ആശയമായി അവതരിപ്പിച്ച് വർഗ്ഗസഹകരണത്തിന്റെ ഏറ്റവും നെറിവുകെട്ട മുഖമാണ് സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ പ്രദർശിപ്പിക്കുന്നത്.

സ്വകാര്യമൂലധന നിക്ഷേപം തുറന്നുതരുന്ന വികസനത്തിന്റെ സാധ്യതകളെ സംബന്ധിച്ച് തെല്ലും സന്ദേഹമില്ലാത്തതിനാലാണ് പശ്ചിമ ബംഗാളിൽ നന്ദിഗ്രാമിലും സിംഗുരിലും സ്വകാര്യ മൂലധന ശക്തികൾക്കുവേണ്ടി സാധാരണജനങ്ങളെയും കർഷകരെയും വെടിവച്ച് കൊലപ്പെടുത്തിയും മൂലധനശക്തികൾക്ക് പാതയൊരുക്കാൻ ശ്രമിച്ചത്. വലിയ രാഷ്ട്രീയ തിരിച്ചടികൾക്ക് ഇടയാക്കിയിട്ടുപോലും തങ്ങൾ കൈക്കൊണ്ട വലതുനിലപാടിനെ തള്ളിപ്പറയാൻ അവർ തയ്യാറാകാത്തതിൽനിന്നും ഇക്കൂട്ടർ എത്രമേൽ വലതുപക്ഷ ആശയങ്ങളോട് ഐക്യപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാകുന്നു.

പുരോഗമനോന്മുഖമായ ഇടതുരാഷ്ട്രീയ നിലപാടിന്റെ സ്ഥാനത്ത് ഏറ്റവും വഷളായ വലതു പരിഷ്കരണ നിലപാട് സ്വീകരിച്ചതോടെയാണ് രാഷ്ട്രീയവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അങ്ങേയറ്റം വഷളായ അനുരഞ്ജനത്തിന്റെയും കീഴടങ്ങലിന്റെയും സംസ്കാരം ഞെട്ടലുളവാക്കും വിധം നാം കാണുന്നത്. അണികളെ ദുർഗന്ധം നിറഞ്ഞ ഈ വലതുസംസ്കാരത്തിലാണ് അടിമുടി വാർത്തെടുക്കുന്നത്. നേതൃത്വം കൈക്കൊള്ളുന്ന മുതലാളിത്ത നയങ്ങൾക്ക് ന്യായീകരണം പടയ്ക്കാൻ അണികളെ പരിശീലിപ്പിക്കുന്നു. ആത്മാഭിമാനം വെടിഞ്ഞ് നിലകൊള്ളാനും ജീവിയ്ക്കാനും സിപിഐ(എം), സിപിഐ അണികളെ പഠിപ്പിക്കുന്നു. മനുഷ്യന്റെ സംഘടിത പ്രവർത്തനങ്ങളിലുള്ള വിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെടുന്ന മനോഭാവം കേരളത്തിന്റെ സാമൂഹ്യഘടനയിൽ പടരുന്നതിൽ ഇടതുപ്രസ്ഥാനങ്ങളുടെ അധ:പതനം വലിയൊരു പങ്കുവഹിക്കുന്നു. ഭരണരാഷ്ട്രീയരംഗത്ത് പിന്തുടരുന്ന നഗ്നമായ മുതലാളിത്ത നിലപാടുകൾ സിപിഐ(എം) സിപിഐ പ്രസ്ഥാനങ്ങളുടെ സംഘടനയിലൊന്നാകെ സൃഷ്ടിക്കുന്ന സന്ദേശം മൂലധനത്തോടും അധികാരത്തോടും പരമാവധി സമരസപ്പെടുക എന്നുമാത്രമല്ല, ഏതു നീചമാർഗ്ഗത്തിലൂടെയും പാർലമെന്ററി അധികാരവും ധനവും കൈവശമാക്കുക എന്നതാണ്.

## അഴിമതിക്കും പണസമ്പാദനത്തിനുമുള്ള മാർഗ്ഗമായി മാറിയ ഇടതുരാഷ്ട്രീയ പ്രവർത്തനം

വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങളുടെ അഴിമതിയും പണസമ്പാദനത്തിന്റെ അഭിനിവേശവും ഈ പ്രസ്ഥാനങ്ങളുടെ സത്യസന്ധരായ അണികളിൽ സൃഷ്ടിച്ചിട്ടുള്ള വ്യഥ വളരെ വലുതാണ്. സഹകരണമേഖലയിലെ ഞെട്ടിപ്പിക്കുന്ന പണാപഹരണങ്ങൾ, റിയൽ എസ്റ്റേറ്റ് കച്ചവടം, അനധികൃത പാറ ഖനനം, കൊള്ളപ്പലിശയുടെ പണമിടപാടുകൾ, അധികാരത്തിന്റെ ഇടനിലക്കാരായിനിന്നുകൊണ്ട് നടത്തുന്ന ലോബിയിംഗും ബ്രോക്കറിംഗും വഴി സമാഹരിക്കുന്ന ഭീമായ കമ്മീഷനുകളും കിക്ക്ബാക്കുകളും, ആയിരക്കണക്കിന് പിൻവാതിൽ നിയമനങ്ങൾ, ജോലിക്കായുള്ള യോഗ്യതാപരീക്ഷകളിലെ ക്രമക്കേടുകൾ, സർവ്വകലാശാല പരീക്ഷാ തട്ടിപ്പുകൾ തുടങ്ങി സംസ്ഥാനത്ത് റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള അഴിമതികളിൽ ഏറ്റവും അധികം പ്രതിസ്ഥാനത്തുവന്നിട്ടുള്ളത് സിപിഐ(എം) നേതാക്കന്മാരും അണികളുമാണ്. അധികാരത്തിന്റെയും സംഘടനാബലത്തിന്റെയും പണത്തിന്റെയും കൈയൂക്കിന്റെയും മൃഗീയബലം ഉപയോഗപ്പെടുത്തി വെട്ടിപ്പുകളുടെയും തട്ടിപ്പുകളുടെയും ഒരു വാർത്തയും പുറത്തുവരാതിരിക്കത്തക്കവിധം പഴുതടച്ചുള്ള സംവിധാനം രൂപപ്പെടുത്തിയിട്ടുള്ള ഈ സംസ്ഥാനത്ത് കൊള്ളമുതലിന്റെ വീതംവയ്പിൽ ഉണ്ടാകുന്ന സംഘർഷങ്ങളാണ് വാർത്തകൾ പുറത്തുവരാ നിടയാക്കുന്നത്. ഈ വാർത്തകൾ യാഥാർത്ഥ ചിത്രത്തിന്റെ പത്തിലൊന്നോ നൂറിലൊന്നോ പോലുമില്ല. സിപിഐ(എം)ന്റെ കാർമ്മികത്വത്തിൻ കീഴിൽ പടച്ചുണ്ടാക്കിയിട്ടുള്ള സുസജ്ജമായ അഴിമതി സംവിധാനം കേരളത്തിന്റെ രാഷ്ട്രീയമണ്ഡലത്തെ ആകമാനം പിടിമുറുക്കിയിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ മകൾ വീണ ഉൾപ്പെട്ട അഴിമതിതന്നെയാണ് അതിന്റെ വ്യക്തമായ തെളിവ്. വീണയുടെ കമ്പനി എക്സാലോജിക്കിന് 1.72 കോടി രൂപ കൊച്ചിയിലെ സിഎംആർഎൽ കമ്പനി നൽകിയത് പാരിതോഷികമല്ലെന്ന് തെളിയിക്കാൻ എക്സാലോജിക്ക് പരാജയപ്പെട്ടതുകൊണ്ടാണ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുനപരിശോധനയില്ലാത്ത വിധം തീർപ്പുകൽപ്പിച്ചത്.

വളരെ ദരിദ്രപശ്ചാത്തലങ്ങളിൽ നിന്ന് വന്ന് കോടികളുടെ സമ്പാദ്യമുള്ളവരായി ഉയർന്ന പ്രാദേശിക നേതാക്കന്മാർ മുതൽ മുകളിലേക്ക് എത്രയോ പേർ! താഴേത്തലങ്ങൾ മുതൽ മുകളിലേക്കുള്ള നേതാക്കളിലും സംഘാടകരിലും ഭൂരിഭാഗവും രാഷ്ട്രീയപ്രവർത്തനം ഓരോരുത്തരും പണസമ്പാദനത്തിനുവേണ്ട മാർഗ്ഗമോ അല്ലെങ്കിൽ അവർ ഏർപ്പെട്ടിട്ടുള്ള പണസമ്പാദനപ്രവർത്തനത്തിനുവേണ്ട സംരക്ഷണമോ ആയി മാത്രമാണ് കാണുന്നത്. ഏതെങ്കിലും നിലയിലുള്ള വ്യക്തിപരമായ നേട്ടത്തെ പ്രതിയല്ലാതെ, പ്രവർത്തിക്കുന്നവർ ഈ പ്രസ്ഥാനങ്ങളിൽ ആര് അവശേഷിക്കുന്നു? സ്വാർത്ഥതാൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിൽ എന്തെങ്കിലും തെറ്റുള്ളതായി ആരും തന്നെ കരുതുന്നില്ല. സംഘടനയെ ഒന്നാകെ വാർത്തെടുത്തിരിക്കുന്നത് ഈ അഴുകിയ സംസ്കാരത്തിന്റെ അടിത്തറയിന്മേലാണ്. എന്തെങ്കിലും സൗജന്യങ്ങളോ അപ്പക്കഷ്ണങ്ങളോ ഈ പാർട്ടികളിൽ നിന്ന് കൈപ്പറ്റാൻ ജീവിതത്തിന്റെ കൊടിയ ദുരിതങ്ങൾ താഴേത്തലങ്ങളിലുള്ള സാധാരണപ്രവത്തകരെ നിർബ്ബന്ധിതമാക്കുന്നു. അങ്ങിനെ വിധേയപ്പെട്ട് നിലകൊള്ളേണ്ടിവരുന്ന അണിവിഭാഗം നേതാക്കളുടെ അഴിമതിയെയും പണസമ്പാദനത്തെയും ചോദ്യംചെയ്യാനുള്ള ധാർമ്മികശേഷി നഷ്ടപ്പെട്ടവരായി മാറുന്നു. നേതൃത്വത്തിന്റെ ഗുരുതരമായ കുറ്റകൃത്യങ്ങളെ വരെ വെള്ളപൂശാൻ നിർബ്ബന്ധിതരാക്കപ്പെടുന്ന സാധാരണപ്രവർത്തകരിലൊരു വിഭാഗം വിയോജിപ്പ് ഉള്ളിൽ നിലനിർത്തിക്കൊണ്ടുതന്നെ, മരണതുല്യമായ ആത്മനിന്ദയിൽ വേദനിച്ച് അതിൽ തുടരുന്നു. പക്ഷേ അത് അധികകാലത്തേക്ക് തുടരില്ല. മറ്റൊരു വലിയ വിഭാഗം ഈ ജീർണ്ണമായ വലതുസംസ്കാരം സ്വയംപേറി അധ:പതിക്കുന്നു. ഇടതുരാഷ്ട്രീയത്തിന്റെ മഹിമയിൽ തരിമ്പെങ്കിലും പ്രതീക്ഷയുള്ള അണികളിൽ ചിലർ മറ്റൊരു വിഭാഗം മനംമടുത്ത്, നിരാശരായി, നിഷ്ക്രിയരാകുന്നു.

> **സിപിഐ(എം) പുലർത്തുന്ന അവസരവാദരാഷ്ട്രീയം അതിന്റെ പരമകോടിയിലാണ്. പാർലമെന്ററി അധികാരത്തിനായി ഏതൊരാളുമായും ചങ്ങാത്തം കൂടും. അതിനെ നിന്ദ്യമായ നിലയിൽ ന്യായീകരിക്കും. തത്വമോ ആദർശമോ കണികപോലും തീണ്ടിയിട്ടില്ലാത്ത വ്യക്തികളുടെ കൂറുമാറ്റം സിപിഐ(എം)ലേക്കാണെങ്കിൽ പരവതാനി വിരിച്ച് സ്വീകരിക്കും. നാലുവോട്ട് കിട്ടാനിടയുണ്ടെങ്കിൽ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ എത്ര അഴുകിയ മുഖത്തെയും ആനയിക്കാനും ഇടതുരാഷ്ട്രീയത്തിന്റെ പ്രതിനിധിയായി ചിത്രീകരിക്കാനും ഒരു മടിയുമില്ല.**

തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തോടുള്ള നിസ്വാർത്ഥമായ സമീപനമോ ആദർശാത്മകമായ ജീവിതത്തോടുള്ള ആകർഷണമോ ഒന്നും ഇവരിലാരെയും നയിക്കുന്നില്ല. ബഹുജനങ്ങളോടുള്ള ഇടപഴകലിലോ പ്രസംഗങ്ങളിലോ പ്രതികരണങ്ങളിലോ മാർക്സിസ്റ്റ് ദർശനത്തിന്റെ വിദൂരസ്വാധീനം പോലും കാണാൻ കഴിയുന്നില്ല. അഹന്തയും മുഷ്കും അധികാരപ്രമത്തതയും മാത്രമാണ് അവരുടെ സ്വഭാവത്തെ ആകമാനം നിർണ്ണയിക്കുന്നത്. ആദർശത്തോട് പുലർത്തുന്ന നിസ്സംഗതയോ പരമപുഛമോ ഈ പ്രസ്ഥാനങ്ങളുടെ നിലനിൽപ്പിന്റെ രീതിയായി മാറിക്കഴിഞ്ഞു. അണികളിൽ ഒരു വലിയ വിഭാഗവും നേതൃത്വത്തിന്റെ ഇരട്ടത്താപ്പിനോടും വഞ്ചനാപരമായ നിലപാടുകളോടും സമരസപ്പെടുകയോ കീഴടങ്ങുകയോ ചെയ്തുകഴിഞ്ഞിരിക്കുന്നു. സംഘടനയുടെ താൽപ്പര്യത്തിനുവേണ്ടി ചെയ്യുന്ന ഏതൊരു നീചപ്രവർത്തിയും സംഘടനക്കുള്ളിൽ ന്യായീകരിക്കപ്പെടും. എന്നാൽ പുറമേയ്ക്ക് മാധ്യമങ്ങളോടു പറയുന്നതും പ്രചരിപ്പിക്കുന്നതും ഇതിനു തീർത്തും വിപരീതമായിരിക്കും. ടി.പി.ചന്ദ്രശേഖരനെ വെട്ടിക്കൊലപ്പെടുത്തിയത് സിപിഐ(എം) അല്ല എന്നുപുറമേയ്ക്ക് വാദിക്കുമ്പോൾ സംഘടനക്കുള്ളിൽ ആവർത്തിക്കുന്നത് പാർട്ടിയെ രക്ഷിക്കാൻ അത് അനിവാര്യമായിരുന്നു എന്നാണ്. സിപിഐ(എം) കൊലപാതകരാഷ്ട്രീയത്തിൽ വിശ്വസിക്കുന്നില്ല എന്ന് എത്ര നിന്ദ്യമായ നിലയിലാണ് ജനങ്ങളോട് ഒരു ഉളിപ്പുമില്ലാതെ ആവർത്തിക്കുന്നത്. തങ്ങൾ കേൾക്കുന്നത് ഒരു പച്ചനുണയാണെന്ന് ഉത്തമബോധ്യമുള്ള ഏതൊരു പാർട്ടിപ്രവർത്തകനും പാർട്ടിക്കുവേണ്ടി ആ കല്ലുവച്ചനുണ ജനങ്ങൾക്കിടയിൽ ആവർത്തിക്കാനേ മാർഗ്ഗമുള്ളൂ. അങ്ങനെ തീവ്രമായ ആത്മവഞ്ചന നടത്തിക്കൊണ്ട് നിലകൊള്ളാൻ അണികളെ പരിശീലിപ്പിക്കുകയാണ്. അങ്ങിനെ ഇരട്ടത്താപ്പിന്റെയും ആത്മവഞ്ചനയുടെയും ഒരു മനോഘടന ഭൂരിഭാഗം പ്രവർത്തകരിലും നേതാക്കളിലും വളർത്തിയെടുക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം. മഹിമയാർന്ന ഇടതുരാഷ്ട്രീയത്തിന് എത്ര വലിയ ആഘാതമാണ് ഈ നീചമായ രാഷ്ട്രീയം ഏൽപ്പിക്കുന്നതെന്ന് അവർ ചിന്തിക്കുന്നതേയില്ല.

## സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങളിലെ സത്യസന്ധരായ അണികളോടുള്ള അഭ്യർത്ഥന

സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങളുടെ എല്ലാ പരിധിയും വിട്ട ആന്തരികഅപചയത്തിൽ ആത്മസംഘർഷം അനുഭവിക്കുന്ന അണികളേവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നത് ഈ നിലയിൽ ഇനി തുടരരുതെന്നാണ്. തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തോടുള്ള അളവറ്റ വികാരവും ആദരവും നമ്മെ ഏവരെയും ഇടതുപ്രസ്ഥാനങ്ങളിലെത്തിച്ചെങ്കിലും ചരിത്ര പാഠങ്ങളുടെ കൃത്യമായ പരിശോധനയിലൂടെ ഈ പാർട്ടികളെ വിലയിരുത്താൻ കഴിഞ്ഞില്ല. ഉദാത്തമായ മാർക്സിസ്റ്റ് ദർശനം നൽകിയ രീതിശാസ്ത്രം ഉപയോഗിച്ച് ഈ പാർട്ടികളുടെ വർഗ്ഗസ്വഭാവം വിലയിരുത്തുന്നതിൽ സംഭവിച്ച പിശകാണ് ഈ തിരിച്ചടികൾക്കെല്ലാം കാരണം. സിപിഐ, സിപിഐ(എം) പാർട്ടികൾ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടികളല്ല എന്ന ചരിത്രവസ്തുത തിരിച്ചറിഞ്ഞുകൊണ്ടുമാത്രമേ ശരിയായ പാത കണ്ടെത്താൻ കഴിയൂ. ഈ പാർട്ടികളുടെ അധ:പതനം മാർക്സിസ്റ്റ് ദർശനത്തിന്റെ ഉണ്മയെ നിരാകരിക്കുകയല്ല, മറിച്ച് അതിനെ അടിവരയിടുകയാണ്. മാർക്സിസ്റ്റ് ദർശനം ഏറ്റവും ശരിയായി വരച്ചുകാട്ടിയ സാമൂഹ്യവികാസപ്രക്രിയയുടെ നിയമങ്ങളാണ് മനുഷ്യസമൂഹത്തിന്റെ ചാലകശക്തി. അത് ആധുനികശാസ്ത്രത്തിന്റെയും യുക്തിയുടെയും ചരിത്രത്തിന്റെയും ഉരകല്ലിൽ പരിശോധിച്ച്, അലംഘനീയമായ സ്ഥാപിക്കപ്പെട്ട പാഠങ്ങളാണ്. അതിനാൽ മാർക്സിസ്റ്റ് ദർശനത്തിന്റെ ഉണ്മയും അധൃഷ്യതയും ആഴത്തിൽ ഉൾക്കൊള്ളാൻ നിർഭയം നാം മുന്നോട്ടുവരിക. തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയ ചേരിയിൽ അടിയുറച്ചുനിലകൊള്ളുക. അതാണ് ചരിത്രത്തിന്റെ ഈ ദശാസന്ധിയിൽ ഏറ്റവും വികാസം നേടിയ മനുഷ്യനാകാനുള്ള ഒരേയൊരു മാർഗ്ഗം. ■

# വിദ്യാഭ്യാസത്തിന്റെ ഉന്മൂലന പദ്ധതിയെ മറയ്ക്കാനായി യുജിസിയുടെ കരട് ചട്ടങ്ങൾ

യൂണിവേഴ്സിറ്റിഗ്രാന്റ്സ്കമ്മീഷൻ(യുജിസി) നിർദ്ദേശിച്ച പരിഷ്കാരങ്ങളുടെ ശൃംഖലയിൽ, ഡിസംബറിൽ പ്രസിദ്ധീകരിച്ച "കരട് യുജിസി ചട്ടങ്ങൾ, 2024 (ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനുമുള്ള മിനിമം സ്റ്റാൻഡേർഡ്സ് ഓഫ് ഇൻസ്ട്രക്ഷൻ)" മിനുക്കിയ ട്രോജൻ കുതിരയെപ്പോലെ തിളങ്ങുകയാണ്. ദ്വിവത്സര പ്രവേശനം, ഇരട്ട ബിരുദ, ബിരുദാനന്തര ഡിഗ്രി പ്രോഗ്രാമുകൾ, ബിരുദ-ബിരുദാനന്തര തലങ്ങളിൽ ഒന്നിലധികം എൻട്രി-എക്സിറ്റ് ചട്ടക്കൂട് തുടങ്ങിയ പദ്ധതികൾ വാഗ്ദാനം ചെയ്യുന്ന ഈ നയം ഉന്നത വിദ്യാഭ്യാസത്തിലെ ഉൾപ്പെടുത്തലിനും വഴക്കത്തിനുംവേണ്ടിയുള്ള വിപ്ലവകരമായ ചുവടുവയ്പ്പായിട്ടാണ് ഭരണകൂടം അവതരിപ്പിക്കുന്നത്.

ഉന്നത വിദ്യാഭ്യാസത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമാനമായ മറ്റ് വഴക്കമുള്ള ഉപകരണങ്ങൾ ഇവയാണ്: (എ) പന്ത്രണ്ടാം ക്ലാസ്സ് സ്കൂൾ വിദ്യാഭ്യാസത്തിൽ ഒരു വിദ്യാർത്ഥി ഏത് വിഷയങ്ങൾ പഠിച്ചാലും, ബിരുദത്തിന് ഏത് വിഷയത്തിലും പ്രവേശനത്തിന് അർഹതയുണ്ട്, (ബി) ബിരുദപഠനത്തിൽ ഒരു വിദ്യാർത്ഥി ഏത് പ്രധാന വിഷയങ്ങൾ പഠിച്ചാലും, ആ വിദ്യാർത്ഥിക്ക് ബിരുദാനന്തരബിരുദത്തിന് ഏത് വിഷയത്തിലും പ്രവേശനത്തിന് അർഹതയുണ്ട്, (സി) വ്യത്യസ്ത പ്രോഗ്രാമുകളിലെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഏറ്റവുംകുറഞ്ഞ ഹാജർ ആവശ്യകതകുറയ്ക്കൽ, (ഡി)മുൻപഠനത്തിന്റെ അംഗീകാരം (ആർപിഎൽ), (ഇ) ത്വരിതപ്പെടുത്തിയ ഡിഗ്രിപ്രോഗ്രാം(എഡിപി), (എഫ്) വിപുലീകൃത ഡിഗ്രി പ്രോഗ്രാം (ഇഡിപി) മുതലായവ.

പുരോഗമനപരമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഈ മൂടുപടത്തിനുകീഴിൽ അസ്വസ്ഥതയുണ്ടാക്കുന്ന ഒരു സത്യം ഒളിഞ്ഞിരിക്കുന്നുണ്ട്: കുത്തിക്കുട്ടിക്കൊണ്ട് വിദ്യാഭ്യാസത്തിൽ വെള്ളംചേർക്കുന്നതും അതിന്റെ ചരക്കുവൽക്കരണവും. പരിഷ്കാരമായി വേഷം മാറിയിരിക്കുന്നത് വിദ്യാഭ്യാസത്തെ നശിപ്പിക്കാനുള്ള ഒരു തന്ത്രമോ, സ്വകാര്യവൽക്കരണത്തിന്റെ മുന്നോടിയോ, പൊതുസ്ഥാപനങ്ങളെ ലാഭത്തിന്റെ അനിവാര്യതകൾക്കനുസൃതമായി സൂക്ഷ്മമായി വിന്യസിക്കുന്ന ഒരു രഹസ്യ പുനഃസംഘടനയോ ആകാം.

## ദരിദ്രമായ അടിസ്ഥാനസൗകര്യത്തിൽ അതിമോഹമുയർത്തുന്ന ബിരുദപദ്ധതി

അധ്യാപകരുടെയും ക്ലാസ് മുറികളുടെയും എണ്ണക്കുറവ്, മറ്റ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവമൂലം ഇതിനകം ബുദ്ധിമുട്ടിലായിരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നാലുവർഷത്തെ ബിരുദ പരിപാടി കൂടി അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു. എഫ്‌വൈയുപി നടപ്പിലാക്കുന്നതിനാവശ്യമുള്ള ഒരു അധിക വർഷം കൂടി ഉൾക്കൊള്ളുന്നതിനായി, അടിസ്ഥാന സൗകര്യങ്ങളുടെ കൂടുതൽ വികസനം അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരുകളോ ഇതിനുള്ള അധിക ഫണ്ട് അനുവദിക്കാൻ തയ്യാറാകില്ല.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഈ ദുരിതങ്ങൾക്കുപുറമേ, ഇപ്പോൾ മൾട്ടിപ്പിൾ എൻട്രി, മൾട്ടിപ്പിൾ എക്സിറ്റ് സംവിധാനത്തിന്റെയും ദ്വിവത്സര പ്രവേശന നടപടിക്രമത്തിന്റെയും ഭാരവുമുണ്ട്. 'മൾട്ടിപ്പിൾ എൻട്രി, മൾട്ടിപ്പിൾ എക്സിറ്റ്' സംവിധാനത്തിൽ ഒരു വിദ്യാർത്ഥിക്ക് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ കുറച്ച് സെമസ്റ്ററുകൾ പഠിക്കാനും കുറച്ച് ക്രെഡിറ്റ് പോയിന്റുകൾനേടാനും, പിന്നീട് ആ സ്ഥാപനം വിടാനും ആഗ്രഹിക്കുന്നെങ്കിൽ ചില സെമസ്റ്ററുകൾ ഉപേക്ഷിക്കാനും, തുടർന്ന് കുറച്ച് സെമസ്റ്ററുകൾ പഠിക്കാൻ മറ്റൊരു സ്ഥാപനത്തിൽ പ്രവേശനം നേടാനും അനുവദിക്കും. ഈ രീതിയിൽ, ഒരു വിദ്യാർത്ഥിക്ക് ആവശ്യമായ ക്രെഡിറ്റ് പോയിന്റുകൾ ലഭിക്കും. അത് ഡിപ്ലോമയോ, ഓണേഴ്സോടെയോ അല്ലാതെയോ ഉള്ള ബിരുദമോ, ഒരു ഗവേഷണ ബിരുദമോപോലും നേടാൻ യോഗ്യരാക്കും. ഘട്ടംഘട്ടമായി വ്യത്യസ്ത സ്ഥാപനങ്ങളിൽ നടത്തിയ പഠനത്തിലൂടെ നേടിയ ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ സൂക്ഷിക്കും. അതിലൂടെ ഒരു വിദ്യാർത്ഥി നേടിയ ആകെ ക്രെഡിറ്റുകൾ കണക്കാക്കും. ദ്വിവത്സര പ്രവേശന പദ്ധതിയാകട്ടെ, ഒരു വിദ്യാർത്ഥിക്ക് സ്വന്തം ഇഷ്ടത്തിനനുസരിച്ച് ഏത് സെമസ്റ്ററിലും ഏത് വിദ്യാഭ്യാസ സ്ഥാപനത്തിലും പ്രവേശനം നേടാനും അനുവദിക്കും.

ഈ വഴക്കമുള്ള പഠനപദ്ധതികൾ ഒരു വിദ്യാർത്ഥിക്ക് ഒരു ബിരുദത്തിന് മാത്രമല്ല ബാധകമാകുന്നത്. ഇരട്ട ബിരുദ-ബിരുദാനന്തര ബിരുദത്തിനും ഇത് ബാധകമാകും. ഉദാഹരണത്തിന്, ഒരു വിദ്യാർത്ഥിക്ക് ഇപ്പോൾ ഒരേസമയം രണ്ട് ബിരുദങ്ങൾ നേടാൻ ഈ പദ്ധതി അനുവദിക്കും. ഒരു വിദ്യാർത്ഥിക്ക് അക്കാദമിക് പഠനരീതി സ്വയം തീരുമാനിക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി ഇവിടെ അവസാനിക്കുന്നില്ല. വിദ്യാർത്ഥികൾക്ക് ഇപ്പോഴും "ആക്സിലറേറ്റഡ് ഡിഗ്രി പ്രോഗ്രാം", "എക്സ്റ്റൻഡഡ് ഡിഗ്രി പ്രോഗ്രാം" എന്നിവയ്ക്കുള്ള അവസരം ലഭിക്കും. ആക്സിലറേറ്റഡ് ഡിഗ്രി പ്രോഗ്രാം വഴി ഒരു വിദ്യാർത്ഥിക്ക് യഥാക്രമം 4വർഷം (8 സെമസ്റ്റർ), 2വർഷം (4 സെമസ്റ്റർ) എന്നിങ്ങനെ നിശ്ചിത സമയപരിധിക്ക് മുന്നേതന്നെ തന്റെ ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ പൂർത്തിയാക്കാൻ അനുവദിക്കും. അതേ സമയം എക്സ്റ്റൻഡഡ് ഡിഗ്രിപ്രോഗ്രാം വഴി കോഴ്സുകൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ സെമസ്റ്ററുകൾ കൊണ്ട് പൂർത്തിയാക്കാനുള്ള അവസരം നൽകും. ക്ലാസുകളിലെ ഏറ്റവും കുറഞ്ഞ ശതമാനം ഹാജർ പരിധി ഫലത്തിൽ ഇല്ലാതാകും. ഇതുവരെ പ്രായോഗികമല്ലാത്തതോ നമ്മുടെ നാട്ടിൽ അറിയപ്പെടാത്തതോ ആയ ഈ വഴക്കങ്ങളും 'വിദ്യാർത്ഥീ കേന്ദ്രീകൃത വിദ്യാഭ്യാസം' എന്നപേരിൽ കൊണ്ടുവരികയാണ്. ഈ വഴക്കമുള്ള വ്യവസ്ഥകളെല്ലാം 'യുഎസ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് 'മെയ്ക്ക്-ഇൻ-ഇന്ത്യ'യുടെ വക്താക്കൾ അന്ധമായി പകർത്തിയതാണ്.

രാജ്യത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇത്രയധികം ഓപ്ഷനുകൾ വിദ്യാർത്ഥികൾക്ക് അനുവദിക്കാൻ കഴിയുമോ, അതിനുള്ള ശേഷി അവർക്കുണ്ടോ? ബിജെപി ഭരണകാലത്ത് വിദ്യാഭ്യാസത്തിനായുള്ള കേന്ദ്ര ബജറ്റ് കുത്തനെ ഇടിഞ്ഞ് എക്കാലത്തെയും താഴ്ന്ന നിലയിലെത്തി. ഈ വർഷത്തെ യുജിസിയുടെ ബജറ്റ് 61% കുറച്ചു. അവശ്യമായ അധ്യാപക തസ്തികകൾപോലും സൃഷ്ടിക്കുന്നില്ല. പുതിയ നിയമനങ്ങൾ വഴി ഒഴിവുള്ള തസ്തികകൾ നികത്തുന്നില്ല. തുച്ഛമായ തുക മാത്രം പ്രതിഫലമായി ലഭിക്കുന്ന താത്കാലിക അധ്യാപകരാൽ സ്ഥാപനങ്ങൾ നിറഞ്ഞിരിക്കുന്നു. ഇത്തരം അതിമോഹപദ്ധതികൾ മുന്നോട്ടുവെക്കുന്ന ഇത്രയധികം വ്യതിയാനങ്ങളിൽ ആരാണ് പഠിപ്പിക്കുക? അതോ വിദ്യാർത്ഥി എന്താണ് പഠിച്ചതെന്ന് പരിഗണിക്കാതെ ബിരുദം നൽകൽ മാത്രമായിരിക്കുമോ സംഭവിക്കാൻ പോകുന്നത്?

## നിർദ്ദിഷ്ട പദ്ധതികളുടെ അക്കാദമിക് ന്യായീകരണശ്രമം

പന്ത്രണ്ടാം ക്ലാസിൽ പഠിച്ച ഒരു വിദ്യാർത്ഥിക്ക് താൻ തിരഞ്ഞെടുത്ത വിഷയങ്ങൾ പരിഗണിക്കാതെ തന്നെ ഏതെങ്കിലും ബിരുദ പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുകയാണെങ്കിൽ, അതുപോലെ തന്നെ ഒരു ബിരുദ പ്രോഗ്രാമിലെ മേജർ അല്ലെങ്കിൽ മൈനർ വിഷയങ്ങൾ പരിഗണിക്കാതെ ഏതെങ്കിലും വിദ്യാർത്ഥി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഏതെങ്കിലും വിഷയത്തിൽ പ്രവേശനം നേടിയാൽ, പഠന നിലവാരം എന്തായിരിക്കും? ചരിത്രം, തത്വചിന്ത, രാഷ്ട്രമീമാംസ എന്നിവ പന്ത്രണ്ടാം ക്ലാസ്സിൽ പഠിച്ച ഒരു വിദ്യാർത്ഥിക്ക് ബിരുദതലത്തിൽ ഭൗതികശാസ്ത്രം ഒരു പ്രധാന വിഷയമായി പഠിക്കാൻ കഴിയുമെങ്കിൽ, അവിടെ സമഗ്രമായ പഠനം ഉണ്ടാകുമോ? രസതന്ത്രം പ്രധാന വിഷയമായും ഭൗതികശാസ്ത്രവും ഗണിതശാസ്ത്രവും മൈനർ വിഷയമായും ബിരുദതലത്തിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി ബിരുദാനന്തര ബിരുദ കോഴ്സിൽ സാമ്പത്തികശാസ്ത്രം പഠിച്ചാൽ സ്ഥിതി എന്താകും. അവർക്ക് എന്തെങ്കിലും പഠിക്കാനാകുമോ? ഇതോടൊപ്പം, ഒരേ സമയം ഇരട്ട ബിരുദാനന്തര ബിരുദത്തിന് കമ്പ്യൂട്ടർ സയൻസുകൂടി വാഗ്ദാനം ചെയ്യുമ്പോഴുള്ള സാഹചര്യം സങ്കൽപ്പിക്കുക! ഒന്നിലധികം എക്സിറ്റുകളും എൻട്രികളും പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥി ആഗ്രഹിക്കുമ്പോൾ ചില സെമസ്റ്ററുകളിൽ പഠനം നിലച്ചുപോകുന്നതും ഇതോടൊപ്പം ഉൾപ്പെടുന്നു. ഇത് യുക്തിസഹമായ നിർദ്ദേശമാണോ? 'മുൻപഠനത്തിന്റെ അംഗീകാരം' എന്നതിനെക്കുറിച്ച് യുജിസി രേഖയിൽ ഇങ്ങനെ പറയുന്നു: "ഔപചാരിക പഠനത്തിന് പുറത്തോ ജോലിസ്ഥലത്തോ സമൂഹത്തിലോ നേടിയ പഠനത്തിലൂടെയും പരിശീലനത്തിലൂടെയും നേടിയെടുക്കുന്ന അറിവ്, ഈ പഠനത്തിന്റെ ഫലത്തെ വിലയിരുത്തിയത് അടിസ്ഥാനമാക്കിയുള്ളതായിരിക്കണം." ജോലിസ്ഥലത്തെ പഠനത്തെയും പരിശീലനത്തെയും സർക്കാർ അംഗീകരിക്കാൻ തയ്യാറാണെന്ന മട്ടിൽ ഈ നിർദ്ദേശത്തിന്റെ വാചാലത ആകർഷകമാണ്. എന്നിരുന്നാലും, 'മുൻ പഠനത്തിന്റെ അംഗീകാരം' എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്ക് ഉന്നത വിദ്യാഭ്യാസത്തിൽ പ്രവേശനം എങ്ങനെ ലഭിക്കുമെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. പഠനപ്രക്രിയയെ പരിഹസിക്കുക എന്നതല്ലാതെ ഇത്തരം തട്ടിക്കൂട്ട് നിർദ്ദേശങ്ങൾക്ക് അക്കാദമിക് ന്യായീകരണം ഉണ്ടോ? സ്വാതന്ത്ര്യസമരകാലത്ത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഏറ്റവും ആദരണീയനായ ശാസ്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനുമായിരുന്ന ആചാര്യ പ്രഫുല്ല ചന്ദ്ര റോയി, സർവ്വകലാശാലയിൽനിന്ന് ശാസ്ത്രബിരുദം നേടിയ 'പണ്ഡിതമ്മന്യന്മാരും അജ്ഞരുമായ' ഒരു കൂട്ടം ആളുകൾ പുറത്തുവരുന്നത് താൻ കാണുകയാണെന്ന് ഒരിക്കൽ പറഞ്ഞു. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ രചയിതാക്കൾ ഉദ്ദേശിച്ചതും ഇതായിരിക്കാം-വിദ്യാഭ്യാസത്തിന്റെ സത്ത ഇല്ലാതാക്കുക.

ഈ ചട്ടക്കൂടിലെ ഘടനാപരമായ അസന്തുലിതാവസ്ഥ അവഗണിക്കാൻ പ്രയാസമാണ്. ഇതിനകംതന്നെ ഫണ്ടിന്റെ അപര്യാപ്തതയും അമിതഭാരവും താങ്ങുന്ന പൊതു സർവകലാശാലകൾ, ദ്വിവത്സര പ്രവേശനം, ഡ്യുവൽ-ഡിഗ്രി, നയം മുന്നോട്ടുവെക്കുന്ന മറ്റ് പ്രോഗ്രാമുകൾ എന്നിവയുടെ അടിസ്ഥാന ആവശ്യങ്ങൾ നടപ്പിലാക്കാൻ പാടുപെടും. വ്യക്തമായും, ലാഭം മാത്രം ലക്ഷ്യം വെയ്ക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഈ മാറ്റങ്ങൾ മുതലെടുക്കും. നമ്മുടെ രാജ്യത്ത് എത്രയോ കാലമായി നിലനിന്നുപോരുന്ന, തുല്യത ഉറപ്പുവരുത്തി ആവശ്യമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതും സർക്കാർ നേരിട്ട് നടത്തുന്നതുമായ അക്കാദമിക് സ്ഥാപനങ്ങളെ ക്രമേണ മാറ്റിനിർത്തുക എന്നതാകും ഫലം. ഈ മാറ്റം കേവലം ഭരണപരമോ സാമ്പത്തികമോ ആയ ഒന്നല്ല-ഭരണവർഗം ആസൂത്രണം ചെയ്ത ഒരു നിശ്ചിത രൂപകൽപ്പനയിലൂടെയാണ് ഇത് മുന്നോട്ട് പോകുന്നത്. വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കേണ്ട ഒന്നായി അവർ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കി സമ്പന്നരായ ഉപഭോക്താക്കൾക്ക് വിറ്റ് ലാഭം കൊയ്യാൻ സ്വകാര്യ മേഖലയെ സഹായിക്കുകയും ഒപ്പം, ദരിദ്രരായ ഭൂരിഭാഗം ജനങ്ങളെയും കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുന്നതിൽ നിന്ന് സ്വാഭാവികമായും തടയുകയും ചെയ്യുന്നു. പൊതുസ്ഥാപനങ്ങൾ, അവയുടെ പരിമിതികൾക്കിടയിലും, ചരിത്രപരമായി തന്നെ വിദ്യാർത്ഥികളെ വിമർശനാത്മക ചിന്താപ്രക്രിയ, യുക്തിസഹമായ വിശകലനരീതി, ചിന്തയുടെ ഏകീകരണം എന്നിവയാൽ സജ്ജരാക്കുന്ന ഇടങ്ങളാണ്. അവരുടെ അരികുവൽക്കരണത്തിലൂടെ, ജനാധിപത്യപരവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം നേടിയ പൗരരെ വളർത്തിയെടുക്കുന്നതിനെക്കാൾ, തൊഴിൽസേനയിൽ അണിചേരാൻ തയ്യാറായ വ്യക്തികളെ നിർമ്മിച്ചെടുക്കുന്നതിനുമാത്രമാണ് പ്രാമുഖ്യം നൽകുക.

## മുതലാളിത്ത കമ്പോളത്തിലെ ഒരു ചരക്കായി വിദ്യാഭ്യാസം മാറുന്നു

പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലും ലാഭാധിഷ്ഠിത വിപണി സിദ്ധാന്തങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്ന മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ വിശാലമായ അജണ്ടയുമായി യുജിസി ചട്ടങ്ങളുടെ കരട് കൃത്യമായി യോജിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ചരക്കുവൽക്കരണം, വിപണി അനുകൂല ലോകവീക്ഷണത്തിന് പൊതുസമ്മതം ഉണ്ടാക്കാൻ ഇടയാക്കും. വിദ്യാർത്ഥികളെ വിമർശനാത്മക ചിന്തകരായി രൂപപ്പെടുത്തു ന്നതിനുപകരം അനുസരണയുള്ള തൊഴിലാളികളായി രൂപപ്പെടുത്തുന്നതിലൂടെ, സ്വകാര്യവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസ സംവിധാനങ്ങൾ കോർപ്പറേറ്റ് ഭീമന്മാരുടെ ആധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

വിപണിക്ക് അനുയോജ്യരായ ജീവനക്കാരെ ഉൽപ്പാദിപ്പിക്കാനുള്ള ഫാക്ടറിയായല്ല, യുക്തിസഹമായ കാഴ്ചപ്പാട് വികസിപ്പിക്കാനും, ശരിയും തെറ്റും വ്യവച്ഛേദിച്ച് മനസ്സിലാക്കാനും കഴിവുള്ള വിമർശനാത്മകവും സ്വതന്ത്രവുമായ ചിന്തകരെ വളർത്തിയെടുക്കുന്നതിനുള്ള ഒരു ഇടമായി വിദ്യാഭ്യാസത്തെ കണക്കാക്കണം.

അക്കാദമിക് വിദഗ്ധരുടെയും ബുദ്ധിജീവികളുടെയും വിദ്യാഭ്യാസസ്നേഹികളുടെയും മുൻകൈയിൽ നടന്നുവരുന്ന വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെകാതലിനെകുഴിച്ചുമൂടാനുള്ള ഭരണവർഗ്ഗത്തിന്റെ ദുഷ്ടപദ്ധതിക്ക് തടയിടാൻ ഇതിലൂടെ മാത്രമേ സാധിക്കൂ. ■

# ലെനിനിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ



## സൈദ്ധാന്തിക പാഠങ്ങൾ

**ജനുവരി 21 ലെനിന്റെ 101–ാം ചരമവാർഷിക ദിനമാണ്. ലോകമെമ്പാടുമുള്ള തൊഴിലാളി വർഗ്ഗം മഹാനായ ഈ വിപ്ലവകാരിയുടെ അമൂല്യമായ പാഠങ്ങൾ ആവർത്തിച്ചു പഠിക്കുന്നു. *ലെനിനിസത്തിന്റെ പ്രശ്നങ്ങൾ* എന്ന കൃതിയിൽനിന്ന് എടുത്ത,ലെനിനിസത്തിന്റെ അടിസ്ഥാനങ്ങളെക്കുറിച്ച് സ്റ്റാലിൻ നടത്തിയ വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.**

ലെനിനിസത്തിന്റെ അടിസ്ഥാനങ്ങൾ എന്നത് ഒരു വലിയ വിഷയമാണ്. അത് വിശദീകരിക്കാൻ പല ഗ്രന്ഥങ്ങൾതന്നെ രചിക്കേണ്ടിവരും. അതുകൊണ്ടുതന്നെ എന്റെ പ്രസംഗങ്ങൾ ലെനിനിസത്തെക്കുറിച്ചുള്ള സമഗ്രമായ ചർച്ചയല്ല. ലെനിനിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ചുള്ള ഒരു സംഗ്രഹം മാത്രമാണത്. ലെനിനിസം നന്നായി ഗ്രഹിക്കാനായി ലെനിനിസത്തിൽനിന്ന് വേറിട്ടുനിൽക്കുന്ന എന്തെങ്കിലും കാര്യങ്ങൾ സ്ഥാപിച്ചെടുക്കേണ്ടതുണ്ടെന്നും ഞാൻ കരുതുന്നില്ല.

ലെനിനിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വിശദീകരിക്കുക എന്നതിന് ലെനിന്റെ ലോകവീക്ഷണം വിശദീകരിക്കുക എന്ന് അർത്ഥമില്ല. ഇതുരണ്ടും ഒരേ സംഗതിയല്ല. ലെനിൻ ഒരു മാർക്സിസ്റ്റ് ആയിരുന്നതുകൊണ്ടുതന്നെ മാർക്സിസമാണ് അദ്ദേഹത്തിന്റെ ലോകവീക്ഷണത്തിന്റെ അടിസ്ഥാനം. അതിനാൽ ലെനിനിസം വിശദീകരിക്കുമ്പോൾ മാർക്സിസത്തിന്റ അടിസ്ഥാന പ്രമാണങ്ങൾ വിശദമാക്കിക്കൊണ്ട് ആരംഭിക്കണം എന്നർത്ഥമില്ല. ലെനിനിസം വ്യാഖ്യാനിക്കുക എന്നാൽ, ലെനിന്റെ കൃതികളിൽ മാർക്സിസ്റ്റ് വിജ്ഞാനശേഖരത്തിലേയ്ക്ക് അദ്ദേഹം തനതായി നൽകിയ വ്യതിരിക്തവും നവീനവുമായ സംഭവനകളെന്തുണ്ട് എന്ന് വിശദീകരിക്കുക എന്നാണർത്ഥം. ലെനിനിസത്തിന്റെ അടിസ്ഥാനങ്ങൾ വിശദീകരിക്കുന്ന എന്റെ പ്രസംഗങ്ങൾ ഈ കാഴ്ചപ്പാടോടെയാണ് ഞാൻ നടത്തുന്നത്.

### എന്താണ് ലെനിനിസം?

റഷ്യയിൽ നിലനിന്ന സവിശേഷ സാഹചര്യങ്ങളിലുള്ള മാർക്സിസത്തിന്റെ പ്രയോഗമാണ് ലെനിനിസം എന്ന് ചിലർ പറയുന്നു. ഈ നിർവ്വചനത്തിൽ സത്യത്തിന്റെ അംശമുണ്ട്. എന്നാൽ മുഴുവൻ സത്യവും ഇല്ല. ലെനിൻ റഷ്യൻ സാഹചര്യത്തിൽ മാർക്സിസം പ്രയോഗിച്ച്, സമർത്ഥമായി പ്രയോഗിച്ചു എന്നതിൽ തർക്കമില്ല. എന്നാൽ ലെനിനിസമെന്നത് റഷ്യയുടെ സവിശേഷ സാഹചര്യത്തിലെ മാർക്സിസത്തിന്റെ പ്രയോഗം മാത്രമായിരുന്നെങ്കിൽ അത് വെറുമൊരു ദേശീയമായ, തികച്ചും റഷ്യനായ ഒരു പ്രതിഭാസം മാത്രമാകുമായിരുന്നു. എന്നാൽ ലെനിനിസമെന്നത് വെറുമൊരു റഷ്യൻ പ്രതിഭാസമല്ലെന്നും അതൊരു സർവ്വദേശീയമായ പ്രതിഭാസമാണെന്നും അതിന്റെ വേരുകൾ സാർവ്വദേശീയ സംഭവവികാസങ്ങളിലാകെ പടർന്നു കിടക്കുന്നു എന്നും നമുക്കറിയാം. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ നിർവചനത്തിന് ഒരു ഏകപക്ഷീയ സ്വഭാവമുണ്ടെന്ന് നാം മനസ്സിലാക്കുന്നു.

മറ്റു ചിലർ പറയുന്നത്, ലെനിനിസമെന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ നാൽപ്പതുകളിലെ മാർക്സിസത്തിന്റെ – പിൽക്കാലത്ത് ഈ മാർക്സിസം സൗമ്യവും വിപ്ലവവേതരവുമായെന്നും ഇവർ ആരോപിക്കുന്നു–വിപ്ലവാംശത്തിന്റെപുനരുജ്ജീവനമാണ് എന്നത്രേ. മാർക്സിസത്തെ വിപ്ലവാത്മകവും മിതവാദപരവുമെന്ന് ഇവ്വിധം വിഭജിക്കുന്നത് വിഡ്ഢിത്തവും വഷളത്തരവുമാണ്. എന്നിരുന്നാലും ഈ വാദഗതി പരിശോധിക്കുമ്പോൾ, ഇത് തീർത്തും അപര്യാപ്തവും ഒട്ടും തൃപ്തികരമല്ലാത്തതുമാണെങ്കിലും, ഇതിൽ സത്യത്തിന്റെ അംശമുണ്ടെന്ന് സമ്മതിക്കേണ്ടി വരും. രണ്ടാം ഇന്റർനാഷണലിലെ അവസരവാദികൾ അമർച്ച ചെയ്തുവച്ചിരുന്ന മാർക്സിസത്തിന്റെ വിപ്ലവാത്മകമായ ഉള്ളടക്കത്തെ ലെനിൻ വീണ്ടെടുത്തു എന്നതൊരു വസ്തുതയാണ്. എന്നാൽ ഇത് സത്യത്തിന്റെ ഒരംശം മാത്രമേ ആകുന്നുള്ളൂ. ലെനിനിസം മാർക്സിസത്തെ വീണ്ടെടുക്കുക മാത്രമല്ല, ഒരു പടി കൂടി കടന്ന് മുതലാളിത്തവും തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗസമരവും അഭിമുഖീകരിച്ച പുതിയ സാഹചര്യത്തിനനുസൃതമായി മാർക്സിസത്തെ കൂടുതൽ വികസിപ്പിക്കുകയും ചെയ്തു.

### അപ്പോൾ അന്തിമ വിശകലനത്തിൽ എന്താണ് ലെനിനിസം ?

ലെനിലിസമെന്നത് സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗത്തിലെ മാർക്സിസമാണ്. കൃത്യമായി പറഞ്ഞാൽ, ലെനിനിസം എന്നത് പൊതുവിൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും സവിശേഷാർത്ഥത്തിൽ തൊഴിലാളി വർഗ്ഗ സർവാധിപത്യത്തിന്റെയും സിദ്ധാന്തവും അടവുകളുമാണ്. വിപ്ലവ പൂർവ്വഘട്ടത്തിലാണ് (തൊഴിലാളിവർഗ്ഗ വിപ്ലവത്തിനുമുമ്പ് എന്നാണ് ഉദ്ദേശിക്കുന്നത്) മാർക്സും ഏംഗൽസും പ്രവർത്തിച്ചത്. അന്ന് സാമ്രാജ്യത്വം വികാസം പ്രാപിച്ചിരുന്നില്ല. തൊഴിലാളിവർഗ്ഗം വിപ്ലവത്തിനുവേണ്ടി തയ്യാറെടുക്കുന്ന ഘട്ടമായിരുന്നു. തൊഴിലാളിവർഗ്ഗവിപ്ലവം അന്ന് ഒരു അടിയന്തര പ്രായോഗിക അനിവാര്യത എന്ന നിലയിൽ ഉയർന്നുവന്നിരുന്നില്ല. എന്നാൽ മാർക്സിന്റെയും ഏംഗൽസിന്റെയും ശിഷ്യനായ ലെനിൻ പ്രവർത്തിച്ചത് സാമ്രാജ്യത്വം വികസിതമായ ഘട്ടത്തിലാണ്. തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ സാധ്യതകൾ അനാവൃതമാകുന്ന ഘട്ടത്തിലാണ്. ഒരു രാജ്യത്ത് തൊഴിലാളിവർഗ്ഗ വിപ്ലവം വിജയം വരിക്കുകയും ബൂർഷ്വാ ജനാധിപത്യത്തെ തകർത്ത് തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ, സോവിയറ്റുകളുടെയുഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്ത ഘട്ടത്തിലാണ്. അതുകൊണ്ടാണ് ലെനിനിസം മാർക്സിസത്തിന്റെ വികസിതരൂപമാണെന്ന് പറയുന്നത്.

ലെനിനിസത്തിന്റെ അനന്യമാംവിധം വീറ്റുറ്റതും വിപ്ലവാത്മകവുമായ സ്വഭാവത്തെക്കുറിച്ച് സാധാരണ പരാമർശിക്കാറുണ്ട്. ഇത് തികച്ചും ശരിയുമാണ്. എന്നാൽ രണ്ടു കാരണങ്ങളാലാണ് ലെനിനിസത്തിന് ഈ സവിശേഷ സ്വഭാവം കൈവന്നിരിക്കുന്നത്. ഒന്ന്, വിപ്ലവത്തിൽ നിന്നാണ് അത് ഉദയം ചെയ്തിരിക്കുന്നത് എന്നതുകൊണ്ടുതന്നെ അതിന്റെ മുദ്ര അതിൽ പതിയാതെ തരമില്ല. രണ്ട്, രണ്ടാം ഇന്റർനാഷണലിലെ അവസരവാദികളുമായുള്ള ഏറ്റുമുട്ടലിലൂടെയാണ് അത് വളർന്നതും കരുത്താർജ്ജിച്ചതും. മുതലാളിത്തത്തെ ഫലപ്രദമായി നേരിടാൻ ആ പോരാട്ടം അടിസ്ഥാനോപാധിയായിരുന്നു. ഇന്നും അത് അനിവാര്യമായി തുടരുകയും ചെയ്യുന്നു. ഒരുവശത്ത് മാർക്സും ഏംഗൽസും. മറുവശത്ത് ലെനിൻ. ഇതിനിടയിലുള്ള ഒരു കാലഘട്ടം മുഴുവൻ രണ്ടാം ഇന്റർനാഷണലിലെ അവസരവാദികൾ, വിള്ളലുണ്ടാക്കാൻ കഴിയാത്തവണ്ണം മേധാവിത്വം പുലർത്തിയിരുന്നു എന്ന കാര്യം മറക്കരുത്. ഈ അവസരവാദത്തിനെതിരെയുള്ള നിർദ്ദാക്ഷിണ്യമായ പോരാട്ടം ലെനിനിസത്തിന്റെ സുപ്രധാന കർത്തവ്യങ്ങളിലൊന്നായിരുന്നുതാനും. ■

## ലെനിൻ: ലോകം മുഴുവനാലും അനശ്വരമായി സ്മരിക്കപ്പെടാൻ ഏറ്റവും അർഹതയുള്ള വ്യക്തിത്വം – ഗോർക്കി

മഹാനായ ലെനിന്റെ ദേഹവിയോഗത്തെക്കുറിച്ച് വിശ്വസാഹിത്യകാരനായ മാക്സിം ഗോർക്കി നടത്തുന്ന അനുസ്മരണത്തിൽ നിന്നുള്ള ഏതാനും ഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്.



യഥാർത്ഥ സൗഹൃദവും അഗാധമായ പരസ്പര ബഹുമാനവും ആ രണ്ടുമഹാന്മാരെയും കൂട്ടിയിണക്കി. ഗോർക്കിയുടെകൃതികളെക്കുറിച്ച് ലെനിന് വലിയ മതിപ്പായിരുന്നു. "ലോകതൊഴിലാളി പ്രസ്ഥാനത്തിന് വളരെയേറെ പ്രയോജനപ്പെട്ടിട്ടുള്ളതും മേലിലും പ്രയോജനപ്പെടുന്നതുമായ അനല്പമായ കലാത്മക പ്രതിഭയുടെ ഉടമയാണ് ഗോർക്കി എന്നതിൽ സംശയമില്ല", എന്നായിരുന്നു ലെനിന്റെ അഭിപ്രായം.

ഗോർക്കി പറയുന്നു: വ്ലാദിമിർ ലെനിൻ അന്തരിച്ചിരിക്കുന്നു. തന്റെ കാലത്തു ജീവിച്ചിരുന്ന മറ്റേതു മഹാന്മാരെക്കാളും സമുജ്ജ്വലമായി പ്രതിഭയെ മൂർത്തീകരിച്ചിരുന്ന ഒരാളെയാണ് ലെനിന്റെ മരണത്തോടെ ലോകത്തിന് നഷ്ടമായിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ ശത്രുപാളയത്തിലുള്ളവർപോലും സമ്മതിക്കും.

•••••••••

ഈ ലോകത്തിലെ ഒരു യഥാർത്ഥ മനുഷ്യനായിരുന്ന വ്ലാദിമിർ ലെനിൻ അന്തരിച്ചിരിക്കുന്നു. അദ്ദേഹത്തെ അറിയാമായിരുന്ന സകലർക്കും അദ്ദേഹത്തിന്റെ മരണം വേദനാജനകമായ, വളരെയേറെ വേദനാജനകമായ ഒരു പ്രഹരമാണ്. എന്നാൽ, മരണത്തിന്റെ കറുപ്പ് ലോകത്തിന്റെ ദൃഷ്ടിയിൽ അദ്ദേഹത്തിനുള്ളപ്രാധാന്യത്തെ–ലോകത്തിലെ അധ്വാനിക്കുന്ന ജനങ്ങളുടെ നേതാവെന്ന നിലയ്ക്കുള്ള പ്രാധാന്യത്തെ– എടുത്തുകാട്ടുകമാത്രമാണ് ചെയ്യുന്നത്. അദ്ദേഹത്തോടുള്ള വിദ്വേഷത്തിന്റെ കാർമേഘങ്ങൾക്ക്, അദ്ദേഹത്തിനു ചുറ്റുമായി നെയ്തെടുത്ത നുണകളുടെയും അപവാദങ്ങളുടെയും കാർമേഘങ്ങൾക്ക് ഇന്നുള്ളതിലും കട്ടിയുണ്ടായിരുന്നെങ്കിൽക്കൂടെയും അവയ്ക്കോ മറ്റേതെങ്കിലും ശക്തികൾക്കോ ഈ ഭ്രാന്തുപിടിച്ച ലോകത്തിലെ ശ്വാസം മുട്ടിക്കുന്ന അന്ധകാരത്തിൽ അദ്ദേഹമുയർത്തിപ്പിടിച്ച ദീപശിഖയെ നിഷ്പ്രഭമാക്കാൻ കഴിയുകയില്ല. ലോകംമുഴവനാലും അനശ്വരമായി സ്മരിക്കപ്പെടാൻ അദ്ദേഹത്തെക്കാളേറെ അർഹതയുള്ളൊരാൾ ഇതേവരെ ഉണ്ടായിട്ടില്ല. വ്ലാദിമിർ ലെനിൻ മരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ചിന്താശക്തിയുടെയും ഇച്ഛാശക്തിയുടെയും പിന്തുടർച്ചാവകാശികൾ ജീവിച്ചിരിപ്പുണ്ട്. അവർ ജീവിച്ചിരിപ്പുണ്ടെന്നുമാത്രമല്ല, ഭൂമിയിൽ ഇതേവരെ പ്രവർത്തിച്ചിട്ടുള്ള ആരെക്കാളും കൂടുതൽവിജയകരമായിപ്രവർത്തിക്കുന്നുമുണ്ട്.

•••••••••

വ്ലാദിമിർ ഇലിയിച്ച് ധൃതിയിൽ പ്രസംഗവേദിയിലേയ്ക്ക് കയറി. മിനിറ്റുകൾക്കുള്ളിൽ മറ്റാരെയുംപോലെ ഞാനും ആ പ്രസംഗത്തിൽ തികച്ചും മുഴുകിക്കഴിഞ്ഞിരുന്നു. അങ്ങേയറ്റം സങ്കീർണ്ണങ്ങളായ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ഇത്ര ലളിതമായി സംസാരിക്കാനൊക്കുമെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. ഈ പ്രാസംഗികൻ ഇമ്പമുള്ള പദങ്ങൾ കെട്ടിച്ചമച്ചില്ല. എന്നാൽ, കരതലാമലകംപോലെ ഓരോ വാക്കിന്റെയും സൂക്ഷ്മമായ അർത്ഥം അത്ഭുതാവഹമായ അനായാസതയോടെ വെളിപ്പെടുത്തി. അദ്ദേഹം സൃഷ്ടിച്ച അസാധാരണമായ മതിപ്പിനെക്കുറിച്ച് വിവരിക്കുക പ്രയാസമാണ്.

കൈ അല്പം ഉയർത്തി മുമ്പോട്ടു നീട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം എതിരാളികളുടെ വാക്കുകൾ ചികഞ്ഞുനോക്കുകയും സ്വന്തം പാതയിൽക്കൂടെ സഞ്ചരിക്കുകയെന്നത്–ലിബറൽ ബൂർഷ്വാസിയുടെ പിന്നിലല്ല, അവർക്കൊപ്പംപോലുമല്ല–തൊഴിലാളിവർഗ്ഗത്തിന്റെ അവകാശവും ചുമതലയുമാണെന്നതിനുള്ള തെളിവുകൾ ഹാജരാക്കിക്കൊണ്ട് ആ എതിരാളികൾക്കെതിരായി പ്രധാനപ്പെട്ട വാദമുഖങ്ങൾ ഉന്നയിക്കുകയും ചെയ്തു. അദ്ദേഹത്തിൽനിന്ന് എന്നതിലുമേറെ ചരിത്രത്തിന്റെ നീരുറവയിൽ നിന്നുതന്നെയായിരുന്നു ആ പ്രവാഹം തികച്ചും അനിതരസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ ആ പ്രസംഗത്തിൽകണ്ട സത്യസന്ധതയും സ്വച്ഛതയും നിഷ്കപടതയും ഊറ്റവുമെന്നല്ല, ആ വേദിയിൽ നിൽക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ രൂപമാകെത്തന്നെ ഒരു ക്ലാസിക്കൽ കലാസൃഷ്ടിയെയാണ് അനുസ്മരിപ്പിച്ചത്. യാതൊരു പൊടിപ്പും തൊങ്ങലുമില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ അവ മുഖത്തെ കണ്ണുകളെയും കൈയിലെ വിരലുകളെയുംപോലെ അത്രയും അത്യാന്താപേക്ഷിതമായിരുന്ന അദ്ദേഹത്തിന്റെ അലങ്കാരപ്രയോഗങ്ങൾ.

•••••••••

ഒഴിവുകിട്ടുന്ന മണിക്കൂറുകളും മിനിട്ടുകൾപോലും അദ്ദേഹം തൊഴിലാളികൾക്കിടയിൽ ചെലവഴിച്ചു. അവരുടെ ജീവിതത്തിലെ ഏറ്റവും നിസ്സാരമായ വിശദാംശങ്ങളെക്കുറിച്ചുപോലും അദ്ദേഹം അന്വേഷിച്ചു. "സ്ത്രീകളുടെ കാര്യം എങ്ങനെ? വീട്ടുജോലി അവർക്ക് ബുദ്ധിമുട്ടായി തോന്നുന്നില്ലേ? അവർക്ക് പഠിക്കാനോ വായിക്കാനോ സമയം കിട്ടുമോ?"... ■

## മഹാകവി കുമാരനാശാൻ ചരമശതാബ്ദി

# നവോത്ഥാന മുന്നേറ്റത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കർത്തവ്യങ്ങൾ ഏറ്റെടുത്ത്

# നവോത്ഥാന സന്ദേശ യാത്ര



2024 ജനുവരി 16ന് എറണാകുളത്ത് അധ്യാപകഭവനിൽ കുമാരനാശാൻ ചരമശതാബ്ദി ആചരണപരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ടു നടന്ന സമ്മേളനം പ്രൊഫ.എം.കെ.സാനു ഉദ്ഘാടനം ചെയ്യുന്നു.

മഹാകവി കുമാരനാശാൻ ചരമമടഞ്ഞിട്ട് 2025 ജനുവരി 16ന് 101വർഷം പൂർത്തി യായിരിക്കുകയാണ്. കേരള സമൂഹത്തിലേയ്ക്ക് പുതുമൂല്യങ്ങൾ സന്നിവേശിപ്പിച്ച നവോത്ഥാന പ്രസ്ഥാനത്തിന്റെ ആദർശമായ മാനവവാദമൂല്യങ്ങളായിരുന്ന ആശാന്റെ കവിതകളുടെ അകക്കാമ്പ്. മലയാള കവിതയെ ആധുനികവത്ക്കരിച്ച നവോത്ഥാന കവി മാത്രമായിരുന്നില്ല കുമാരനാശാൻ. പോയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആധുനിക കേരളത്തിന് അടിത്തറയൊരുക്കിയ ഉജ്ജ്വലനായ സാമൂഹ്യപരിഷ്കർത്താവുകൂടെയായിരുന്ന അദ്ദേഹം. ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള മുന്നേറ്റത്തിന്റെ മുൻനിര പ്രവർത്തകനായിരുന്ന അദ്ദേഹം. നവോത്ഥാന മൂല്യങ്ങൾ പുറകോട്ടടിക്കപ്പെടുകയും പിന്നോട്ടുതള്ളപ്പെട്ടിരുന്ന ജാതി, മത, സങ്കുചിത വികാരങ്ങൾ ജനങ്ങളെ വിഭജിക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ഇക്കാലത്ത് കുമാരനാശാന്റെ കൃതികളുടെ പുനർവായനയും പഠനവും ഏറെ പ്രസക്തമാണ്.

പ്രൊഫ.എം.കെ.സാനു ചെയർമാനും പ്രൊഫ.കെ.പി. സജി കൺവീനറുമായ മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണസമിതിയുടെ ആഭിമുഖ്യത്തിൽ നവോത്ഥാന സന്ദേശ യാത്ര നടന്നു. നവോത്ഥാന പ്രസ്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കർത്തവ്യങ്ങൾ ഏറ്റെടുക്കുക, കുമാരനാശാൻ ഉയർത്തിപ്പിടിച്ച ആധുനിക മൂല്യങ്ങൾ സ്വാംശീകരിച്ച് പുതിയ തലത്തിലേക്കുയർത്തുക എന്നീ സന്ദേശങ്ങളാണ് നവോത്ഥാന യാത്ര മുന്നോട്ടുവെച്ചത്. ജനുവരി 10ന് കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയിൽനിന്ന് ആരംഭിച്ച യാത്ര പതിനാറിന് പല്ലന കുമാരകോടിയിൽ സമാപിച്ചു. കേരളത്തിലെ പ്രമുഖ സാംസ്കാരിക നായകർ നേതൃത്വം നൽകിയ യാത്രയിൽ ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ)യുടെ സാംസ്കാരിക വിഭാഗമായ 'വൈറ്റ് റോസി'ന്റെ ആഭിമുഖ്യത്തിൽ 'ചിന്താവിഷ്ടയായ സീത' നൃത്തനാടകവും അവതരിപ്പിക്കപ്പെട്ടു. നവോത്ഥാന ഗാനങ്ങൾ ആലപിച്ച് ഗായകസംഘവും യാത്രയെ അനുഗമിച്ചു. യാത്രയിലുടനീളം നടന്ന സ്വീകരണ സമ്മേളനങ്ങളിൽ ആശാന്റെ കൃതികളും പ്രവർത്തനങ്ങളും ജീവിതവും കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ സൃഷ്ടിച്ചപരിവർത്തനങ്ങൾസജീവ ചർച്ചക്ക് വിധേയമായി എന്നുമാത്രമല്ല, കവി സമ്മേളനങ്ങളും കലാപരിപാടികളും വിദ്യാർത്ഥികൾക്കായുള്ള രചനാ മത്സരങ്ങളും യാത്രയ്ക്ക് മാറ്റുകൂട്ടി.

ജനുവരി 10ന് കായിക്കരയിൽ ആശാൻ സ്മാരകത്തിൽ, കവി കുരീപ്പുഴ ശ്രീകുമാർ നവോത്ഥാന സന്ദേശ യാത്ര ഉദ്ഘാടനംചെയ്തു. "ആശാൻ കൃതികൾ സാമൂഹ്യ വിമർശനത്തിന്റെ ഉദാത്ത മാതൃകയായിരുന്നു. ശ്രീനാരായണ ഗുരുവും സഹോദരൻ അയ്യപ്പനും പൊയ്കയിൽ അപ്പച്ചനും ഉൾപ്പെടെയുള്ള സാമൂഹ്യപരിഷ്കർത്താക്കൾ ഈ പാതയിലൂടെ മുന്നോട്ടു സഞ്ചരിച്ചവരാണ്. ഇന്നത്തെ കേരളീയ സമൂഹത്തിൽ പുതിയ സാംസ്കാരിക വിപ്ലവം അനിവാര്യമായിരിക്കുന്നു. നവോത്ഥാന പ്രസ്ഥാനം നിരാകരിച്ച ജാതിയിലേക്കും മതത്തിലേക്കും സമൂഹം മടങ്ങിപ്പോവുന്നു. ഈ സാഹചര്യത്തെ മറികടക്കേണ്ടതുണ്ട്." അദ്ദേഹം പറഞ്ഞു. ആചരണ സമിതി കടക്കാവൂർ മേഖല ചെയർമാൻ ഷിബു കടക്കാവൂർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എം.എസ്. സുമേഷ് കൃഷ്ണൻ, ഡോ.ബി.ഭുവനേന്ദ്രൻ, മഹാകവി കുമാരനാശാന്റെ കുടുംബാംഗം ഡോ.ലേഖ റോയി, ബാനർ സാംസ്കാരിക സമിതി സംസ്ഥാന കൺവീനർ കെ.കെ. സുരേന്ദ്രൻ, രാമചന്ദ്രൻ കരവാരം, അനിത ജയരാജ്, സമിതി ജില്ലാ ചെയർമാൻ എം.പി.സുഭാഷ്, കൺവീനർ ആർ.ബിജു എന്നിവർ പ്രസംഗിച്ചു. ആചരണ സമിതി സംസ്ഥാന കൺവീനർ പ്രൊഫ. കെ.പി.സജി സ്വാഗതവും കെ. ജെയിൻ നന്ദിയും പറഞ്ഞു. സമ്മേളനാനന്തരം 'സമുദ്ര പെർഫോർമിങ്ങ് ആർട്സ്സി' ന്റെ 'സമുദ്രനടനം' നൃത്തവും വൈറ്റ് റോസിന്റെ ചിന്താവിഷ്ടയായ സീത നൃത്തനാടകവും അവതരിപ്പിക്കപ്പെട്ടു.

പെരുങ്ങുഴി, പോത്തൻകോട്, ആറ്റിങ്ങൽ, പാരിപ്പള്ളി, വർക്കല, അഞ്ചൽ, പുനലൂർ, കുണ്ടറ, കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, മാവേലിക്കര, രാമങ്കരി, ആലപ്പുഴ, അമ്പലപ്പുഴ, മംഗലം, പല്ലന വരെ 21 ഇടങ്ങളിൽ പ്രാദേശിക സമിതികൾ യാത്രക്ക് സ്വീകരണം നൽകുകയുണ്ടായി. ജനുവരി 11ന് തോന്നക്കൽ ആശാൻ സ്മാരകത്തിൽ നടന്ന നവോത്ഥാന സദസ്സ് പ്രസിദ്ധ കവി ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനംചെയ്തു. കുമാരനാശാന്റെ കൃതികൾ സമകാലിക സാമൂഹ്യ സാഹചര്യത്തിലും വെളിച്ചം ചൊരിയുന്ന കെടാവിളക്കാണെന്നും തിരുവിതാംകൂറിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥക്കെതിരെ തൂലിക ചലിപ്പിക്കുകയും മനുഷ്യ ജീവിതത്തിന്റെ അന്തഃസംഘർഷങ്ങളെസംബന്ധിക്കുന്ന ഗഹനമായ ആലോചനകൾക്ക് തുടക്കം കുറിക്കുകയുംചെയ്ത കവിയാണ് കുമാരനാശാനെന്നും ഏഴാച്ചേരി രാമചന്ദ്രൻ ഓർമ്മിച്ചു.




നവോത്ഥാന സന്ദേശ യാത്ര കായിക്കരയിലെ കുമാരനാശാൻ സ്മൃതിയിൽ കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.



മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതി സംസ്ഥാന കൺവീനർ പ്രൊഫ.കെ.പി.സജി പല്ലന കുമാരകോടിയിൽ നവോത്ഥാന സന്ദേശ യാത്രയുടെ സമാപന വേദിയിൽ പ്രസംഗിക്കുന്നു.

ആശാന്റെ ജീവിതത്തെ പല നിലകളിൽ നോക്കിക്കാണാൻ സഹായിക്കുന്നതായിരുന്നു സ്വീകരണ സമ്മേളനങ്ങളിൽ നടന്ന ഓരോ പ്രഭാഷണങ്ങളും. പെരുങ്ങുഴിയിൽ നൽകിയ സ്വീകരണം ഉദ്ഘാടനംചെയ്ത ബാനർ സാംസ്കാരിക സമിതി സംസ്ഥാന സമിതി അംഗം എസ്.സൗഭാഗ്യകുമാരി സ്ത്രീയെ അഭിമാനിനി എന്നുവിളിച്ച് കുമാരനാശാൻ ആത്മാഭിമാനമുള്ള സ്ത്രീയെ സമൂഹത്തിന് പരിചയപ്പെടുത്തിയെന്നുള്ള നിരീക്ഷണം അവതരിപ്പിക്കുകയുണ്ടായി. രാമരാജ്യത്തിന്റെ അനീതികളെ ചോദ്യംചെയ്ത ചിന്താശേഷിയും വിശകലനശേഷിയുമുള്ള സീതയെയാണ് ആശാൻ അവതരിപ്പിച്ചത്. വ്യവഹാര മേഖലകളിൽ താന്താങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന നളിനിയെയും ലീലയെയും മാതംഗിയെയും വാസവദത്തയെയും കുമാരനാശാൻ അവതരിപ്പിച്ചു. ആശാന്റെ നായികമാർ ഇന്നും മാതൃകയാണെന്നും ചൂണ്ടിക്കാട്ടി.

പോത്തൻകോട് കെഎസ്ആർടിസി ബസ് സ്റ്റാന്റ് പരിസരത്ത് നൽകിയ സ്വീകരണ യോഗം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. കുമാരി അനന്യ ആശാൻ കവിതകൾ ആലപിച്ചു. നർത്തകിയും എഴുത്തുകാരിയും ഗവേഷകയുമായ മേഘമൽഹാർ, ആശാന്റെ ലീല എന്ന കാവ്യത്തെ അടിസ്ഥാനപ്പെടുത്തി ചിട്ടപ്പെടുത്തിയ നൃത്തം അവതരിപ്പിച്ചു. സമ്മേളനത്തിന് മുന്നോടിയായി സ്കൂൾ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും കലാ സംഘത്തിന്റെ ഗാനസദസ്സും നടന്നു.









കരുനാഗപ്പള്ളിയിലെ സ്വീകരണയോഗം ഡോ.സി.ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. മാവേലിക്കരയിലെ സ്വീകരണസമ്മേളനം ഡോ.എം.ആർ. തമ്പാൻ ഉദ്ഘാടനം ചെയ്യുന്നു. പെരുങ്ങുഴിയിലെ സ്വീകരണസമ്മേളനം എസ്.സൗഭാഗ്യകുമാരി ഉദ്ഘാടനം ചെയ്യുന്നു. പെരുങ്ങുഴിയിലെ സ്വീകരണ സമ്മേളനത്തിൽ രഘുനാഥൻ പറളി പ്രസംഗിക്കുന്നു.

ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനം കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യ ബോധത്തെ സിംഹനാദമാക്കി കാവ്യ രചന നടത്തിയ കവിയായിരുന്നു ആശാൻ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നവോത്ഥാന യാത്രയിലൂടെ ആശാൻ പുനർജ്ജനിക്കുന്നു എന്ന നിരീക്ഷണമാണ് ഡോ.പി.ആർ. ജയശീലൻ അവതരിപ്പിച്ചത്. പാ

(ശേഷം 7–ാം പേജിൽ)









വർക്കല ശിവഗിരി മഠത്തിൽ യാത്രയ്ക്ക് നൽകിയ സ്വീകരണം സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്യുന്നു. വർക്കലയിൽ ജി.പ്രിയദർശനൻ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. അഞ്ചലിൽ നടന്ന സമ്മേളനം ഡോ.ഉഷ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ആറ്റിങ്ങൽ മുനിസിപ്പൽ ആഡിറ്റോറിയത്തിൽ നടന്ന സമ്മേളനം പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# നവോത്ഥാന പ്രസ്ഥാനത്തിന്റെ ആദർശമായ മാനവവാദ മൂല്യങ്ങളായിരുന്നു ആശാൻ കവിതകളുടെ അകക്കാമ്പ്






തോന്നക്കൽ കുമാരനാശാൻ സ്മാരകത്തിലെ സ്വീകരണയോഗം കവി ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. കുമാരനാശാന്റെ കുടുംബാംഗം ഡോ.ലേഖ റോയി കായിക്കരയിലെ ഉദ്ഘാടന സമ്മേളനവേദിയിൽ പ്രസംഗിക്കുന്നു. കായംകുളത്ത് സ്വീകരണയോഗം പ്രൊഫ.വി.കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്യുന്നു. പാരിപ്പള്ളിയിൽ ഡോ.പി.ആർ.ജയശീലൻ പ്രസംഗിക്കുന്നു.

(6–ാം പേജിൽ നിന്ന്)

രിപ്പള്ളി ഗണേഷ് മെമ്മോറിയൽ ലൈബ്രറിയിൽ നടന്ന സ്വീകരണ സമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്ന അദ്ദേഹം. സാഹിത്യത്തിലൂടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് സ്വാതന്ത്ര്യത്തിന്റെ അനന്തമായ ആകാശം തീർക്കുകയായിരുന്ന ആശാൻ, പി.ആർ.ജയശീലൻ കുട്ടിച്ചേർത്തു.





കുമാരനാശാന്റെ കൃതികളെ അവലംബമാക്കി വരച്ച ചിത്രങ്ങളുടെ പ്രദർശനം പല്ലന കുമാരകോടിയിൽ. ചിന്താവിഷ്ടയായ സീത നൃത്തശില്പത്തിലെ ചില ദൃശ്യങ്ങൾ

നവോത്ഥാന സന്ദേശ യാത്രയ്ക്ക് ഊഷ്മളമായ സ്വീകരണമാണ് ശിവഗിരി മഠത്തിൽ ലഭിച്ചത്. സ്വീകരണ സമ്മേളനം സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്തു. ശ്രീനാരായണഗുരുവിന്റെ ആശയങ്ങളുടെ കാവ്യരൂപമാണ് കുമാരനാശാന്റെ കവിതകൾ എന്ന് സ്വാമി ശുഭാംഗാനന്ദ അഭിപ്രായപ്പെട്ടു. കൃതികളുടെ പുനർവായന ഏറെ പ്രസക്തിയുള്ളതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വാമി അസംഗാനന്ദഗിരി അനുഗ്രഹ പ്രഭാഷണം നടത്തി.

ചിന്താപ്രധാനമായ വിഷയങ്ങൾ ചർച്ചചെയ്യുന്ന നവീന കവിതയുടെ സ്രഷ്ടാവാണ് ആശാനെന്നും ഹൃദയത്തിൽനിന്നും പുറപ്പെടുകയും ഹൃദയത്തിൽ കൊള്ളുകയുംചെയ്യുന്ന വാക്കുകളായിരുന്നു അദ്ദേഹത്തിന്റെ കവിതകളുടെയും പ്രഭാഷണങ്ങളുടെയും പ്രത്യേകതയെന്നും നവോത്ഥാന ചരിത്രകാരൻ ജി.പ്രിയദർശനൻ പറഞ്ഞു. ജനുവരി 12ന് വർക്കല മുനിസിപ്പൽ മൈതാനിയിൽ നടന്ന സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭാഷയുടെ പരിവർത്തനത്തിനും ആശാൻ അളവറ്റ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും ജി.പ്രിയദർശനൻ പറയുകയുണ്ടായി. ഫോറം ഓഫ് റസിഡന്റ്സ് അസോസിയേഷൻസ് സെക്രട്ടറി പി.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു.

കൊല്ലം ജില്ലയിലെ ആദ്യസ്വീകരണയോഗം മയ്യനാട്ട് നടന്നു. "മാറ്റുവിൻ ചട്ടങ്ങളേ" എന്ന് ആശാൻ ആഹ്വാനം ചെയ്തത് വേദപാരമ്പര്യങ്ങളോടാണ് എന്ന ആശയമാണ് ഡോ.ഉഷ ബാലകൃഷ്ണൻ അവതരിപ്പിച്ചത്. നിലനിന്നിരുന്ന ബ്രാഹ്മണാധിപത്യത്തെയും ജാതീയമായ അടിച്ചമർത്തലുകളെയും വിമർശിക്കുന്ന കൃതിയായിരുന്നു ദുരവസ്ഥ. ദുരവസ്ഥ മലബാർ കലാപവുമായി ബന്ധപ്പെട്ട ഒരു കാവ്യമേയല്ല. നായർ-ഈഴവ സംഘർഷങ്ങൾക്കും പുലയ കലാപത്തിനും സാക്ഷ്യം വഹിച്ച കാലമാണത്. ഈ വസ്തുതകൾ മറച്ചുവെച്ച് ഹിന്ദു-മുസ്ലിം സംഘർഷങ്ങൾ സൃഷ്ടിക്കാനായി ഇന്ന് ബോധപൂർവം ആശാന്റെ വരികളെ അടർത്തിമാറ്റി അവതരിപ്പിക്കുകയാണ്. നിലനിന്നിരുന്ന പഴഞ്ചൻ ആചാരങ്ങളെ മാറ്റിമറിച്ചാണ് കേരള നവോത്ഥാന പ്രസ്ഥാനം മുന്നേറിയത്. എന്നാൽ ആചാരങ്ങൾ മാറ്റിമറിക്കാനാവില്ല എന്ന ദുരവസ്ഥയിലൂടെയാണ് ഇന്ന് കേരള സമൂഹം കടന്നുപോവുന്നത്. ഭക്തിയുടെ മറവിൽ, തുടച്ചുനീക്കപ്പെടേണ്ട ദുരാചാരങ്ങളെ പിടിച്ചുനിർത്താനുള്ള ശ്രമമാണ് നടക്കുന്നത്. തീണ്ടിക്കൂടായ്മ എന്ന ആചാരം നിലനിന്നിരുന്ന നാടാണിത്. സ്ത്രീകൾ മാറുമറക്കുന്നത് ആചാര വിരുദ്ധവുമായിരുന്നു. ഈ ധാരണകളെ തകിടം മറിക്കുകയായിരുന്നു കേരളത്തിലെ നവോത്ഥാന പ്രസ്ഥാനം. ആ സാമൂഹ്യ മുന്നേറ്റത്തിന് നായകത്വം വഹിച്ചവരാണ് ഗുരുവും ആശാനും, ഡോ.ഉഷ ബാലകൃഷ്ണൻ പറഞ്ഞു.

നിരവധി സ്കൂളുകളും നവോത്ഥാന സന്ദേശ യാത്രയ്ക്ക് സ്വീകരണം നൽകി. കരിങ്ങന്നൂർ ഗവൺമെന്റ് യുപിസ്കൂളിൽ പിടിഎയുടെ നേതൃത്വത്തിൽ യാത്രയ്ക്ക് ഉജ്ജ്വലമായ സ്വീകരണം നൽകി. യാത്രാംഗങ്ങൾക്ക് ഉച്ചഭക്ഷണവും നൽകി.





പോത്തൻകോട് സ്വീകരണസമ്മേളനത്തിൽ കവിത അവതരിപ്പിച്ച കുമാരി അനന്യയ്ക്ക് ശൈലജടീച്ചർ ഉപഹാരം സമ്മാനിക്കുന്നു. വർക്കലയിൽ നടന്ന സ്വീകരണസമ്മേളനത്തിൽ കെ.ശൈവപ്രസാദ് പ്രസംഗിക്കുന്നു. കരുനാഗപ്പള്ളിയിലെ സ്വീകരണസമ്മേളനത്തിൽ തൊടിയൂർ വസന്തകുമാരി കവിതാലാപനം നടത്തുന്നു.

ആശാന്റെ കൃതികൾ സാമൂഹ്യ പരിവർത്തനത്തിന് കാരണമായെന്നും അസമത്വങ്ങളാൽ അടിച്ചമർത്തപ്പെട്ട ജനതക്ക് ആശാൻ സാഹിത്യം കരുത്തുനൽകിയെന്നും വസന്തകുമാർ സാംബശിവൻ പറഞ്ഞു. ദുരവസ്ഥ ഉൾപ്പെടെയുള്ള കൃതികൾ ജാതി വ്യവസ്ഥയോടുള്ള കലഹമായിരുന്നു. അനീതിയെ ചോദ്യംചെയ്യുന്ന സ്വതന്ത്ര ചിന്തയുള്ള കഥാപാത്രങ്ങളെ ആശാൻ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ കൃതികളുടെ സൂക്ഷ്മവിശകലനം സാമൂഹ്യപരിഷ്കാരത്തിന്റെ മുന്നുപാധിയാണ്. കഥാപ്രസംഗ കലയുടെ ആവിർഭാവത്തിൽ ആശാനുള്ള പങ്കും വസന്തകുമാർ സാംബശിവൻ വിശദീകരിക്കുകയുണ്ടായി. കൊല്ലം നഗരത്തിൽ ചിന്നക്കടയിൽ നൽകിയ സ്വീകരണയോഗം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

ആശാൻ കവിതകൾ ഉയർന്ന സ്വാതന്ത്ര്യബോധമാണ് വായനക്കാരനിൽ സന്നിവേശിപ്പിക്കുന്നതെന്ന് സി.ഉണ്ണികൃഷ്ണൻ പറഞ്ഞു. കരുനാഗപ്പള്ളിയിൽ നൽകിയ സ്വീകരണം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. തിരസ്കരിക്കപ്പെട്ട മനുഷ്യർക്കായി അദ്ദേഹം കവിതകൾ രചിച്ചു. മനുഷ്യജീവിതത്തിന്റെ അനന്ത സാധ്യതകളെപ്പറ്റി ആശാൻ മനസ്സിലാക്കിയിരുന്നു. മനുഷ്യ പരിമിതികൾ ഉൾക്കൊണ്ടാണ് അദ്ദേഹം ജാതി വ്യവസ്ഥക്കെതിരായ കൃതികൾ രചിച്ചത് സി.ഉണ്ണികൃഷ്ണൻ കൂട്ടിച്ചേർത്തു. കുമാരനാശാൻ കവിതകളുടെ ആലാപനവും ബാനർ സാംസ്കാരിക സമിതി ഗായക സംഘത്തിന്റെ സദസ്സും നടന്നു.



കൊല്ലം ജില്ലയിൽ അഞ്ചൽ, പുനലൂർ, കുണ്ടറ എന്നിടങ്ങളിലും നവോത്ഥാന സന്ദേശയാത്രക്ക് സ്വീകരണം നൽകപ്പെടുകയുണ്ടായി. അഞ്ചലിൽ നടന്ന സമ്മേളനത്തിൽ പ്രദീപ് കണ്ണങ്കോട് അധ്യക്ഷനായി. ഡോ.ഉഷ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പുനലൂരിൽ നടന്ന സ്വീകരണ സമ്മേളനം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു.

ജനുവരി പതിനഞ്ചിന് ആലപ്പുഴ ജില്ലയിൽ പ്രവേശിച്ച യാത്രയുടെ ആദ്യ സ്വീകരണയോഗം കായംകുളത്ത്, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് മുൻഡയറക്ടർ പ്രൊഫ.വി.കാർത്തികേയൻനായർ ഉദ്ഘാടനം ചെയ്തു. "നവോത്ഥാനം ഒരു തുടർപ്രക്രിയയാണ്. പാരമ്പര്യ മൂല്യങ്ങളെ എതിർത്ത് ചൈതന്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ ശ്രമിച്ചവരാണ് ഗുരുവും ആശാനും. ആ പ്രക്രിയയുടെ തുടർച്ചയാണ് നവോത്ഥാന സന്ദേശയാത്ര. ക്ലാവ് പിടിച്ച സ്വർണത്തിന് ചാരം പൂശുമ്പോൾ കാന്തി ലഭിക്കുന്നു. അതുപോലെ ക്ലാവ് പിടിച്ച മൂല്യസംഹിതകളിൽ ചാരം പൂശുമ്പോൾ കൂടുതൽ തിളക്കമുള്ള സമൂഹം രൂപപ്പെടുന്നു." അദ്ദേഹം പറഞ്ഞു.

മാവേലിക്കരയിൽ നൽകിയ സ്വീകരണം ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.ആർ.തമ്പാൻ ഉദ്ഘാടനംചെയ്തു. ആശാൻ സ്വപ്നംകണ്ടത് സമഭാവനയിലധിഷ്ഠിതമായ ലോകമാണ്. വഴി നടക്കാനും അറിവുനേടാനും മാറുമറക്കാനും സ്വാതന്ത്ര്യമില്ലാത്ത

(ശേഷം 12–ാം പേജിൽ)





പല്ലന കുമാരകോടിയിൽ നവോത്ഥാന സന്ദേശ യാത്രയുടെ സമാപനസമ്മേളനത്തിൽ പ്രൊഫ.വസന്തകുമാർ സാംബശിവൻ കഥാപ്രസംഗം അവതരിപ്പിക്കുന്നു. ആലപ്പുഴ ജില്ലയിലെ മംഗലത്ത് ഗായകസംഘത്തിന്റെ ഗാനസദസ്സ്. കുമാരി ഹരിചന്ദന ചണ്ഡാലഭിക്ഷുകി അവലംബമാക്കി നടത്തിയ ഓട്ടൻതുള്ളൽ. സമുദ്ര പെർഫോമിംഗ് ആർട്സ് കായിക്കരയിൽ അവതരിപ്പിച്ച സമുദ്രനടനം.

# സിറിയ – ഭരണ മാറ്റത്തിനുവേണ്ടിയുള്ള സാമ്രാജ്യത്വ കുതന്ത്രത്തിന്റെ പുതിയ തട്ടകം

**യുദ്ധംമൂലം തകർന്ന മദ്ധ്യേഷ്യയിൽ ആശങ്കാജനകമായ മറ്റൊരു സംഭവവികാസംകൂടെ ഉണ്ടായിരിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും സഖ്യകക്ഷികളുടെയും പിൻബലത്തോടെ സയണിസ്റ്റ് ഇസ്രയേൽ ഇതിനോടകം പലസ്തീനിനും ലിബിയ്ക്കുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധവും അതിക്രമങ്ങളും മദ്ധ്യേഷ്യയിലെ സംതുലിതാവസ്ഥ തകിടം മറിച്ചിരുന്നു. ഇപ്പോഴാകട്ടെ അമേരിക്ക, ഇസ്രയേൽ, ടർക്കി എന്നിവരുടെ പിന്തുണയുള്ള ഹൈഅത്ത് തഹ്‌രീർ അൽഷാം (എച്ച്ടിഎസ്) അഥവാ സിറിയ ലിബറേഷൻ കമ്മിറ്റി കഴിഞ്ഞ ഡിസംബർ 9 ന് സിറിയയുടെ തലസ്ഥാനമായ ഡമാസ്കസിനെ കാര്യമായ ചെറുത്തുനിൽപ്പില്ലാതെതന്നെ ബലാൽക്കാരമായി ഏറ്റെടുക്കുകയും പ്രസിഡന്റ് ബാഷർ അൽ അസദ് സർക്കാരിനെ അട്ടിമറിക്കുകയും ചെയ്തു.**



സിറിയൻ ആയുധഡിപ്പോകൾക്കു നേരെ ഇസ്രയേൽ 480ൽ അധികം ആക്രമണങ്ങൾ നടത്തി. 1967 മുതൽ അവർ കൈയടക്കിവച്ചിരിക്കുന്ന ഗോലാൻ കുന്നുകൾക്കുമപ്പുറത്ത് സൈനികനീക്കം റദ്ദുചെയ്തിട്ടുള്ള ബഫർ സോണിലേക്കുപോലും സൈന്യത്തെ കയറ്റി വിടുകയാണ്. ഇസ്രയേലിന് 'ന്യായമായ' ആശങ്കകളുണ്ടെന്ന് ന്യായീകരിച്ചുകൊണ്ട് സിറിയയിലെ വ്യാപകമായ ബോംബ് ആക്രമണത്തെ അമേരിക്കയും ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയും പിന്തുണച്ചിരിക്കുന്നു. അസദ് അഭയം തേടി റഷ്യയിലേക്ക് പലായനം ചെയ്തെന്നാണ് വാർത്തകൾ പറയുന്നത്.

## സിറിയ 2011 മുതൽ യുദ്ധത്തിന്റെ മുൾമുനയിൽ

പുതിയ സംഭവവികാസങ്ങളിലേക്ക് കടക്കുംമുമ്പ് മറ്റു ചില വിഷയങ്ങൾകൂടെ അറിയേണ്ടതുണ്ട്. 2011 മുതൽ അസദ് സർക്കാരും സൈന്യവും അമേരിക്കൻ പിന്തുണയുള്ള 'ഫ്രീ സിറിയൻ ആർമി' (എഫ്എസ്എ) യും അൽഖ്വയ്ദ ഘടകങ്ങളും തമ്മിൽ ആഭ്യന്തര യുദ്ധത്തിലാണ്. അമേരിക്കൻ സാമ്രാജ്യത്വവും സഖ്യകക്ഷികളും സിറിയയിൽ പിന്തുടരുന്ന രീതി, മുമ്പ് ഇറാഖിലും ലിബിയയിലും തുടർന്നതുതന്നെയാണ്; അതായത്, കെട്ടിച്ചമച്ച കാരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ആക്രമണം.

അസദ്, പണ്ടുമുതലേ അമേരിക്കയുടെ നിർദ്ദേശങ്ങൾക്കുമുമ്പിൽ തലകുനിക്കാത്ത ആളാണ്. അതുകൊണ്ടാണ് അമേരിക്കയും സഖ്യകക്ഷികളും എഫ്എസ്എ എന്ന സംഘടന രൂപീകരിക്കാൻ സർവ്വവിധ പിന്തുണയും നൽകിയത്. ജനാധിപത്യത്തിനുവേണ്ടിഅസദിനെപുറത്താക്കണമെന്ന് അവർ ആവശ്യമുയർത്തി. തുർക്കിയിലെ അദാന പ്രവിശ്യയിൽ സിറിയൻ അതിർത്തിക്കടുത്തുള്ള ഇൻസിറിലിക്കിനോട് ചേർന്നുള്ള രഹസ്യതാവളമാണ് എഫ്എസ്എ യുടെ സിരാകേന്ദ്രമെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അസദിനെ തളർത്തുക എന്ന ലക്ഷ്യത്തോടെ സിറിയയിൽ പ്രവർത്തിക്കുന്ന അൽഖ്വയ്ദ ഭീകരർക്കും ജിഹാദി തീവ്രവാദികളെ റിക്രൂട്ടുചെയ്യുന്നവർക്കും അവരുടെ പതിനായിരക്കണക്കിനു ചോറ്റുപട്ടാളത്തിനും അമേരിക്ക ധാരാളം ആയുധങ്ങളും പണവും നൽകുന്നുണ്ട്. അവരുടെ രൂപകല്പനപ്രകാരം 10,000 ത്തിലധികം വരുന്ന കൂലിപ്പട്ടാളത്തെ സിറിയയിലെ രണ്ടാമത്തെ വൻനഗരമായ അലപ്പോയിലേക്ക് അയച്ചു. അൽഖ്വെയ്ദയും സഖ്യമായ സലഫിസ്റ്റ് പോരാളികളും അയൽ രാജ്യങ്ങളിൽനിന്ന് സിറിയയിലേക്ക് നുഴഞ്ഞുകയറിയതായി ഒടുവിൽ അമേരിക്കൻ മാദ്ധ്യമങ്ങൾപോലും സമ്മതിച്ചു. അമേരിക്കയുടെ സഖ്യകക്ഷികളായ തുർക്കിയിലെയും സൗദിഅറേബ്യയിലെയും പുരോഹിതന്മാരും മതമൗലികവാദികളായ ഷൈഖുകളുമൊക്കെ "മതവിരുദ്ധ" സിറിയൻ സർക്കാരിനെതിരെ വിഷംചീറ്റിക്കൊണ്ട് സിറിയയെ മറ്റൊരു അഫ്ഗാനിസ്ഥാനാക്കി മാറ്റുവാൻ യുവസിറിയക്കാരെ പ്രേരിപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്ന് എണ്ണ ഖനനത്തിലും കൃഷിയിലും സമൃദ്ധമായ സിറിയയുടെ മൂന്നിലൊന്നുഭാഗത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുവാൻ അമേരിക്കയും തുർക്കി കൂലിപ്പട്ടാളവും ഭീകരരും വിജയിച്ചു. അമേരിക്ക-ഇസ്രയേൽ ജോഡിയും സഖ്യവും നടത്തിയ സിറിയയിലെ ആഭ്യന്തര യുദ്ധം 3,50,000 പേരുടെ ജീവനെടുക്കുകയും 1.3 കോടി സിറിയക്കാരെ അഭയാർത്ഥികളാക്കുകയും ചെയ്തു.

ഇത്രയും വിമതരെ വളർത്തിയെടുത്തിട്ടും അവർക്ക് അസദ് സർക്കാരിനെ താഴെയിറക്കാനോ സർക്കാരിൽനിന്നും എന്തെങ്കിലും നേടിയെടുക്കാനോ സാധിച്ചില്ല. പ്രതിവിപ്ലവത്തിനുശേഷം സാമ്രാജ്യത്വ രാജ്യമായിത്തീർന്ന റഷ്യയും ചൈനയും മദ്ധ്യേഷ്യയിൽ ആധിപത്യം സ്ഥാപിക്കുവാൻ ഒരേപോലെ താല്പര്യം കാണിച്ചുകൊണ്ട് ഇറാനുമായി ചേർന്ന് ആ മേഖലയിൽ ഒരു എതിർ അച്ചുതണ്ട് കെട്ടിപ്പടുക്കുവാൻ ശ്രമിച്ചു വരികയാണ്. അസദ് സർക്കാരിനെ ശക്തമായി പ്രതിരോധിക്കുവാൻ റഷ്യക്ക് ഇത്രയുംകാലം അവരുടെ ആയുധബലംകൊണ്ട് സാധിച്ചു. അതുകൊണ്ടാണ് സിറിയയുടെ പൂർണ്ണമായ നിയന്ത്രണം ഏറ്റെടുക്കാനുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഗൂഢനീക്കം ഇതുവരെ തടഞ്ഞുനിർത്തിയത്. അതുകൊണ്ട് മറ്റൊരു യുദ്ധപദ്ധതിയെന്ന നിലയിൽ കടുത്ത ഉപരോധം ഏർപ്പെടുത്തിക്കൊണ്ട് സിറിയയുടെ സമ്പദ് വ്യവസ്ഥ തകർക്കാൻ അവർ പദ്ധതിയിട്ടു. അടിസ്ഥാന ആവശ്യങ്ങൾ നിഷേധിച്ചുകൊണ്ടും ജനങ്ങളെ പട്ടിണിക്കിട്ടും വലച്ചുകൊണ്ട് സിറിയൻ സമ്പദ് വ്യവസ്ഥയെ പൊള്ളയാക്കുവാനും തകർക്കുവാനും ഉദ്ദേശിച്ചുള്ളതായിരുന്നു അത്. മറുവശത്ത് സാമ്രാജ്യത്വ റഷ്യയാകട്ടെ സ്വന്തം വർഗ്ഗ താൽപര്യങ്ങൾ മുൻനിർത്തിക്കൊണ്ടുതന്നെ ഭക്ഷണവും വസ്ത്രങ്ങളും മരുന്നുംവിതരണം ചെയ്തുകൊണ്ട് സിറിയയിൽ സ്വയംപര്യാപ്ത സാമ്പത്തിക ക്രമം നിലനിർത്താൻ ശ്രമിക്കുകയുണ്ടായി. നേരെമറിച്ച് സിറിയയിൽ അമേരിക്കൻ ആധിപത്യം സ്ഥാപിക്കുവാനുള്ള ശ്രമമാണെന്ന് പറഞ്ഞുകൊണ്ട് അമേരിക്കയും സഖ്യകക്ഷികളും സിറിയക്ക് സഹായങ്ങൾ നൽകാനുള്ള യുഎന്നിന്റെ നിർദ്ദേശത്തെ തടയാനും അവർ മുതിർന്നു.

അങ്ങനെ തങ്ങളുടെ അതിർത്തികൾ വിപുലമാക്കാനുള്ള സാമ്രാജ്യത്വ-സാമ്രാജ്യത്വ വൈരുദ്ധ്യത്തിന്റെ വളക്കൂറുള്ളമാ ഇടമായി സിറിയ മാറി.

## അസദ് സർക്കാരിന്റെ തകർച്ചയ്ക്ക് കാരണമെന്ത്?

ഇതുവരെ സിറിയയെ സൈനികമായും നയതന്ത്രപരമായും പ്രതിരോധിച്ച റഷ്യയും ഇറാനും ഇപ്പോൾ വെട്ടിലായിരിക്കുകയാണ്. ഒരേ സമയം യുക്രൈനിലും സിറിയയിലും പടനീക്കം നടത്താൻ റഷ്യക്കാവില്ല. ഇസ്രയേലുമായും അമേരിക്കയുമായുള്ള ഒരു വർഷത്തെ സംഘർഷം ഇറാനെയും വല്ലാതെ ഉലച്ചിട്ടുണ്ട്. അമേരിക്കൻ-ഇസ്രയേൽ സാമ്രാജ്യത്വ വിരുദ്ധ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് രാജ്യത്തെ ശിഥിലീകരിക്കാനുള്ള അവരുടെ ഹീനമായ നീക്കങ്ങളെ പരാജയപ്പെടുത്തുമ്പോൾതന്നെ അസദ് ഒരു ഏകീകൃത അർദ്ധ പ്രസിഡൻഷ്യൽ റിപ്പബ്ലിക് അല്ലെങ്കിൽ ഒരു ബൂർഷ്വാ ജനാധിപത്യ ഭരണകൂടമാണെന്നതിൽ തർക്കമില്ല. അതുകൊണ്ടുതന്നെ അവിടെ അടിച്ചമർത്തലും കുറവല്ല. അവിടെയുള്ള ജനങ്ങളും ബൂർഷ്വാഅടിച്ചമർത്തലിനും ചൂഷണത്തിനും വിധേയമായിട്ടുണ്ട്. ജീർണ്ണാവസ്ഥയിലുള്ള മറ്റെല്ലാ മുതലാളിത്ത രാജ്യങ്ങളെയുംപോലെ സിറിയൻ ബൂർഷ്വാസിക്കും അവരുടെ ജനങ്ങളുടെ ജനാധിപത്യ അഭിലാഷങ്ങൾ നിറവേറ്റാൻ കഴിയില്ല.

അതുകൊണ്ടുതന്നെ സാമ്പത്തിക പ്രതിസന്ധി ഭയാനകമായി ഉയർന്നു. 2011 മുതൽ 2021വരെ മാത്രം രാജ്യത്തിന്റെ ജിഡിപി 60% ചുരുങ്ങി. തൊഴിലില്ലായ്മ 50%ലും കവിഞ്ഞു. നിത്യോപയോഗസാധന വിലകൾ 93% വർദ്ധിച്ചു. ജനസംഖ്യയുടെ 90%വും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്; അതായത് ഒരു ദിവസം 2 ഡോളറിൽ താഴെ വരുമാനം. പ്രാഥമികമായി വേണ്ടുന്ന കുടുംബ വരുമാനമില്ലാത്തതിനാൽ അലപ്പോ പ്രദേശത്തെ 11% കുടുംബങ്ങളിലെയും കുട്ടികൾ പണിയെടുക്കുവാൻ നിർബന്ധിതരാകുന്നതായി 2023ലെ ഒരു സർവ്വേ പറയുന്നു. അമേരിക്കൻ ഉപരോധം ഉണ്ടാക്കിയ വൻ പണപ്പെരുപ്പവും അയൽരാജ്യമായ ലബനനിലെ ബാങ്ക് പ്രതിസന്ധിയും ദശലക്ഷക്കണക്കിനാളുകളെ അനാഥത്വത്തിലേക്ക് തള്ളിവിട്ടു. 2023ൽ അമേരിക്കൻ ഡോളറുമായുള്ള വിനിമയത്തിൽ സിറിയൻ പൗണ്ടിന്റെ മൂല്യം 141% ആയി കുറഞ്ഞു. അസദ് ഭരണം നിലനിൽക്കുന്നോ അതോ തകർന്നോ എന്ന പരിഗണനയേതുമില്ലാത്ത തരത്തിൽ, നിരാശരും ആത്മവീര്യം തകർക്കപ്പെട്ടവരുമായി സിറിയൻ ജനത മാറി.

എച്ച്ടിഎസ് ആക്രമണത്തിനെതിരെ ചെറുത്തുനിൽക്കാൻ അസദ് സർക്കാരിനു കഴിയുമെന്ന് പല സിറിയക്കാരും വിശ്വസിച്ചുപോന്നു. എന്നാൽ അവരെ നിരാശരാക്കിക്കൊണ്ട് റഷ്യ പിന്മാറി നിന്നു. വൈദഗ്ധ്യമുള്ള റിപ്പബ്ലിക്കൻ ഗാർഡുകൾ പോലും വിമതർക്കു കീഴടങ്ങി. റഷ്യയുടെയും ഇറാന്റെയും പിന്തുണ ഇല്ലാതായതോടെ അസദ് സൈന്യത്തിന്റെ മനോവീര്യം എത്ര മാത്രം ഇടിഞ്ഞുവെന്ന് ഇതുകാണിച്ചു തരുന്നു. അതിനാൽ ഭൂരിപക്ഷം സിറിയക്കാരുടെയും ഇന്നത്തെ മാനസികാവസ്ഥ മുൻകാലങ്ങളിൽ നടന്ന അമേരിക്കൻ സാമ്രാജ്യത്വ വിരുദ്ധ ആഭ്യന്തരയുദ്ധത്തിൽ കണ്ടതിന് തീർത്തും വിപരീതമാണ്. അക്കാലത്ത് ഭൂരിപക്ഷം ജനങ്ങളും ജിഹാദി മതമൗലിക വാദികളെ എതിർക്കാൻ അസദ് ഭരണകൂടത്തിനു പിന്നിൽ അണിനിരന്നിരുന്നു. എന്നാൽ ഇപ്പോൾ നിരാശയിൽ മുങ്ങിത്താണിരിക്കുന്ന സാഹചര്യവും ഇതുവരെ ലഭ്യമായിരുന്ന റഷ്യയുടെയും ഇറാന്റെയും പിന്തുണ ചുരുക്കപ്പെടുകയും ചെയ്ത അവസ്ഥയിൽ എച്ച്ടിഎസ് പോലുള്ള ജിഹാദികൾക്ക് അലപ്പോ, ഡമാസ്കസ് തുടങ്ങിയ നഗരങ്ങളിലെ ആക്രമണത്തിലൂടെ പ്രസിഡന്റ് അൽ അസദ് ബഷാറിനെ താരതമ്യേന എളുപ്പത്തിൽ പുറത്താക്കാനുള്ള നീക്കങ്ങൾ നടത്താനായി. ഈ അവസരം മുതലാക്കി അസദിനെ പുറത്താക്കാനുള്ള അമേരിക്കൻ ലോബിയുടെ പരിശ്രമം ഫലം കണ്ടു.

## അമേരിക്കൻ സാമ്രാജ്യത്വ ശക്തി സിറിയയെ കീഴടക്കാൻ വ്യഗ്രത കാണിക്കുന്നതെന്തിന്?

അമേരിക്കൻ സാമ്രാജ്യത്വ മേൽക്കോയ്മയും സഖ്യശക്തിയും പ്രസിഡന്റ് അസദിനെ പുറത്താക്കാൻ വ്യഗ്രത കാട്ടുന്നതെന്തിനാണ് എന്നതാണ് അടുത്ത കാര്യം. ഇറാനെയോ ഇറാഖിനെയോപോലെ സിറിയ പ്രധാനപ്പെട്ട ഒരു എണ്ണ ഉൽപാദക രാജ്യമല്ല. എന്നാൽ സൗദി അറേബ്യയുടെയും ഇറാന്റെയും എണ്ണ പൈപ്പ് ലൈനുകൾ സിറിയൻ മരുഭൂമിയിലൂടെ കടന്നുപോകുന്നുണ്ട്. അതോടൊപ്പം ലോകത്തെ ഏറ്റവും വലിയ പ്രകൃതി വാതക നിക്ഷേപം ഖത്തറിന്റെയും ഇറാന്റെയും അതിർത്തിയുൾപ്പെടുന്ന പേർഷ്യൻ ഗൾഫിന്റെ മദ്ധ്യഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. 2011 ജൂലൈയിൽ സിറിയ, ഇറാൻ, ഇറാഖ് എന്നീ രാജ്യങ്ങൾ ചരിത്രപരമായ വാതക പൈപ്പ് ലൈൻ ഊർജ്ജ കരാറിൽ ഒപ്പുവച്ചിരുന്നു. ഇറാനിയൻ തുറമുഖമായ അസ്സലായെയിൽ നിന്നാരംഭിച്ച് ഇറാഖിലൂടെ സിറിയയിലെ ഡമാസ്കസിൽ എത്തുന്നതായിരുന്നു അത്. ഇറാൻ, ഇറാഖ്, ലബനൻ, സിറിയ എന്നിവിടങ്ങളിൽ വ്യാപിച്ചുകിടക്കുന്ന നയതന്ത്രപരമായ ഭൗമശാസ്ത്ര ഇടമായാണ് ഈ കരാർ വിഭാവന ചെയ്യുന്നത്. കരാർ ഒപ്പിട്ടതിനു പിന്നാലെ ഖറഹന്ദ് പ്രദേശത്ത് ഒരു പുതിയ വാതകക്കിണർ കണ്ടെത്തിയതായി സിറിയ അറിയിച്ചു. പ്രകൃതി വാതകത്തിന്റെ വേർതിരിച്ചെടുക്കൽ, ഉൽപാദനം, ഗതാഗതം, വിൽപ്പന ഇവ ഏറ്റെടുത്തു നടത്തുന്ന റഷ്യൻ കമ്പനിയായ 'ഗാസ്പ്രോം' എന്ന കമ്പനിയെ ഈ പുതിയ വാതകപ്പാടത്തിന്റെ നിക്ഷേപകരെന്ന നില

(ശേഷം 9–ാം പേജിൽ)

# ഇംഗിതത്തിന് വഴങ്ങുന്ന സർക്കാരിനെ നിയമിച്ച് സിറിയയെ വരുതിയിലാക്കാൻ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന ഹീനനീക്കം

(8-ാം പേജിൽ നിന്ന്)

ക്ക് സിറിയ നിയോഗിച്ചു. യൂറോപ്യൻ യൂണിയനാണ് പ്രകൃതിവാതകത്തിന്റെ പ്രധാന വാണിജ്യകേന്ദ്രം. യൂറോപ്യൻ യൂണിയന്റെ ബൃഹത്തായ കമ്പോളം പിടിക്കാനായി ഡമാസ്കസിൽനിന്നും ലബനനിലെ മെഡിറ്ററേനിയനിലേക്ക് പൈപ്പ് ലൈൻ നീട്ടാനുള്ള പദ്ധതി ഇറാഖിനും ഉണ്ടായിരുന്നു.

ഈ നിർണ്ണായകമായ പ്രകൃതി വിഭവങ്ങളിലും വിതരണ ശൃംഖലകളിലും ദീർഘനാളായി കണ്ണുവച്ചിരുന്ന അമേരിക്കയ്ക്ക് ഇതിലൊന്നും വലിയ തൃപ്തിയുണ്ടായില്ല. അസദിനെ നിയന്ത്രിക്കാൻ അവർക്ക് സാദ്ധ്യമായിരുന്നില്ല. റഷ്യൻ സാമ്രാജ്യത്വം സിറിയയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചാൽ അത് മദ്ധ്യപൂർവ്വേഷ്യയിലെ തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ കുതന്ത്രങ്ങളെയും വർഗ്ഗപരമായ താല്പര്യങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്ന് അമേരിക്കയും വമ്പൻ എണ്ണ ബഹുരാഷ്ട്ര കമ്പനികളും ബാങ്കുകളും ഭയപ്പെട്ടു. അമേരിക്കയുടെ താല്പര്യങ്ങൾ നടപ്പിലാകാതെ അമേരിക്കൻ സൈന്യത്തിനു പിന്മാറേണ്ടിവന്നാൽ ലോക മുതലാളിത്ത കമ്പോളത്തിൽ പ്രധാന എതിരാളിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന സാമ്രാജ്യത്വ റഷ്യയ്ക്കും ചൈനക്കും ഗുണം ചെയ്യുമെന്നും അവർ സന്ദേഹിക്കുന്നു. പശ്ചിമേഷ്യയിലെ അമേരിക്കൻ വിരുദ്ധ റഷ്യൻ പക്ഷപാതിയായ ഇറാന്റെ ശക്തിപ്പെടലിനും അതു കാരണമാവും എന്നുമവർ ചിന്തിക്കുന്നു. അതുകൊണ്ട് സിറിയയെ കീഴടക്കിക്കൊണ്ട് അവരുടെ ഇംഗിതത്തിനു വഴങ്ങുന്നഒരുസർക്കാരിനെപ്രതിഷ്ഠിക്കേണ്ട 'അനിവാര്യത'യും അവർക്കുണ്ട്.

## എച്ച്ടിഎസും അതിന്റെ ലക്ഷ്യവും

സിഐഎയുടെയും മൊസാദി (ഇസ്രയേൽ ചാര ഏജൻസി) ന്റെയും ചാരപ്രജനന പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കളായ അൽഖ്വയ്ദയുടെ സിറിയൻ ശാഖയായ ജബത് അൽ നുസ്രയിൽ നിന്നാണ് ഇപ്പോൾ സിറിയയിൽ അധികാരം പിടിച്ചെടുത്ത എച്ച്ടിഎസ് വികസിച്ചത്. കുപ്രസിദ്ധ തീവ്രവാദി സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റി(ഐഎസ്)ലും അന്താരാഷ്ട്ര ഇസ്ലാമിക അൽഖ്വയ്ദയുടെ ശൃംഖലയിലും അവർക്കു വേരുകൾ കാണാം. എച്ച്ടിഎസുമായി അടുത്തബന്ധം പുലർത്തുന്ന മുഹമ്മദ് അൽ ബാഷിറിനെ 2025 മാർച്ച് 1 വരെ സിറിയൻ സർക്കാരിന്റെ കാവൽ പ്രധാനമന്ത്രിയായി ഇപ്പോൾ നിയമിച്ചിരിക്കുകയാണ്. എച്ച്ടിഎസിന്റെ പ്രസ്താവനകളിലും അഭിമുഖങ്ങളിലും ജനാധിപത്യം എന്ന വാക്ക് അവർ ഉച്ചരിക്കുന്നില്ല. അമേരിക്കയും ടർക്കിയും സൗദി അറേബ്യയും സിറിയൻ തീവ്രവാദ ഗ്രൂപ്പുകൾക്ക്'ആയുധേതര' പിന്തുണ നൽകുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

## എച്ച്ടിഎസ്-അമേരിക്കൻ ബന്ധം മറനീക്കി പുറത്തുവരുന്നു

അൽ അസദ് ഭരണകൂടത്തിന്റെ തകർച്ചയെ യുഎസും യൂറോപ്യൻ യൂണിയനും സ്വാഗതം ചെയ്തു. റഷ്യയ്ക്കും ഇറാനുമേറ്റ കനത്ത പ്രഹരമായി അവർ അതിനെ കാണുന്നു. ഇതുവരെ എച്ച്ടിഎസിനെ ഒരു തീവ്രവാദ പ്രസ്ഥാനമായി കണ്ട അമേരിക്ക, ഇപ്പോൾ വിദേശ 'തീവ്രവാദി' എന്ന പരാമർശം നീക്കംചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. രക്തച്ചൊരിച്ചിൽ നടത്തുന്ന ഇസ്രയേലിനെ 'മദ്ധ്യ പൂർവ്വ ദേശത്തെ ഒരേയൊരു ജനാധിപത്യം' എന്നു വിശേഷിപ്പിക്കുന്ന സാമ്രാജ്യത്വാനുകൂല മാദ്ധ്യമങ്ങൾ സിറിയൻ വിമതരെ 'മിതവാദികൾ' എന്ന പേരിൽ വെള്ളപൂശുകയാണ്. ഇസ്രയേൽ വിരുദ്ധ ഹമാസ് (പലസ്തീൻ), ഹൂത്തി(യമൻ), ഹിസ്ബുല്ല (ലെബനൻ) എന്നിവയെ 'പ്രാകൃത ഗ്രൂപ്പുകൾ' എന്ന് അപലപിക്കുന്ന പാശ്ചാത്യ സാമ്രാജ്യത്വചേരി, സിഐഎയുടെ ആയുധവും പണവുംകൊണ്ട് പ്രവർത്തിക്കുന്ന കുപ്രസിദ്ധമായ എച്ച്ടിഎസിനെ അടിച്ചമർത്തലിനും അനീതിക്കുമെതിരെ പോരാടുന്ന മാന്യമായ സംഘടനയായാണ് ചിത്രീകരിക്കുന്നത്. ഇസ്ലാമിക മൗലികവാദികളുമായി ബാന്ധവത്തിലേർപ്പെടാൻ തെല്ലും മടി കാണിക്കാത്ത, അസദ് സർക്കാരിനെ അട്ടിമറിക്കാൻ കൂട്ടുനിന്ന തുർക്കി പ്രസിഡന്റ് എർദോഗന് ഇപ്പോൾ സിറിയ വഴി യൂറോപ്പിനെയും ഗൾഫിനെയും ബന്ധിപ്പിക്കുന്ന പ്രാദേശിക ഇടനാഴിയിൽ സ്വാധീനമുണ്ടാക്കാനും കഴിയും.

## എച്ച്ടിഎസിനെക്കുറിച്ചുള്ള ഇസ്രയേലിന്റെ ആശങ്ക

എഎച്ച്ടിഎസും മറ്റ് ജിഹാദി ഗ്രൂപ്പുകളും ചേർന്ന് അസദ് സർക്കാരിനെ പുറത്താക്കിയെങ്കിലും സിറിയയിലെ ഭരണമാറ്റത്തിൽ ഇസ്രയേൽ സർക്കാരിന് തൃപ്തിയില്ലെന്ന് മാദ്ധ്യമങ്ങളിലൂടെ പുറത്തു വരുന്നു. അതെന്താണ്? 'നിയന്ത്രിത അരാജകത്വം' സൃഷ്ടിക്കാനായി അമേരിക്കൻ സാമ്രാജ്യത്വവും പിണിയാളരും മുൻകൈയെടുത്ത് വളർത്തിയെടുത്ത ശക്തികൾ പിന്നീട് അവരുടെ കൈയിൽതന്നെ ഒതുങ്ങാതെ വരുന്നതിന്റെ പാഠങ്ങൾ കൊണ്ടാകാം അത്. വിദ്വേഷം വളർത്തിയെടുക്കാൻ സാമ്രാജ്യത്വം വളർത്തിയ ഐഎസിന്റെ ഉയർച്ചയും ജിഹാദികളുടെ വ്യാപനവും സാമ്രാജ്യത്വ ഇംഗിതങ്ങൾക്കുപരിയായി പ്രസ്തുത പ്രദേശങ്ങളെ അപരിഷ്കൃതമായ പാതയിലേക്ക് വലിച്ചിഴക്കുകയാണ്. അതിനാൽ സിറിയയിലെ പുതിയ ഭരണകൂടം തങ്ങളുടെ വരുതിയിൽനിന്നും വഴുതിപ്പോകുമെന്നും പലസ്തീനിനോടും മറ്റും കൂടുതൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചേക്കുമെന്നും ഇസ്രയേൽ ഭരണാധികാരികൾ ഭയപ്പെടുന്നുണ്ടാകാം. സിറിയയുടെ കൈയിലുള്ള തന്ത്രപ്രധാനമായ ആയുധശേഖരം നശിപ്പിക്കാനായിരിക്കണം ഇസ്രയേൽ സിറിയയിലുടനീളം വലിയ വ്യോമാക്രമണം നടത്തിക്കൊണ്ട് സിറിയയെ യുദ്ധത്തിലേക്ക് വലിച്ചിഴക്കുന്നത്.

## സ്വന്തം ഭരണം തിരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ അലംഘനീയമായ അവകാശം

ഒരു സാമ്രാജ്യത്വശക്തിക്കോ ഇസ്രയേലിനെപ്പോലുള്ള ഒരു സയണിസ്റ്റ് ഭരണകൂടത്തിനോ ഒരു പാവ സർക്കാരിനെ സ്ഥാപിച്ചുകൊണ്ട് ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ദുരവസ്ഥയും ദാരിദ്ര്യവും നിർമ്മാർജനം ചെയ്യാനും അവരുടെ വിയോജിപ്പുകളെ ഇല്ലാതാക്കുവാനും കഴിയില്ല. സ്വന്തം ഭരണം തിരഞ്ഞെടുക്കാനുള്ള ഒഴിച്ചുകൂടാനാവാത്ത അവകാശം ഏതൊരു രാജ്യത്തെയും ജനങ്ങൾക്കാണുള്ളത്. ഒരുവിദേശ ശക്തിയും ഏതെങ്കിലുമൊരു പരമാധികാര രാഷ്ട്രത്തിന്റെ ആഭ്യന്തരമായ കാര്യങ്ങളിൽ നിയമവിരുദ്ധമായും അനധികൃതമായും ഇടപെടാൻ പാടില്ല. സിറിയ എന്ന രാജ്യം ഏതു മാർഗ്ഗത്തിൽ മുന്നേറണമെന്ന തീരുമാനമെടുക്കൽ സിറിയക്കാർക്ക് വിട്ടുകൊടുക്കണം.

## പാഠങ്ങൾ

അമേരിക്ക-ഇസ്രയേൽ സഖ്യവും അവരുടെ കൂട്ടാളികളും നടത്തിക്കൊണ്ടിരിക്കുന്ന പിന്തിരിപ്പൻ ഗൂഢാലോചന പരാജയപ്പെടുന്നതുവരെ മദ്ധ്യേഷ്യയിലുടനീളം അതിന്റെ വിഷം ചീറ്റുന്നത് അവസാനിപ്പിക്കില്ല എന്നതാണ് സിറിയൻ ഉദാഹരണത്തിൽ നിന്ന് എടുക്കേണ്ട പാഠം. സാമ്രാജ്യത്വ



ത്തിനെതിരായ പോരാട്ടത്തിൽ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു മുതലാളിത്ത ഭരണകൂടത്തെയും ആശ്രയിക്കാൻ കഴിയില്ലെന്നതാണ് അടുത്ത പാഠം. വിപ്ലവകരമായ ഒരു നേതൃത്വത്തിനു ജന്മം നൽകിക്കൊണ്ടും ശരിയായ അടിസ്ഥാന രാഷ്ട്രീയ പാതയിലൂടെ സഞ്ചരിച്ചുകൊണ്ടും അവർ വിമോചനത്തിനായി പോരാടേണ്ടതുണ്ട്. അതുവരെയുള്ള സമയത്ത് എല്ലാവർക്കും തുല്യമായ പൗരത്വം ഉറപ്പുനൽകുന്ന ഒരു മതേതര ജനാധിപത്യ ഭരണഘടനക്കു കീഴിൽ എല്ലാ രാഷ്ട്രീയ ഗ്രൂപ്പുകളുടെയും പൂർണ്ണ പങ്കാളിത്തമുള്ള സ്വതന്ത്രവും നീതിയുക്തമായ തിരഞ്ഞെടുപ്പും ശരിയായ നിക്ഷ്പക്ഷതയോടെ യുഎന്നിന്റെ മേൽനോട്ടത്തിൽ എല്ലാ സായുധ സംഘങ്ങളെയും പിരിച്ചുവിടുകയുമാണ് രാജ്യത്ത് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന പ്രക്ഷുബ്ധതയിൽനിന്നും രക്ഷപ്പെടാനുള്ള ഏക മാർഗ്ഗം. ഈയടുത്ത നാളുകളിലെ എച്ച്ടിഎസിന്റെ അഭിപ്രായപ്രകടനങ്ങളും മർക്കടമുഷ്ടിയും ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. മതനിഷേധികൾ, മതനിന്ദകർ, മതപരിത്യാഗികൾ എന്ന് അവർ പലപ്പോഴും വിശേഷിപ്പിക്കുന്ന സമുദായങ്ങൾക്ക് ഒരിഞ്ചുപോലും രാഷ്ട്രീയ ഇടം നൽകാൻ അവർ സമ്മതിക്കില്ല.

## അമേരിക്കൻ സാമ്രാജ്യത്വം സിറിയ വിട്ടുപോകുക

സാഹചര്യം സ്ഫോടനാത്മകമാണ്. എല്ലാം കൈയടക്കുന്നതിനായുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ക്രൂരതയും മനുഷ്യത്വരാഹിത്യവും അതിരുകടന്നതാണ്. അമേരിക്കയും യൂറോപ്പിലെ അവരുടെ ക്യാമ്പും മദ്ധ്യേഷ്യയിലെ അവരുടെ പട്ടാളവും സയണിസ്റ്റ് ഇസ്രയേലും സൗദി അറേബ്യയുമെല്ലാം ചേർന്ന് ഈ മേഖലയെ ഒരു കൊലക്കളമാക്കി മാറ്റിയിരിക്കുകയാണ്. അഫ്ഗാനിസ്ഥാൻ, പലസ്തീൻ, ഇറാഖ്, ലിബിയ, സിറിയ... പട്ടിക നീളുകയാണ്. സാമ്രാജ്യത്വ ശക്തികളുടെ കിരാതമായ രോഷത്തിനും കൂട്ടക്കൊലകൾക്കും ഇനി യാരാണ് ഇരയാകുന്നത്? സ്ത്രീകളും കുട്ടികളും അടക്കമുള്ള എത്ര നിരപരാധികളായ പൗരന്മാർ നിഷ്കരുണം കൊല്ലപ്പെടും; എത്ര പേർ അംഗവിഹീനരാകും; എത്ര മാത്രം സ്വത്ത് നശിപ്പിക്കപ്പെടും? സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയ്ക്കുശേഷം റഷ്യയും ചൈനയും സാമ്രാജ്യത്വ ശക്തികളായി മാറുകയുംകൂടെ ചെയ്തപ്പോൾ അമേരിക്കൻ-ഇസ്രയേൽ കിരാതത്വത്തിന് നിയന്ത്രണമൊന്നുമില്ല. മറുവശത്ത് റഷ്യയും ചൈനയും അവരുടെ സാമ്രാജ്യത്വ അഭിലാഷങ്ങൾ നിറവേറ്റാനുള്ള അവസരങ്ങൾക്കായുള്ള വേട്ടയിലുമാണ്.

ഈ സാമ്രാജ്യത്വ മേൽക്കോയ്മയുടെയും യുദ്ധസന്നാഹങ്ങളുടെയും ആഘാതം സഹിക്കേണ്ടിവരുന്നത് സാധാരണക്കാർക്കാണ്. അർദ്ധ പട്ടിണിയിലും ദാരിദ്ര്യത്തിലും പെട്ട് ഉഴലുന്ന ജനങ്ങളുടെ ചെലവിൽ ബൂർഷ്വാ ഭരണാധികാരികൾ ജനങ്ങൾക്കു നേരെ ഉപയോഗിക്കാനുള്ള മാരകമായ ആയുധങ്ങൾ നിർമ്മിക്കുകയാണ്. സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളും അവരുടെ ആയുധവ്യാപാരികളും പണം കുന്നുകൂട്ടുമ്പോൾ നിരപരാധികളും നിസ്സഹായരുമായ ജനങ്ങൾക്കാണ് അവരുടെ സ്വത്തും ജീവനും നഷ്ടപ്പെടുത്തേണ്ടിവരുന്നത്. ജനങ്ങൾ ഉണർന്നെണീൽക്കുക എന്നുള്ളതു മാത്രമാണ് ഒരേയൊരു ബദൽ. സാമ്രാജ്യത്വ- മുതലാളിത്ത രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന ദശലക്ഷക്കണക്കിനു വരുന്ന ജനങ്ങൾ ശരിയായ വിപ്ലവ പാർട്ടിയും നേതൃത്വവും വികസിപ്പിച്ചെടുത്തുകൊണ്ട് ശരിയായ, ആത്മാർത്ഥതയുള്ള തൊഴിലാളി വർഗ്ഗ വിപ്ലപോരാട്ടത്തിന് നേതൃത്വം നൽകേണ്ടതുണ്ട്. അടിച്ചമർത്തുന്ന സാമ്രാജ്യത്വ മുതലാളിത്ത ശക്തികളുടെ അവിശുദ്ധ കൂട്ടുകെട്ടിനെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യവും സാഹോദര്യവും അതിലൂടെയുള്ള ജനകീയ ശക്തിയുടെ ആവിർഭാവവും കാലത്തിന്റെ ആവശ്യകതയായിരിക്കുന്നു. അതുപോലെ തങ്ങളാഗ്രഹിക്കുന്നതെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്രാജ്യത്വ കൊള്ളക്കാരെ തടഞ്ഞുനിർത്താനായി, മുൻപുണ്ടായിരുന്ന ശക്തമായ സോഷ്യലിസ്റ്റ് ക്യാമ്പിന്റെ അഭാവത്തിൽ, ലോകമെമ്പാടും സംഘടിതമായ ചെറുത്തുനിൽപ്പിന്റെ കോട്ട സൃഷ്ടിക്കാനായി ശക്തമായ സാമ്രാജ്യത്വ പ്രസ്ഥാനം പടുത്തുയർത്തണം. കമ്മ്യൂണിസ്റ്റുകൾ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏകീകൃതവും സുസ്ഥിരവും സാമ്രാജ്യത്വ വിരുദ്ധ യുദ്ധവിരുദ്ധ സമാധാന പ്രസ്ഥാനങ്ങൾ ലോകത്തിന്റെ ഓരോ കോണിലും സ്ഥാപിച്ചുകൊണ്ട് സിറിയയിൽനിന്നും മറ്റ് അധിനിവേശ പ്രദേശങ്ങളിൽനിന്നും യുദ്ധം തകർത്തെറിഞ്ഞ മേഖലകളിൽനിന്നും പിന്മാറാൻ സാമ്രാജ്യത്വ യുദ്ധവെറിയന്മാരുടെമേൽ സമ്മർദ്ദം ചെലുത്തണം. ഇത് സിറിയൻ ജനതക്ക് അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾ കൾക്കെതിരായ പോരാട്ടത്തിൽ ആത്മവിശ്വാസം നൽകുകയും അവരുടെ ലക്ഷ്യപൂർത്തീകരണത്തിന് ആവേഗം നൽകുകയും ചെയ്യും. ലോകത്തെ അദ്ധ്വാനിക്കുന്ന ജനങ്ങൾ ഒന്നിച്ചുകൊണ്ട് ഏകകണ്ഠമായി ശബ്ദമുയർത്തട്ടേ. അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾ സിറിയ വിടുക!! ■

## കേന്ദ്രസർക്കാരിന്റെ പുതിയ ദേശീയ കാർഷിക വിപണന നയരേഖ

# കാർഷിക കരിനിയമങ്ങൾ പിൻവാതിലിലൂടെ പുനഃസ്ഥാപിക്കാനുള്ള നീക്കത്തെ പരാജയപ്പെടുത്തുക

**കൊ**ടുംതണുപ്പും ചുട്ടുപൊള്ളുന്ന ചൂടും സഹിച്ചും 735 ജീവൻ ബലിയർപ്പിച്ചും ഡൽഹി അതിർത്തിയിൽ നീണ്ട പതിമൂന്ന് മാസക്കാലം ഐതിഹാസികമായ പോരാട്ടം നടത്തിയാണ് മൂന്ന് കാർഷിക കരിനിയമങ്ങൾ പിൻവലിക്കാൻ കർഷകർ, കേന്ദ്ര ബിജെപി സർക്കാരിനെ നിർബന്ധിതരാക്കിയത്.

ബഹുരാഷ്ട്ര കുത്തകകളുടെ താല്പര്യം സംരക്ഷിക്കുന്നതും, സാധാരണ കർഷകരുടെ താല്പര്യത്തിന് വിരുദ്ധവുമായ മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെ കർഷകർ ധീരോദാത്തമായി പോരാടി. ആ കരിനിയമങ്ങൾ പിൻവലിക്കാൻ ബിജെപി സർക്കാർ നിർബന്ധിതരായെങ്കിലും തങ്ങളുടെ കോർപ്പറേറ്റ് യജമാനന്മാരെ സേവിക്കാനായി ഇപ്പോൾ "കാർഷിക വിപണന ദേശീയ നയരേഖ" എന്നപേരിൽ, അതേ വീഞ്ഞ് പുതിയ കുപ്പിയിൽ അവതരിപ്പിച്ചിരിക്കുകയാണ്.

പുതിയ ദേശീയ കാർഷിക വിപണന നയചട്ടക്കൂട് 2024 നവംബർ 25നാണ് കാർഷിക-കർഷകക്ഷേമ മന്ത്രാലയം (MA & FW) പുറത്തിറക്കിയത്. "എല്ലാ വിഭാഗങ്ങളിലുംപെടുന്ന കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് അവർക്ക് ഇഷ്ടമുള്ള ഒരു വിപണി കണ്ടെത്തുന്നതിന് രാജ്യത്ത് ഊർജ്ജസ്വലമായ ഒരു വിപണന ആവാസവ്യവസ്ഥ നിർമ്മിക്കുക" (അധ്യായം 2) എന്നതാണ് ലക്ഷ്യമായി അവർ പ്രഖ്യാപിച്ചത്. "പൊതു-സ്വകാര്യ മേഖലകളുടെ പങ്കാളിത്തത്തോടെ അത് നേടുന്നതിന്, കാർഷിക വിപണന നിയമങ്ങളുടെയും നയങ്ങളുടെയും പരിഷ്കാരങ്ങൾ സഹായകമാകും" (അധ്യായം 3.2) എന്നും പറഞ്ഞു. ഇതിനായി "സ്വകാര്യ മൊത്തക്കച്ചവട വിപണികൾ സ്ഥാപിക്കാൻ അനുവദിക്കുന്നു". (അധ്യായം 7.1.3.1) "പ്രോസസർമാർ, കയറ്റുമതിക്കാർ, സംഘടിത ചില്ലറ വ്യാപാരികൾ, കൃഷിയിടത്തുനിന്നും വാങ്ങുന്ന മൊത്തക്കച്ചവടക്കാർ എന്നിവരെ മൊത്തമായി നേരിട്ട് വാങ്ങാൻ അനുവദിക്കുന്നു". (അധ്യായം 7.1.3.2) "ഇ-ട്രേഡിംഗ് പ്ലാറ്റ്ഫോം സ്വകാര്യമായി സ്ഥാപിക്കാനും പ്രവർത്തിപ്പിക്കുവാനും അനുവദിക്കുന്നു". (അദ്ധ്യായം 7.1.3.4)

സ്വകാര്യ ഇടപെടലുകാർക്ക് സഹായകരമാകുന്ന മറ്റ് പരിഷ്കാരങ്ങളും വ്യക്തമായും സ്വദേശ-വിദേശ ബഹുരാഷ്ട്ര കമ്പനികൾക്ക് ഗുണകരമാണ്. വിരോധാഭാസമെന്നു പറയട്ടെ, ഈ പുതിയ നയചട്ടക്കൂടിൽ നിയമപരമായ ഗ്യാരണ്ടിയോടെയുള്ള മിനിമം താങ്ങുവിലയെക്കുറിച്ച് (എംഎസ്പി) യാതൊരു പരാമർശവുമില്ല. "വിപണിയെയും, വിലയെയും പ്രതികൂലമായി ബാധിക്കുന്നത് കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണമായി കരാർ കൃഷിനടപ്പിലാക്കാനും" നയ ചട്ടക്കൂടിൽ നിർദ്ദേശമുണ്ട്. (അധ്യായം 10.1.1) പ്രധാനമന്ത്രി-ഫസൽ ബീമാ യോജനയുടെ മാതൃകയിലുള്ള വില ഇൻഷുറൻസ് സ്കീം അതിൽ പ്രസ്താവിച്ചിട്ടുണ്ട്. (അധ്യായം 10.1.3)

ഈ പരിഷ്കരണ നിർദ്ദേശങ്ങൾ മുഴുവൻ വിശകലനം ചെയ്യുന്നതിനുമുമ്പ്, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് നമുക്ക് നോക്കാം. നിലവിൽ ഇന്ത്യയിൽ എപിഎംസി ആക്ട് പ്രകാരം 7057 സംഘടിത മൊത്തവ്യാപാര വിപണികൾ നിലവിലുണ്ട്. ഇതു കൂടാതെ നിയന്ത്രണങ്ങൾ യാതൊന്നുമില്ലാത്ത, 500 മാർക്കറ്റുകളും, പ്രധാനമായും ചെറുകിട ഗ്രാമീണ മുതലാളിമാരുടെ നിയന്ത്രണത്തിലുള്ള 22,931 ഗ്രാമീണ വിൽപ്പനകേന്ദ്രങ്ങളും നിലവിലുണ്ട്.

സ്വാതന്ത്ര്യലബ്ധി മുതൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് കർഷകരുടെ ഉല്പന്നങ്ങൾ ആദായകരമായി വിൽക്കാൻ ഉചിതമായ സംവിധാനങ്ങളില്ല എന്നതാണ്. തൽഫലമായി, കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ ഉല്പാദന ചെലവിനെക്കാൾ താഴ്ന്നവിലയ്ക്ക് വിൽക്കാൻ നിർബന്ധിതരാകുകയും അതുവഴി കനത്ത നഷ്ടം നേരിടുകയും ചെയ്യുന്നു. ഇതിന്റെ അനന്തരഫലമാണ് കർഷകരെ ആത്മഹത്യയിലേക്ക് നയിക്കുന്ന കടബാധ്യത. ഈ പ്രക്രിയയിൽ പലപ്പോഴും പണം കടം കൊടുക്കുന്നവർ കമ്മീഷൻ ഏജന്റുമാരായി പ്രവർത്തിക്കുന്നു. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിൽ ഇടനിലക്കാരുടെ ശൃംഖല വളരെ വലുതും ശക്തവുമായതിനാൽ, കർഷകരുടെ വിഹിതം ഗണ്യമായി കുറയുന്നു. ഉദാഹരണത്തിന്, അരിയുടെ വിലയിൽ 53% മാത്രമേ കർഷകർക്ക് ലഭിക്കുന്നുള്ളുവെന്നും 31% ഇടനിലക്കാരുടെ വിഹിതമാണെന്നും ബാക്കി 16% വിപണന ചെലവാണെന്നും ഒരു പഠനം വ്യക്തമാക്കുന്നു. പച്ചക്കറികളുടെയും പഴങ്ങളുടെയും കാര്യത്തിൽ കർഷകർക്ക് കിട്ടുന്ന വിഹിതം ഇതിലും കുറവാണ്. പച്ചക്കറികൾക്ക് 39%വും, പഴങ്ങൾക്ക് 34%വുമാണ് കർഷകരുടെ വിഹിതം. പച്ചക്കറികളുടെ കാര്യത്തിൽ ഇടനിലക്കാരുടെ വിഹിതം 29.5 ശതമാനവും, പഴങ്ങളുടെ കാര്യത്തിൽ 46.5 ശതമാനവുമാണ്. കാർഷിക വിപണന സംവിധാനങ്ങളിലെ ഇടനിലക്കാരിൽ ചിലർ ഗ്രാമീണ വ്യാപാരികളാണെങ്കിൽ, മറ്റു ചിലർ ദല്ലാൾമാരും മൊത്തക്കച്ചവടക്കാരും ചില്ലറ വ്യാപാരികളും പണമിടപാടുകാരുമാണ്.

എപിഎംസി നിയമമനുസരിച്ച് കർഷകർ തിരഞ്ഞെടുക്കുന്ന സംഘടനയായ എപിഎംസിയുടെ ലൈസൻസുള്ള ഒരു കൂട്ടം വ്യാപാരികൾക്കാണ് എപിഎംസി യാർഡിൽ കർഷകർ കാർഷിക ഉല്പന്നങ്ങൾ വില്ക്കുന്നത്. കർഷകരുടെ താല്പര്യങ്ങൾ ഈ സ്ഥാപനം കുറ്റമറ്റ നിലയിൽ സംരക്ഷിക്കുന്നുവെന്ന് പറയാനാകില്ലെങ്കിലും, ലൈസൻസുള്ള വ്യാപാരികളുടെമേൽ ഈ സംവിധാനത്തിന് കുറച്ചൊക്കെ നിയന്ത്രണമുണ്ടായിരുന്നു. അതിനാൽ നിരവധി പരിമിതികൾ ഉണ്ടായിരുന്നെങ്കിലും, ഒരുപരിധിവരെ വിലനിർണ്ണയ സംവിധാനങ്ങൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ആഗോളവൽക്കരണാനന്തര കാലഘട്ടത്തിൽ എപിഎംസി യാർഡുകൾക്കുപുറമെ സ്വകാര്യ മാർക്കറ്റുകൾ സ്ഥാപിക്കാനും സർക്കാർ തീരുമാനിച്ചിരുന്നു. അത് "കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുമെന്നും നേരിട്ടുള്ളതും സ്വതന്ത്രവുമായ വിപണികളിലേക്കും സംഘടിത ചില്ലറവ്യാപാരത്തിലേക്കും പ്രവേശനം നേടാൻ അവരെ സഹായിക്കുമെന്നും അതുവഴി അസംസ്കൃത വസ്തുക്കളുടെ സുഗമമായ വിതരണം, കാർഷിക സംസ്കരണ യൂണിറ്റുകൾ, വിവര കൈമാറ്റം, നൂതന വിപണന സംവിധാനങ്ങൾ സ്വീകരിക്കൽ തുടങ്ങിയ നേട്ടങ്ങൾ കൊയ്യാൻ കഴിയുമെന്നും" അവർ വാദിച്ചു. പക്ഷേ, ആ വാദങ്ങളെല്ലാം കാപട്യമായിരുന്നു. അന്നത്തെ കോൺഗ്രസ് സർക്കാർ എപിഎംസി നിയമങ്ങൾ പരിഷ്കരിച്ച് സംഭരണത്തിന്റെ ഒരു ഭാഗം സ്വകാര്യവ്യക്തികളുടെ കൈകളിൽ ഏൽപ്പിക്കുവാനും, കരാർ കൃഷി നിയമവിധേയമാക്കുവാനും തുടക്കമിട്ടു, അതുവഴി വർദ്ധിച്ചുവരുന്ന കുത്തക അധിനിവേശത്തിന് വഴിയൊരുക്കപ്പെടുകയും ചെയ്തു. കേന്ദ്രത്തിൽ അധികാരത്തിൽ എത്തിയതിനുശേഷം ബിജെപി സർക്കാരും അതേ പാത കൂടുതൽ കാർക്കശ്യത്തോടെ പിന്തുടർന്നു. തത്ഫലമായി കർഷകരുടെ അവസ്ഥ വളരെ പരിതാപകരമാവുകയുംചെയ്തു. ഇപ്പോൾ പുതിയ ദേശീയ കാർഷിക വിപണന നയ ചട്ടക്കൂടിലൂടെ അരി, ഗോതമ്പ്, പരിപ്പ്, പച്ചക്കറികൾ, എണ്ണക്കുരുക്കൾ, പാൽ, മാംസം തുടങ്ങിയ എല്ലാ കാർഷികോല്പന്നങ്ങളുടെയും വിപണനം സ്വകാര്യവത്കരിക്കാനുള്ള സമഗ്രമായ പദ്ധതിയാണ് കേന്ദ്ര ബിജെപി സർക്കാർ രാജ്യത്തിനുമുമ്പാകെ വയ്ക്കുന്നത്. ഇതു മാത്രമല്ല, ആധുനികവൽക്കരണത്തിന്റെ പേരിൽ എപിഎംസി വഴിയുള്ള ഇന്നത്തെ വിപണന സമ്പ്രദായം മൊത്തത്തിൽ ബഹുരാഷ്ട്ര കമ്പനികൾക്ക് കൈമാറാനാണ് അവർ ശ്രമിക്കുന്നത്. കൂടാതെ, ഏകദേശം 29000ത്തോളം വരുന്ന വിശാലമായ ഗ്രാമീണ വിൽപ്പനകേന്ദ്രങ്ങളുടെ പ്രവർത്തനത്തെപോലും നിയന്ത്രിക്കാൻ അവർ പദ്ധതിയിടുന്നു. അതായത് കാർഷിക വിപണന സമ്പ്രദായം പൂർണമായും സ്വകാര്യവൽക്കരിക്കുക എന്നാണ് അതിനർത്ഥം.

കാർഷിക വിപണന സംവിധാനങ്ങളുടെ സ്വകാര്യവൽക്കരണമാണോ കർഷകർ ആവശ്യപ്പെടുന്നത്? അല്ല. സ്വകാര്യവൽക്കരണം തങ്ങളുടെ ജീവിതം തകർക്കുകയാണെന്ന് അവർക്കറിയാം. കാർഷിക സാമഗ്രികളുടെ-വളം, വിത്ത്, കീടനാശിനി മുതലായവ-കാര്യത്തിൽ സ്വകാര്യവൽക്കരണത്തിന്റെ അനുഭവം എന്താണ്? അവയുടെയെല്ലാം വില ഫലത്തിൽ കർഷകർക്ക് താങ്ങാനാകാത്ത വിധം ഉയർന്നു. ബഹുരാഷ്ട്ര സ്രാവുകൾ തങ്ങളുടെ സുഹൃത്തുക്കളല്ലെന്ന് കർഷകർക്ക് നന്നായി അറിയാം. ലാഭാർത്തി പെരുത്ത ഇക്കൂട്ടർക്ക് സൂപ്പർ ലാഭം അല്ലാതെ മറ്റൊന്നും അറിയില്ല. മുഴുവൻ വിപണന സംവിധാനങ്ങളെയും നിയന്ത്രിക്കാൻ കഴിഞ്ഞാൽ, ഇവർ കർഷകരുടെ ഉല്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുകയും സാധാരണക്കാർക്ക് അമിത വിലയ്ക്ക് വിൽക്കുകയും ചെയ്യും. കർഷകരും സാധാരണക്കാരും നശിക്കും.

ഇനി നമുക്ക് രേഖയിലെ ചില പ്രധാന കാര്യങ്ങൾകൂടി ചർച്ച ചെയ്യാം: ഒന്നാമതായി, സംസ്കരണ വ്യവസായങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരാൽ നിയന്ത്രിക്കപ്പെടുന്ന വിപണിയിലാണ് കർഷകർ ഉത്പാദിപ്പിക്കുന്ന അസംസ്കൃത വസ്തുക്കൾ പ്രവേശിക്കുന്നതെന്ന് നമുക്കറിയാം. പ്രായോഗികമായി ഈ ശക്തികളാണ് കാർഷികോല്പന്നങ്ങളുടെ വില നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. 'കർഷകർക്ക് ആദായകരമായ വില നൽകാൻ ആഗ്രഹിക്കുന്ന ഏതൊരു ഗവൺമെന്റും, ഈ ശക്തികളെ ഫലപ്രദമായി നിയന്ത്രിക്കുകയും കർഷകർക്ക് ആദായകരമായ വില നൽകാൻ അവരെ നിർബന്ധിക്കുകയും വേണം. എന്നാൽ അതിനുപകരം അവരെ ശക്തിപ്പെടുത്താനാണ് ഈ രേഖ ലക്ഷ്യംവയ്ക്കുന്നത്.

രണ്ടാമതായി, മുഴുവൻ ഭക്ഷ്യശൃംഖലാ സംവിധാനത്തിലും- കൃഷിയിടത്തുനിന്നും സംഭരണ കേന്ദ്രങ്ങളിലേക്കും ഒടുവിൽ ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങളിലേക്കും-ഒരു പൊതു-സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയാണ് പരിഷ്കരണത്തിന്റെ ഭാഗമായി നിർദ്ദേശിക്കുന്നത്. അതിനർത്ഥം, എല്ലാ ഭക്ഷ്യവസ്തുക്കളും ബഹുരാഷ്ട്ര കുത്തകകളുടെ കൈകളിൽ ഏൽപ്പിക്കാൻ നിർദ്ദേശിക്കുന്നു എന്നാണ്. അതിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നത് നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

മൂന്നാമതായി, ഈ പരിഷ്കാരങ്ങൾ നിയന്ത്രണങ്ങൾ ഇല്ലാതാക്കാൻ നിർദ്ദേശിക്കുന്നു. ഇത് സ്വകാര്യ മേഖലയെ, പ്രത്യേകിച്ച് കോർപ്പറേറ്റ് അഗ്രിബിസിനസിൽ-ഉല്പാദനം, സംസ്കരണം, വിപണനം-ഫലപ്രദമായി ആധിപത്യം സ്ഥാപിക്കാൻ അനുവദിക്കുന്നു. കോർപ്പറേറ്റുകളുടെ വ്യവസായങ്ങൾ, വ്യാപാരം, കയറ്റുമതി ചാനലുകൾ എന്നിവയ്ക്ക് ആവശ്യമുള്ളതും മതിയായ അളവിലുമുള്ള അസംസ്കൃത വസ്തുക്കളുടെ സുഗമവും നേരിട്ടുള്ളതുമായ വിതരണം ഉറപ്പാക്കാൻ, ഇടനിലക്കാരെയും വ്യാപാരികളെയും ഒഴിവാക്കിക്കൊണ്ടുള്ള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനെ (എഫ്പിഒ) ഈ സംവിധാനത്തിലെ പ്രധാന ഇടപാടുകാരായി ഇത് വിഭാവനം ചെയ്യുന്നു.

ഈ പരിഷ്കരണ നിർദ്ദേശം വൻകിട കോർപ്പറേറ്റുകളുടെ കൈകളിൽ നിയന്ത്രണം ഉറപ്പാക്കുകയും ചെറുകിട ഉൽപ്പാദകരെ പാർശ്വവത്കരിച്ച്, വിപണിയിൽ അവരുടെ വിലപേശൽ ശക്തി ഗണ്യമായി കുറയ്ക്കുകയും ചെയ്യും. തൽഫലമായി, ദശലക്ഷക്കണക്കിനു വരുന്ന ചെറുകിട വ്യാപാരികളും കട ഉടമകളും വിപണിയിൽനിന്ന് പുറത്താക്കപ്പെട്ട് പാപ്പരായി മാറും.

നാലാമതായി, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളിലൂടെ (എഫ്പിഒ) അവധിവ്യാപാരവും സ്റ്റോക്ക് മാർക്കറ്റിലേക്കുള്ള പ്രവേശനവും നിർദ്ദേശിക്കുന്നതാണ് പരിഷ്കരണ നിർദ്ദേശങ്ങൾ. ഇത് ആത്യന്തികമായി കൃഷിയുടെയും ഭക്ഷ്യ വ്യവസായത്തിന്റെയുംമേൽ കോർപ്പറേറ്റ് നിയന്ത്രണത്തിന് വഴിയൊരുക്കും. അതിന്റെ അനന്തരഫലങ്ങൾ ഭയങ്കരമായിരിക്കും. കർഷകരുടെ വർധിച്ച കടബാധ്യതയും ഉപജീവനമാർഗം തേടിയുള്ള നിർ

(ശേഷം 11–ാം പേജിൽ)

# ദേശവ്യാപകമായ പ്രക്ഷോഭത്തിന് തയ്യാറാവാൻ കർഷകരോടും കർഷക തൊഴിലാളികളോടും എഐകെകെഎംഎസ് ആഹ്വാനം

(10–ാം പേജിൽ നിന്ന്)

ബന്ധിത കുടിയേറ്റവും വർദ്ധിച്ച തൊഴിലില്ലായ്മയും കർഷക ആത്മഹത്യാ വർദ്ധനവുമായിരിക്കും ഫലം. കർഷകരുടെയും കർഷക തൊഴിലാളികളുടെയും മറ്റ് സാധാരണ ജനവിഭാഗങ്ങളുടെയും കഷ്ടപ്പാടും ദുരിതങ്ങളും പലമടങ്ങ് വർദ്ധിക്കുമെന്നാണ് അതിനർത്ഥം.

അഞ്ചാമതായി, "വിപണിയിലും വിലയിലും അപകടസാധ്യത കുറയ്ക്കുന്നതിനുള്ള ഉപകരണമായി കരാർ കൃഷി" ഇത് നിർദ്ദേശിക്കുന്നു. (അദ്ധ്യായം 10.1.1)

ഇതൊരു പുതിയ കാര്യമല്ല. ആഗോളവൽക്കരണത്തിന്റെ തുടക്കം മുതൽ ബഹുരാഷ്ട്ര കുത്തകകളുടെ വക്താക്കൾ നമ്മുടെ രാജ്യത്ത് കരാർ കൃഷി അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. ആരെല്ലാം തമ്മിലാണ് കരാർ എന്നതാണ് പ്രധാന ചോദ്യം. ഒരു വശത്ത് വമ്പിച്ച പണത്തിന്റെ ശക്തിയും സർക്കാർ സംവിധാനങ്ങളുടെമേൽ നിയന്ത്രണവുമുള്ള ഭീമാകാരന്മാരായ ബഹുരാഷ്ട്ര കമ്പനികളും മറുവശത്ത് പാവപ്പെട്ട നാമമാത്ര കർഷകരും. ബഹുരാഷ്ട്ര കമ്പനികൾ വാങ്ങലുകാരും ചെറുകിട കർഷകർ ഉത്പാദകരുമാണ്. ഇവർ തമ്മിലുള്ള കരാറുകൾ ബഹുരാഷ്ട്ര കമ്പനികൾക്ക് അനുകൂലമായി വൻതോതിൽ ചായുന്നതായാണ് കർഷകരുടെ അനുഭവം. വാസ്തവത്തിൽ, കരാറുകാരായ ബഹുരാഷ്ട്ര കമ്പനികളുടെ കൈകളിൽ കർഷകർ ബന്ദികളാകുകയാണ്. കരാർ കൃഷിയിൽ ഒരിക്കൽ കുടുങ്ങിക്കഴിഞ്ഞാൽ പിന്നെ രക്ഷപ്പെടുവാൻ ഒരു പോംവഴിയുമില്ല.

ആറാമതായി, "പ്രധാനമന്ത്രി-ഫസൽ ബീമാ യോജനയുടെ മാതൃകയിലുള്ള വില ഇൻഷ്വറൻസ് സ്കീം" ആണ് പരിഷ്കരണ നിർദ്ദേശമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത്രയധികം കൊട്ടിഘോഷിക്കുന്ന ഫസൽ ബീമാ യോജന ആരെയാണ് ഇതുവരെ സഹായിച്ചതെന്ന് പരിശോധിച്ചാൽ, കർഷകരെയല്ല ബഹുരാഷ്ട്ര കുത്തകകളെയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇക്കാര്യത്തിൽ, കർഷകരുടെ ദുഃഖം ബഹുരാഷ്ട്ര കുത്തകകൾക്ക് ചരക്കാണ്. പ്രീമിയം വരുമാന തുകയുടെ 97% തട്ടിയെടുത്ത സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾക്ക് ഈ പദ്ധതി ഒരു വരദാനമാണെന്ന് എല്ലാ റിപ്പോർട്ടുകളും സ്ഥിരീകരിക്കുന്നു. ക്ലെയിം സെറ്റിൽമെന്റ് നിരക്ക് ഇപ്പോൾ 6.61% മാത്രമാണെന്ന് വസ്തുതകൾ വെളിപ്പെടുത്തുന്നു. ചില കേസുകളിൽ തീർപ്പാക്കിയ തുക വെറും 12 രൂപയായി കുറഞ്ഞതായും വെളിപ്പെട്ടിരുന്നു. അതിനാൽ, ഈ പദ്ധതി ആഗോളവൽക്കരണ സമ്പദ്‌വ്യവസ്ഥയുടെ മറ്റൊരു ഇരുണ്ട മുഖമാണെന്നും "കർഷക-സൗഹൃദ"ത്തിന്റെ മേലങ്കി ധരിച്ച് പൊതു ഖജനാവിന്റെ ചെലവിൽ സ്വകാര്യ കമ്പനികൾക്ക് പ്രയോജനം ചെയ്യുന്നതാണ് ഇതെന്നും എളുപ്പത്തിൽ നമുക്ക് ഉപസംഹരിക്കാവുന്നതാണ്.

ചുരുക്കത്തിൽ, "കാർഷിക വിപണനത്തെക്കുറിച്ചുള്ള പുതിയ ദേശീയ നയ ചട്ടക്കൂടിന്റെ" പ്രധാന സവിശേഷതകൾ ഇവയെല്ലാമാണ്. കാർഷിക വിപണന സംവിധാനം പൂർണ്ണമായും കോർപ്പറേറ്റുകൾ ഏറ്റെടുക്കുന്നു എന്നാണ് ഇതിനർത്ഥം. എന്തായിരിക്കും ഇതിന്റെ അനന്തരഫലങ്ങൾ?

ഒന്ന്, കർഷകർ വൻതോതിൽ തകർന്നടിയുകയും ഭൂരഹിതരായി മാറുകയും ചെയ്യും. രണ്ട്, ലക്ഷക്കണക്കിന് ചെറുകിട വ്യാപാരികളും കടയുടമകളും വിപണിയിൽ നിന്ന് പുറത്താക്കപ്പെടും. മൂന്ന്, ബഹുരാഷ്ട്ര കുത്തകകൾ ഭക്ഷ്യധാന്യങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിപണി നിയന്ത്രിക്കുന്നതിന്റെ ഫലമായി വിലകൾ അങ്ങേയറ്റം കുതിച്ചുയരും. അതിന്റെ വിനാശകരമായ അനന്തരഫലങ്ങൾ നമുക്ക് എളുപ്പത്തിൽ അനുഭവപ്പെടും. കോർപ്പറേറ്റ് യജമാനന്മാരുടെ താല്പര്യങ്ങളെ സേവിക്കാൻ കേന്ദ്ര ബിജെപി സർക്കാർ ഇങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നത്.

എന്നാൽ, ചോര ഊറ്റുന്നവരല്ല അവസാനവാക്കെന്ന് ചരിത്രത്തിന്റെ താളുകളിൽനിന്ന് നമുക്കറിയാം. കോർപ്പറേറ്റുകളുടെയും അവരുടെ സേവകരുടെയും ഈ ഹീനപദ്ധതിയെ ചെറുക്കാൻ കർഷകരും സാധാരണക്കാരും അവസാനംവരെ പോരാടുക തന്നെ ചെയ്യും. ഡൽഹി അതിർത്തിയിൽ അവർ തങ്ങളുടെ ശക്തിതെളിയിച്ചതാണ്. ആവശ്യമെങ്കിൽ രാജ്യവ്യാപകമായ കർഷക പ്രക്ഷോഭം സംഘടിപ്പിച്ച് അവർ അത് വീണ്ടും തെളിയിക്കുമെന്ന് ഉറപ്പാണ്. "ഭക്ഷ്യവസ്തുക്കളുടെയും മറ്റ് അവശ്യവസ്തുക്കളുടെയും ബിസിനസ്സിൽ നിന്ന് മുതലാളിമാരെ പുറത്താക്കി, ഉടനടി സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തുക" എന്നതാണ് അവരുടെ വ്യക്തമായ ആവശ്യം.

ഇതിനായി സബ്സിഡി എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, അത് സർക്കാർ നൽകണം. കാരണം, ഒരു പരിഷ്കൃത ഗവൺമെന്റിന്റെ പ്രാഥമിക ദൗത്യം അതിന്റെ പൗരന്മാരെ പോറ്റുക എന്നതാണ്, അല്ലാതെ മുതലാളിത്ത വ്യവസായ പ്രമുഖരുടെ സൂപ്പർ ലാഭത്തിനുള്ള ആർത്തി പൂർത്തീകരിച്ച് കൊടുക്കലല്ല. എന്നാൽ കേന്ദ്ര സർക്കാർ ഇതിന് തയ്യാറായിട്ടില്ല. മുൻകാല കോൺഗ്രസ് സർക്കാർ ഇത് ചെയ്തില്ല, ഇപ്പോൾ കേന്ദ്രത്തിലെ ബിജെപി സർക്കാർ കാർഷിക മേഖല മുഴുവൻ കോർപ്പറേറ്റുകൾക്ക് തീറെഴുതാനായി നിലവിലെ വിപണന സംവിധാനത്തെ തകർക്കുകയാണ്.

സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തുന്നത് അസാധ്യമായ കാര്യമല്ല. ഒരു ജനപക്ഷ സർക്കാരിന് ഈ മുതലാളിത്ത വ്യവസ്ഥയിലും അത് തികച്ചും സാധ്യമാണ്. ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാൻ കേന്ദ്ര ബിജെപി സർക്കാർ നിരവധി വാദങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിപ്രകാരമാണ്: "ഒന്ന്, എംഎസ്പി നടപ്പിലാക്കാൻ വലിയ തുക വേണം. സർക്കാർ ഖജനാവ് അതിന് അനുവദിക്കില്ല. സാമ്പത്തിക പ്രതിസന്ധിയുടെ ഈ കാലത്ത്, ഇത്രയും വലിയ തുക ചെലവഴിക്കാൻ കഴിയില്ല. രണ്ട്, ഭക്ഷ്യവസ്തുക്കളും അവശ്യ വസ്തുക്കളും C2+50% നിരക്കിൽ സർക്കാർ വാങ്ങാൻ തുടങ്ങിയാൽ അവശ്യസാധനങ്ങളുടെ വില കുതിച്ചുയരും, ഇത് സാധാരണക്കാർക്ക് വലിയ പ്രശ്നങ്ങളുണ്ടാക്കും. അതിനാൽ എംഎസ്പി കൊണ്ടുവരണമെന്ന് വാദിക്കുന്നവർ, ജനവിരുദ്ധരും തൊഴിലാളി വിരുദ്ധരുമാണ്."

ഈ വാദങ്ങൾ ഓരോന്നായി നമുക്ക് പരിശോധിക്കാം: ഭക്ഷ്യവസ്തുക്കളുടെയും അവശ്യസാധനങ്ങളുടെയും വില കുതിച്ചുയരുന്നത് ജനങ്ങളുടെ ജീവിതം വലിയ ദുരിതത്തിലാക്കിയിട്ടുണ്ട്. എന്നാൽ, എന്തുകൊണ്ടാണ് ആകാശംമുട്ടെയുള്ള വിലക്കയറ്റം? എന്തുകൊണ്ടാണ് വ്യാവസായിക ഉല്പന്നങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത്? കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾ നിസ്സാര വിലയ്ക്കാണ് വിൽക്കുന്നത്. എന്നാൽ സാധാരണക്കാർ ആ ഉല്പന്നങ്ങൾ അമിതമായ വില നൽകിയാണ് വാങ്ങുന്നത്. എന്തുകൊണ്ട്? എംഎസ് പി കാരണമാണോ? ഉത്തരം അല്ല എന്നാണ്. പിന്നെ, എന്തുകൊണ്ടാണ് ആകാശംമുട്ടെ ഇത്തരത്തിൽ വിലകൾ ഉയരുന്നത്? കാരണം, എല്ലാം നിയന്ത്രിക്കുന്നത് മുതലാളിമാരാണ്, വൻ ബിസിനസ്സുകാരാണ്. ഈ സംവിധാനത്തിൽ സർക്കാർ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുന്നില്ല. എന്തുകൊണ്ടെന്നാൽ, കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും സർക്കാരുകൾക്ക് ജനാനുകൂല നിലപാടില്ല. മുതലാളിമാർ വിപണിയെ നിയന്ത്രിച്ചും വില സംവിധാനം നിയന്ത്രിച്ചും പരമാവധി ലാഭം നേടുകയാണ്. ഇതാണ് വിലക്കയറ്റത്തിന്റെ പ്രധാന കാരണം. അതുകൊണ്ട് വിലക്കയറ്റം തടയാൻ വിപണിയെ മുതലാളിമാരുടെയും ബിസിനസ്സുകാരുടെയും നിയന്ത്രണത്തിൽനിന്ന് മോചിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതിന് ബദലായി ഒന്നുമില്ല. പക്ഷെ കേന്ദ്ര ബിജെപി സർക്കാർ അതിന് തയ്യാറല്ല.

ഇനി നമുക്ക് പണത്തിന്റെ ചോദ്യത്തിലേക്ക് വരാം. സർക്കാരിന്റെ വാദം ഫണ്ടിന് ദൗർലഭ്യമുണ്ടെന്നാണ്. ഇത് ശരിയാണോ? എംഎസ്പി നടപ്പിലാക്കാൻ ധാരാളം പണത്തിന്റെ ആവശ്യമുണ്ടോ? നമുക്കത് വിമർശനാത്മകമായി പരിശോധിക്കാം.

നിലവിൽ 23 കാർഷിക ഉൽപന്നങ്ങൾക്ക് എംഎസ്പി ഏർപ്പെടുത്തുമെന്ന് കേന്ദ്ര ബിജെപി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ അവർ ഈ 23 കാർഷിക ഉല്പന്നങ്ങളും എംഎസ്പിനിരക്കിൽ വാങ്ങുകയാണെങ്കിൽ, അതിന് 10.78 ലക്ഷം കോടി രൂപ വേണ്ടിവരും. എന്നാൽ ഈ 23 ഉൽപന്നങ്ങളുടെയും മുഴുവൻ ഉല്പാദനവും വിപണനത്തിന് എത്തില്ല എന്നതാണ് വസ്തുത. കാരണം, ഒന്ന്, ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഒരു ഭാഗം കർഷകർ തന്നെ ഉപയോഗിക്കുന്നു. രണ്ട്, ഉൽപന്നത്തിന്റെ ഒരു ഭാഗം അടുത്ത വർഷത്തെ ഉൽപാദനത്തിനായി വിത്തുകളായി സൂക്ഷിക്കുന്നു. മൂന്ന്, ഒരു ഭാഗം കാലിത്തീറ്റയായി ഉപയോഗിക്കുന്നു.

വിപണനത്തിന് എത്തുന്ന കാർഷികോൽപ്പന്നങ്ങളുടെ ഭാഗം എത്രയെന്ന് താഴെ കൊടുത്തിരിക്കുന്നു:

| | |
|---|---|
| ഗോതമ്പ് | : 75 % |
| അരി | : 80 % |
| കരിമ്പ് | : 85 % |
| പരിപ്പ് | : 90 % |
| പരുത്തി & ചണം | : 95 % |

മൊത്തത്തിൽ 75 ശതമാനം കാർഷികോല്പന്നങ്ങളും വിപണനയോഗ്യമാണെന്ന് കരുതുകയാണെങ്കിൽ, അത് വാങ്ങാൻ 8 ലക്ഷം കോടി രൂപ വേണം.

ഈ 8 ലക്ഷംകോടി രൂപയിൽനിന്ന് നമ്മൾ കരിമ്പിന്റെ വില ഒഴിവാക്കണം. കാരണം, പഞ്ചസാര ഫാക്ടറി ഉടമകളാണ് കരിമ്പ് വാങ്ങുന്നത്. അതിനാൽ അവർ കർഷകർക്ക് പണം നൽകണം. പണം നൽകുന്നതിന്റെ മുഴുവൻ സംവിധാനവും സർക്കാർ മേൽനോട്ടത്തിലായിരിക്കണം.

വീണ്ടും, സർക്കാർ മുഴുവൻ പരുത്തിയോ ചണമോ വാങ്ങേണ്ടതില്ല. മൊത്തം ഉൽപ്പാദനത്തിന്റെ 50% വാങ്ങിയാൽ മതിയാകും. കാരണം, അതിന്റെ വിപണി പ്രഭാവം വളരെ വലുതായിരിക്കും. അതിനാൽ, ചണത്തിന്റെയും പരുത്തിയുടെയും മൊത്തം ഉൽപാദനത്തിന്റെ അമ്പതുശതമാനവും C2+50% നിരക്കിൽ വാങ്ങുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചാൽ, ബാക്കിയുള്ള ഉല്പന്നങ്ങൾക്ക് കർഷകർക്ക് ലാഭകരമായ വില ലഭിക്കുകയും ചെയ്യും.

സർക്കാർ വാങ്ങുന്ന ഭക്ഷ്യവസ്തുക്കളും അവശ്യവസ്തുക്കളും എന്ത് ചെയ്യും? സർക്കാർ കുറഞ്ഞ നിരക്കിൽ സാധാരണക്കാർക്ക് വിൽക്കും. ഈ പ്രക്രിയയിലൂടെ സർക്കാർ ഖജനാവിന് വലിയ നേട്ടമുണ്ടാകും. വിലക്കയറ്റം ജനങ്ങളെ ബാധിക്കുകയുമില്ല.

ഈ കാര്യങ്ങളെല്ലാം ഒരുമിച്ച് പരിഗണിച്ചാൽ, എംഎസ് പി നടപ്പിലാക്കുന്നതിന് എത്ര പണം വേണ്ടിവരും? ഇപ്പോഴത്തെ ചെലവിനെക്കാൾ പരമാവധി 2 ലക്ഷം കോടി രൂപ. ഈ തുച്ഛമായ തുക ചിലവഴിക്കുന്നതിലൂടെ സർക്കാരിന് കർഷകരെയും സാധാരണക്കാരെയും പട്ടിണിയിൽ നിന്നും കടക്കെണിയിൽ നിന്നും രക്ഷിക്കാനാകും.

അതിനാൽ, ഫണ്ടിന്റെ ദൗർലഭ്യം എന്നത് ഒരു വാദമായി അംഗീകരിക്കാനാവില്ല. ഫണ്ടിന്റെ ദൗർലഭ്യമുണ്ടെങ്കിൽ, ബഹുരാഷ്ട്ര കമ്പനികൾക്കായി സർക്കാരിന് എങ്ങനെയാണ് വലിയ തുക ചെലവഴിക്കാൻ കഴിയുന്നത്? കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ബഹുരാഷ്ട്ര കുത്തകകളുടെ 15 ലക്ഷം കോടി രൂപ സർക്കാർ എഴുതിത്തള്ളിയിരിക്കുകയാണ്. അപ്പോൾ, ഫണ്ടിന്റെ ദൗർലഭ്യമല്ല, ജനങ്ങളോടുള്ള മനോഭാവമാണ് പ്രധാന കാരണം. കോൺഗ്രസ് നേതൃത്വത്തിലുണ്ടായിരുന്ന മുൻ സർക്കാരിനെപ്പോലെ ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരും ജനങ്ങൾക്കുവേണ്ടിയല്ല, ഒരു പിടിബഹുരാഷ്ട്രകുത്തകകൾക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. അതാണ് കാര്യം.

വാസ്തവത്തിൽ "സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിങ്ങിന്" രണ്ട് വശങ്ങളുണ്ട്. ഒന്നാമത്തേത്, കർഷകരിൽനിന്ന് സർക്കാർ നേരിട്ട് C2+50% നിരക്കിൽ കാർഷികോൽപ്പന്നങ്ങൾ വാങ്ങലാണ്– അതായത് എംഎസ്പി നടപ്പിലാക്കലാണ്. രണ്ടാമത്തേത്, പൊതുവിതരണ സമ്പ്രദായം വഴി സർക്കാർ ആ ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യവസ്തുക്കളും സാധാരണക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് വിൽക്കലാണ്.

പക്ഷേ, ഈ ജനോപകാരപ്രദമായ "സ്റ്റേറ്റ് ട്രേഡിംഗ് " എന്ന നയം നടപ്പിലാക്കാൻ, സർക്കാർ മുതലാളിമാരെയും ബഹുരാഷ്ട്ര കുത്തകകളെയും, ഭക്ഷ്യവസ്തുക്കളുടെയും അവശ്യവസ്തുക്കളുടെയും വ്യാപാരമേഖലയിൽനിന്ന് പുറത്താക്കേണ്ടതുണ്ട്. എന്നാൽ എന്നത്തേയുംപോലെ സർക്കാരുകൾ നേരെ മറിച്ചാണ് ചെയ്യുന്നത്. കാർഷിക-ഭക്ഷ്യ മേഖലയെ പൂർണ്ണമായി ബഹുരാഷ്ട്ര കമ്പനികൾക്ക് കൈമാറാനാണ് അവർ ശ്രമിക്കുന്നത്.

കേന്ദ്ര ബിജെപി സർക്കാരിന്റെ ഈ ഹീനമായ പദ്ധതിയെ പരാജയപ്പെടുത്താൻ കർഷകരും മുഴുവൻ ജനങ്ങളും വീണ്ടും അവസരത്തിനൊത്ത് ഉയരുമെന്നും അവസാനംവരെ പോരാടുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്. " നമ്മൾ പോരാടും, നമ്മൾ വിജയിക്കും." ■

## കെറെയിൽ സിൽവർലൈൻ പദ്ധതി

# മാടപ്പള്ളി അനിശ്ചിതകാല സത്യാഗ്രഹം 1000 ദിവസം; കോട്ടയത്ത് പോരാളികളുടെ സംഗമം

**കെ** റെയിൽ സിൽവർലൈൻ പദ്ധതി പിൻവലിക്കുക, സമരംചെയ്ത ജനങ്ങൾക്കുമേൽ ചുമത്തിയിട്ടുള്ള കള്ളക്കേസുകൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കോട്ടയം ജില്ലയിലെ മാടപ്പള്ളിയിൽ നടന്നുവരുന്ന അനിശ്ചിതകാലസത്യാഗ്രഹം1000ദിവസംപൂർത്തിയാക്കിയ ജനവരി 13ന് കോട്ടയം കളക്ടേറ്റിനുമുന്നിൽ പോരാളികളുടെ സംഗമം നടന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. എംപിമാരായ ആന്റോ ആന്റണി, ഫ്രാൻസിസ് ജോർജ്ജ്, കെ.സി.ജോസഫ്, ഫാ.വി.എം. മാത്യു തുടങ്ങി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കളും കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ്, ജനറൽ കൺവീനർ എസ്.രാജീവൻ, സംസ്ഥാന രക്ഷാധികാരികൾ കെ.ശൈവപ്രസാദ്, എം.ടി.തോമസ്, ജോസഫ് എം.പുതുശ്ശേരി, ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, വി.ജെ.ലാലി, മിനി കെ. ഫിലിപ്പ്, ചന്ദ്രാംഗദൻ മാടായി, ശിവദാസൻ മഠത്തിൽ, റ്റി.സി. രാമചന്ദ്രൻ, വിനു കുര്യാക്കോസ്, ഫിലിപ്പ് വർഗ്ഗീസ് തുടങ്ങി സമരസമിതി നേതാക്കളും പ്രസംഗിച്ചു. സമരസംഗമത്തെ തുടർന്നുനടന്ന സംസ്ഥാനസമിതിയോഗം ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. ■




പോരാളികളുടെ സംഗമത്തിൽ ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന പ്രസിഡന്റ് ഡോ.എം.പി.മത്തായി പ്രസംഗിക്കുന്നു.




നിർമ്മാണ തൊഴിലാളികളുടെ 15 മാസത്തെ പെൻഷൻ കുടിശ്ശിക ഉടൻ വിതരണം ചെയ്യുക, മറ്റ് ആനുകൂല്യങ്ങളും ഉടൻ വിതരണം ചെയ്യുക,നിർമ്മാണ തൊഴിലാളികളെ ഇഎസ്ഐ പദ്ധതിയിൽ ഉൾപ്പെടുത്തുക, നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് നിർമ്മാണ തൊഴിലാളി ട്രേഡ് യൂണിയൻ ഐക്യ സമിതി ആലുവയിൽ നടത്തിയ സംസ്ഥാന കൺവൻഷനിൽ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു.



ചെല്ലാനം മറുവക്കാട് പാടശേഖരത്തിൽ ഓരുവെള്ളം കയറിയതിനെത്തുടർന്നുണ്ടായനാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് നടന്ന കോടത്തുരുത്ത് പഞ്ചായത്ത് ഓഫീസ് മാർച്ച് സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു

### രാഷ്ട്രീയ വിശദീകരണ യോഗം...




കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനയങ്ങൾക്കെതിരെ ബഹുജന പ്രക്ഷോഭം കെട്ടിപ്പടുക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് കൂത്താട്ടുകുളത്ത് നടന്ന രാഷ്ട്രീയവിശദീകരണയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു.




മോദി സർക്കാരിന്റെ കർഷകവിരുദ്ധ ദേശീയ കാർഷിക വിപണന നയരേഖയ്ക്കെതിരെ തൊടുപുഴയിൽ എഐകെകെഎംഎസിന്റെ നേതൃത്വത്തിൽ നടന്ന ധർണ

### നവോത്ഥാന സന്ദേശ യാത്ര

# കുമാരനാശാൻ ഉയർത്തിപ്പിടിച്ച ആധുനിക മൂല്യങ്ങൾ സ്വാംശീകരിച്ച് പുതിയ തലത്തിലേക്ക് ഉയർത്തുക

*(7-ാം പേജിൽ നിന്ന്)*

വർക്കായാണ് ആശാൻ എഴുതിയത്. സാമൂഹ്യ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സാമ്പത്തിക സ്വാതന്ത്ര്യം ആവശ്യമാണെന്ന് ആശാന് അറിയാമായിരുന്നു. സ്ത്രീയും പുരുഷനും ഒന്നിച്ച് അദ്ധ്വാനിക്കണമെന്ന ആശയം കൃതികളിലൂടെ ആശാൻ അവതരിപ്പിച്ചു. ആശാൻ മുന്നോട്ടുവെച്ച ഇത്തരം കാഴ്ചപ്പാടുകളെ സ്വാംശീകരിക്കാനും സംരക്ഷിക്കാനുമാണ് ഈ യാത്ര, എം.ആർ.തമ്പാൻ പറഞ്ഞു. മധു ഇറവങ്കര അധ്യക്ഷത വഹിച്ചു.

മലയാളിയെ മനുഷ്യനാക്കിയ കേരള നവോത്ഥാനമെന്ന സാമൂഹ്യ വിപ്ലവത്തിന്റെ പ്രധിനിധിയാണ് കുമാരനാശാൻ എന്ന് ആചരണ സമിതിയുടെ സംസ്ഥാന കൺവീനർ കൂടിയായ പ്രൊഫ. കെ.പി.സജി പറഞ്ഞു. ആലപ്പുഴ നഗര ചത്വരത്തിൽ നൽകിയ സ്വീകരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 19-ാം നൂറ്റാണ്ടുവരെയുള്ള കേരളം അന്ധകാരനിബിഡമായിരുന്നു. ജാതീയവുംസാമൂഹികവുമായ കെട്ടുപാടുകളാൽ ചുറ്റപ്പെട്ട സമൂഹമായിരുന്നു അത്. ആവ്യവസ്ഥയ്ക്ക് അറുതിവരുത്തിയാൽ മാത്രമേ ആധുനിക സമൂഹം രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അത്തരം ഒരു ലക്ഷ്യത്താൽ ശ്രീനാരായണഗുരു നയിച്ച കേരള നവോത്ഥാനത്തിന്റെ ആശയങ്ങളെ കാവ്യലോകത്ത് പ്രകാശിപ്പിക്കുകയും അത് സാമൂഹ്യ വിപ്ലവത്തിനായി പരിവർത്തനപ്പെടുത്തുകയും ചെയ്തു എന്നുള്ളതാണ് ചരിത്രത്തിൽ ആശാന്റെ പ്രാധാന്യം. നവോത്ഥാന മാനവവാദ ദർശനങ്ങളുടെ കാല്പനികമായ ആവിഷ്കാരത്തിലൂടെ കാവ്യഭാവുകത്വത്തെ നവീകരിക്കുകയും ആധുനിക കേരളത്തിന് അടിത്തറയൊരുക്കുന്ന സാമൂഹികപരിഷ്കരണദൗത്യം തുല്യപ്രാധാന്യത്തോ ടെ ഏറ്റെടുക്കുകയും ചെയ്ത നവോത്ഥാന കവിയായിരുന്നു കുമാര നാശാൻ എന്ന ദ്ദേഹം കൂട്ടിച്ചേർത്തു.

അമ്പലപ്പുഴയിലെ സ്വീകരണ സമ്മേളനം ഡോ.എം.പി.മത്തായി ഉദ്ഘാടനം ചെയ്തു. പല്ലനയിൽ സമാപനസമ്മേളനം മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. യാത്രയുടെ ഭാഗമായി കെപിഎസി(കായംകുളം) ഉൾപ്പെടെ ആറ് കേന്ദ്രങ്ങളിൽ ചിന്താവിഷ്ടയായ സീത നൃത്തനാടകം അവതരിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ സാംസ്കാരിക മനസ്സിനെ തൊട്ടുണർത്തിക്കൊണ്ടാണ് നവോത്ഥാന സന്ദേശയാത്ര കടന്നുപോയത്. വിദ്യാർത്ഥികളും അധ്യാപകരും യുവാക്കളും സ്ത്രീകളും തൊഴിലാളികളും സാമൂഹ്യസാംസ്കാരികപ്രവർത്തകരുമുൾപ്പെടെ ജീവിതത്തിന്റെ വ്യത്യസ്തതുറകളിൽപ്പെട്ട നൂറുകണക്കിനാളുകൾ നവോത്ഥാന സന്ദേശയാത്രയുടെ ഭാഗമായി. നവോത്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കർത്തവ്യങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകാൻ പ്രതിജ്ഞയെടുത്തുകൊണ്ടാണ് യാത്ര സമാപിച്ചത്. ■



പല്ലന കുമാരകോടിയിൽ നവോത്ഥാന സന്ദേശയാത്രയുടെ സമാപനസമ്മേളനം സദസ്സ്




നവോത്ഥാന സന്ദേശ യാത്ര അമ്പലപ്പുഴയിൽ

Volume: 51 No: 10 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.